## എഡിറ്റോറിയൽ

# പൂർണ്ണതയിലേക്ക് മുന്നേറുക



'..എനിക്കു കിട്ടിക്കഴിഞ്ഞുവെന്നോ ഞാൻ പരിപൂർണ്ണനായെന്നോ അർത്ഥമില്ല. ക്രിസ്തുയേശു എന്നെ എന്തിനായി പിടിച്ചുവോ അതു തന്നെ എനിക്കും പിടിക്കാമോ എന്നുവച്ചു ഞാൻ പൂർണ്ണതയിലേക്ക് മുന്നേറുകയാണ്' (ഫിലിപ്യർ 3:12 NASB)

പൗലൊസിന്റെ പ്രസിദ്ധമായ വാക്കുകൾ!

'പൂർണത'യെന്ന പ്രയോഗം ഇന്നു പലരേയും എന്നപോലെ പൗലൊസിനെ ഭയപ്പെടുത്തുന്നില്ല. അദ്ദേഹത്തെ സംബന്ധിച്ചു ക്രിസ്തീയജീവിതം മൊത്തത്തിൽ പൂർണ്ണതയിലേക്കുള്ള മുന്നേറലാണ് (Pressing on to Perfection) ക്രിസ്തുയേശു എന്തുദ്ദേശ്യത്തോടെ തന്നെ പിടിച്ചുവോ ആ ലക്ഷ്യം തനിക്കും കൈപ്പിടിയിലൊതുക്കാൻ കഴിയുക എന്നതാണ് പൗലൊസിനെ സംബന്ധിച്ചു പൂർണ്ണത. ആ ലാക്കിലേക്ക് ഓരോനാൾ കഴിയുന്തോറും ഓരോ ചുവടുകൂടി അടുത്തുചെല്ലുന്നതാണു ഉന്നതവിളിയുടെ വിരുതിലേക്കുള്ള ഓട്ടം. തുടർന്ന് 'നമ്മിൽ തികഞ്ഞവർക്കൊക്കെ (Perfect) ഈ മനോഭാവം ഉണ്ടായിരിക്കട്ടെ' (3:14) എന്നും പൗലൊസ് പറയുന്നു. പൂർണ്ണതയിലേക്ക് മുന്നേറുന്ന താനുൾപ്പെടെയുള്ളവരെയാണു 'തികഞ്ഞവർ' (Perfect) എന്നു പൗലൊസ് ഇവിടെ വിശേഷിപ്പിക്കുന്നത്. പരിപൂർണതയിലേക്ക് മുന്നേറുന്നതിനെത്തന്നെ തികഞ്ഞ പ്രവൃത്തിയായി പൗലൊസ് കാണുന്നു എന്നല്ലേ ഇതിന്റെ അർത്ഥം?

പൗലൊസിന്റെ ഈ ചിന്തയുടെ വെളിച്ചത്തിൽ നോക്കിയാൽ ക്രിസ്തുയേശു നമ്മെ എന്തുദ്ദേശ്യത്തോടെ പിടികൂടിയോ ആ ലക്ഷ്യം ജീവിതം കൊണ്ട് നാമും പിടിക്കുക-ഇതാണു നമ്മെക്കുറിച്ചുള്ള ദൈവഹിതത്തിന്റെ പൂർണ്ണത. ഈ പ്രവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നതാണു ജീവിതസാക്ഷാത്ക്കാരം.

പലരും കരുതുന്നത് ദൈവത്തിനു വേണ്ടി ചിലതു പ്രവർത്തിക്കുവാൻ വേണ്ടിയാണു ദൈവം നമ്മെ പിടിച്ചിരിക്കുന്നതെന്നാണ്. എന്നാൽ നമ്മുടെ പ്രവൃത്തികൾക്കപ്പുറത്തു നമ്മുടെ ജീവിതത്തെതന്നെയാണു ദൈവം ഉന്നം വച്ചിരിക്കുന്നത്. 'എന്തു ചെയ്യുന്നു' എന്നതിനേക്കാൾ 'എങ്ങനെ ചെയ്യുന്നു' എന്നതാണു ദൈവത്തിനു പ്രധാനം. നാം എന്തു സന്ദേശം പറയുന്നു എന്നതിനേക്കാൾ നമ്മുടെ ജീവിതം നൽകുന്ന സന്ദേശം എന്താണെന്നു ദൈവം നോക്കുന്നു.

ദൈവത്തിന്റെ ആഗ്രഹം ഇതാണ്:'വക്രതയും കോട്ടവുമുള്ള തലമുറയുടെ നടുവിൽ നിങ്ങൾ നിർദ്ദോഷരും നിഷ്ക്കളങ്കരുമായിത്തീർന്ന് ദൈവത്തിന്റെ തികഞ്ഞ മക്കളാവട്ടെ (Perfect children). എല്ലാം പിറുപിറുപ്പും വാദവും കൂടാതെ ചെയ്തു നിങ്ങൾ അവർക്കു ജീവിതത്തിന്റെ സന്ദേശം നൽകുമ്പോൾ (Offer them the message of life)ആകാശത്തിലെ നക്ഷത്രങ്ങളെപ്പോലെ നിങ്ങൾ അവരുടെ ഇടയിൽ പ്രകാശിക്കുന്നു' (ഫിലിപ്യർ 2:14,15)

അതേ, ദൈവത്തിന് ഈ തലമുറയിൽ വേണ്ടത് നിർദ്ദോഷരും നിഷ്ക്കളങ്കരുമായി പൂർണ്ണരായ മക്കളെയാണ്. എല്ലാം പിറുപിറുപ്പം വാദവും കൂടാതെ ചെയ്ത് തങ്ങളുടെ ജീവിതത്തിൽ നിന്നുള്ള സന്ദേശം ഈ തലമുറയ്ക്കു നൽകുന്നവർ. ദൈവത്തിനായി ചില പ്രവൃത്തികൾ കാഴ്ചവയ്ക്കുന്നതിനപ്പുറത്ത് ജീവിതം തന്നെ ദൈവത്തിനു കാഴ്ചവയ്ക്കുന്നവർ-ഇവരാണ് ആകാശത്തിലെ ജ്യോതിസ്സുകളെപ്പോലെ പ്രകാശിക്കുന്നത്.

ദൈവത്തോടുള്ള സമ്പൂർണമായ സ്നേഹത്തിലേ, ഈ മട്ടിൽ ജീവിതം പൂർണ്ണമായി ദൈവത്തിനായി നൽകുവാൻ കഴയുകയുള്ളൂ. അതുകൊണ്ടാണ് ദൈവം ഒരുവനിൽ നിന്ന് ഒന്നാമതായി പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടും കൂടെയുള്ള സ്നേഹം ആവശ്യപ്പെടുന്നത്. (മത്തായി 22:37).

ഈ ഉദാത്തമായ സ്നേഹം പത്രോസിൽനിന്ന് ഒരിക്കൽ യേശു ആവശ്യപ്പെട്ട രംഗം ശ്രദ്ധിക്കുക: ' യോഹന്നാന്റെ മകനായ ശിമോനേ നീ ഇവരിൽ അധികമായി എന്നെ സ്നേഹിക്കുന്നുവോ?' എന്നു ചോദിച്ചപ്പോൾ യേശു പത്രോസിൽ നിന്ന് സ്നേഹത്തിന്റെ ഏറ്റവും ഉയർന്ന അളവാണ് (Agape love) ആവശ്യപ്പെട്ടത്. എന്നാൽ പത്രോസ് തന്റെ ഹൃദയത്തിലേക്ക് നോക്കിയ ശേഷം സത്യസന്ധമായി മറുപടി നൽകി: 'ഇല്ല കർത്താവേ, എനിക്ക് ആ നിലയിലുള്ള ഏറ്റവും ഉന്നതമായ സ്നേഹമില്ല. അതിന് ഒരു പടി താഴെ നില്ക്കുന്ന പ്രിയമേ എനിക്കുള്ളൂ' രണ്ടാമതും യേശു 'യോഹന്നാന്റെ മകനായ ശിമോനേ, നീ എന്നെ സ്നേഹിക്കുന്നുവോ' എന്നു ചോദിച്ച് അവനെ ഉദാത്തമായ സ്നേഹത്തിലേക്കു കയറിവരുവാൻ ഉത്സാഹിപ്പിക്കുകയാണ്. മൂന്നാമത് പത്രോസിന്റെ സ്നേഹത്തിന്റെ അളവിലേക്ക് ഇറങ്ങിച്ചെന്ന് 'നിനക്ക് എന്നോടു പ്രിയമുണ്ടോ?' എന്നാണു യേശുവിന്റെ ചോദ്യം (യോഹന്നാൻ 21:15-17). ഈ ഭാഗം ശ്രദ്ധിച്ചുവായിച്ചാൽ സ്നേഹത്തിന്റെ തലത്തിൽ മുന്നോട്ട് ആയുവാനാണ് പത്രോസിനെ യേശു ഓരോ ഘട്ടത്തിലും ഉത്സാഹിപ്പിച്ചതെന്നു കാണാം.

പരിശോധനകളുടെ മധ്യത്തിൽ പതറിപ്പോകാത്ത, തന്നോടുള്ള അചഞ്ചലവും ഉദാത്തവുമായ, സ്നേഹം ലക്ഷ്യമാക്കിയാണ് പത്രോസിനെ യേശു പിടിച്ചത്. ആ ലക്ഷ്യം തന്നെ പത്രൊസും പിടിക്കണം-അതായിരുന്നു യേശുവിന്റെ ആഗ്രഹം. ആ ദൈവഹിതത്തിന്റെ പൂർണ്ണതയിലേക്ക് ആയുവാൻ, മുന്നേറിവരുവാൻ, പത്രൊസിനെ ആഹ്വാനം ചെയ്തശേഷമാണ് 'എന്റെ ആടുകളെ മേയ്ക്ക' എന്ന ദൗത്യം യേശു നൽകുന്നത് എന്നതും ശ്രദ്ധേയമാണ്.

ജീവിതമാണു ശുശ്രൂഷയെക്കാൾ പ്രധാനം. ഉദാത്തമായ സ്നേഹത്തോടെ അർപ്പിക്കപ്പെട്ട ജീവിതത്തിൽ നിന്നുത്ഭവിക്കുന്നതാകണം പ്രവൃത്തി. ജീവിതത്തിൽ നിന്നുള്ള സ്നേഹത്തിന്റെ സ്വാഭാവികമായ കവിഞ്ഞൊഴുക്കാകണം ശുശ്രൂഷ.

സ്നേഹത്തിന്റെ അപ്പോസ്തലനായ യോഹന്നാൻ, തന്റെ ലേഖനത്തിൽ സ്നേഹത്തിന്റെ മുൻഗണന, ദൈവത്തോടുള്ള യഥാർത്ഥസ്നേഹത്തിന്റെ തെറ്റിക്കൂടാത്ത തെളിവ് എന്നിവയെക്കുറിച്ച് വ്യക്തതയോടെ വിവരിക്കുന്നുണ്ട്. ഒന്നാമതു വേണ്ടത് പിതാവിനോടും പുത്രനായ യേശുവിനോടുമുള്ള സ്നേഹമാണ്. അത് മറ്റുള്ളവരോടുള്ള സ്നേഹകൂട്ടായ്മയിലേക്കു നയിക്കും. (1 യോഹന്നാൻ 1:3). ദൈവവചനം പ്രമാണിക്കുന്നതും (2:5), അന്യോന്യം സ്നേഹിക്കുന്നതും (4:12) ദൈവസ്നേഹം നമ്മിൽ തികഞ്ഞിരിക്കുന്നു എന്നതിന്റെ തെളിവുകളാണ്; ന്യായവിധിദിവസത്തിൽ നമുക്കു ധൈര്യം ഉണ്ടായിരിക്കുകയും ചെയ്യും (4:17).

ദൈവത്തോടുള്ള സമ്പൂർണ്ണമായ സ്നേഹത്തിൽ സമർപ്പിതമായ ജീവിതം ഏറ്റവും അനുഗൃഹീതമായ ഒരു ജീവിതമാണ്. നമ്മുടെ ജീവിതം ഈ മട്ടിൽ അനുഗൃഹീതമാകണം എന്ന ലക്ഷ്യത്തോടെ ദൈവം നമ്മെ പിടിച്ചിരിക്കെ, അതിനു താഴെയുള്ള ലക്ഷ്യത്തിൽ നാം നമ്മുടെ ജീവിതത്തെ തളച്ചിട്ടാൽ അത് എത്ര നിർഭാഗ്യകരമാണ്!.

യേശു എന്തിനായി നമ്മെ പിടിച്ചിരിക്കുന്നുവോ അതുതന്നെ നമുക്കും പിടിക്കണം. സ്നേഹത്തിൽ മുന്നോട്ട് ആയുന്ന വഴിയിലാണ് അതു സംഭവിക്കുന്നത്.



## സന്ദേശം

ആരും പൂർണ്ണരല്ലാത്തതിനാൽ അപൂർണ്ണത അത്രയ്ക്കു അപകടകാരിയല്ല എന്ന ചിന്തയിൽ ലോകമയത്വത്തിലും, അലസതയിലും പാപത്തിലും തങ്ങളെത്തന്നെ താരാട്ടുപാടി ഉറക്കുന്ന നിരവധി ക്രിസ്ത്യാനികളുണ്ട്. പൂർണ്ണഹൃദയത്തോടെ നമുക്ക് ദൈവത്തെ സേവിക്കാൻ കഴിയുമെന്നും ഗ്രഹിച്ചിട്ടില്ലാത്തതിനാൽ അനേകം ക്രിസ്ത്യാനികൾ ജീവിതത്തിൽ ഒട്ടും പുരോഗതി പ്രാപിച്ചിട്ടില്ല.



# പരിപൂർണ്ണരാകുവിൻ

-ആൻഡ്രു മുറേ-

"**നി**ങ്ങളുടെ യഥാസ്ഥാനത്വത്തിനായിത്തന്നേ ഞങ്ങൾ പ്രാർത്ഥിക്കുന്നു...., യഥാസ്ഥാനപ്പെടുവിൻ" (2 കൊരി. 13:9,11).

മലയാളത്തിൽ 'യഥാസ്ഥാനപ്പെടുവീൻ' എന്നു കാണുന്നതിന്റെ കുറച്ചുകൂടി അനുയോജ്യമായ പരിഭാഷ 'പരിപൂർണ്ണരാകുവീൻ' എന്നാണ്. മേൽപ്പറഞ്ഞ രണ്ടു വാക്യശകലങ്ങൾ ഒരു യഥാർത്ഥസുവിശേഷവേലക്കാരന്റെ പ്രാർത്ഥനയും പ്രസംഗവുമാണ്. എല്ലാറ്റിലും ഉപരി അവന്റെ ഹൃദയം ഈ രണ്ടു കാര്യങ്ങളിലാണ് ഉറപ്പിക്കേണ്ടത്. ഏതു സുവിശേഷപ്രസംഗകനും അനുകരണീയനായ ഒരു മാതൃകയായി നമുക്ക് പൗലൊസ് അപ്പോസ്തോലനെ കാണാൻ കഴിയും. തങ്ങൾ ആരോടു സുവിശേഷം അറിയിക്കുന്നുവോ അവരുടെ പരിപൂർണ്ണതയ്ക്കായി ഹൃദയത്തിൽനിന്നും സദാ സ്വർഗ്ഗത്തിലേയ്ക്കു പ്രാർത്ഥനയുടെ നിശ്വാസം ഉയരുന്നകാര്യത്തിൽ അവർ പൗലൊസിനെ അനുകരിക്കട്ടെ. തന്റെ എല്ലാ പ്രബോധനത്തിന്റേയും ഏക ലക്ഷ്യം അവർ യേശുക്രിസ്തുവിന്റെ പൂർണ്ണതയിലേയ്ക്കു വളരുക എന്നതായിരുന്നു എന്നും സുവിശേഷകർ ഗ്രഹിക്കട്ടെ.

'പരിപൂർണ്ണതാസിദ്ധാന്തം' ആയിരങ്ങളുടെ അന്തകനായിട്ടുണ്ടെന്ന് ആരോ പറഞ്ഞിട്ടുണ്ട്. എന്നാൽ 'അപൂർണ്ണതാസിദ്ധാന്തം' പതിനായിരങ്ങളുടെ അന്തകനാണെന്നുള്ള കാര്യം ആരും സമ്മതിക്കും. ആരും പൂർണ്ണരല്ലാത്തതിനാൽ അപൂർണ്ണത അത്രയ്ക്കു അപകടകാരിയല്ല എന്ന ചിന്തയിൽ ലോകമയത്വത്തിലും പാപത്തിലും തങ്ങളെത്തന്നെ താരാട്ടുപാടി ഉറക്കുന്ന നിരവധി ക്രിസ്ത്യാനികളുണ്ട്. പൂർണ്ണഹൃദയത്തോടെ നമുക്ക് ദൈവത്തെ സേവിക്കാൻ കഴിയുമെന്നും, പൂർണ്ണഹൃദയമാണ് പൂർണ്ണതയുള്ള വഴിയുടെ രഹസ്യമെന്നും ഗ്രഹിച്ചിട്ടില്ലാത്തതിനാൽ ധാരാളം ക്രിസ്ത്യാനികൾ ജീവിതത്തിൽ ഒട്ടും പുരോഗതി പ്രാപിച്ചിട്ടില്ല.

'ദൈവഭയത്തിൽ വിശുദ്ധിയെ തികച്ചുകൊണ്ട്', 'ക്രിസ്തുവിൽ തികഞ്ഞവരായി നിറുത്തേണ്ടതിന്', 'ദൈവഹിതം സംബന്ധിച്ച് പരിപൂർണ്ണരാകേണ്ടതിനുള്ള ദൈവവിളി അനുസരിക്കേണ്ടതിനായി നാം പ്രസംഗിക്കണം (2 കൊരി. 7:1, കൊലോ. 1:28, 4:12). ഈവിധമായ പ്രസംഗത്താൽ സഭയിൽ വിശ്വാസം സജീവമാകയും, എല്ലാ പ്രബോധനത്തിന്റെയും ലക്ഷ്യം 'പരിപൂർണ്ണത' എന്നതായിരിക്കയും, ഓരോ ദിവസവും ഈ പ്രത്യാശയിൽ ജീവിക്കുകയും ചെയ്യേണ്ടതാണ്.

**തികഞ്ഞവനല്ല, എന്നാൽ തികഞ്ഞവൻ-** ലഭിച്ചുകഴിഞ്ഞു എന്നോ തികഞ്ഞവനായി എന്നോ അല്ല....എനിക്കും അതു പിടിക്കാമോ എന്നുവച്ചു പിന്തുടരുന്നതേയുള്ളൂ....നമ്മിൽ തികഞ്ഞവരൊക്കെയും ഇങ്ങനെതന്നേ ചിന്തിച്ചുകൊൾക (ഫിലി. 3:12,15). പൂർണ്ണതയുടെ വഴിയിൽ വിവിധപടികൾ ഉണ്ട്. നാം പൂർണ്ണരായിരിക്കെത്തന്നേ പരിപൂർണ്ണതയ്ക്കായി കാത്തിരിക്കുന്നവരുമാണ്. യേശുക്രിസ്തുവിന്റെ കാര്യത്തിലും ഇതു സത്യമായിരുന്നു.

**നാം പൂർണ്ണരായിരിക്കെത്തന്നേ പരിപൂർണ്ണതയ്ക്കായി കാത്തിരിക്കുന്നവരുമാണ്. യേശുക്രിസ്തുവിന്റെ കാര്യത്തിലും ഇതു സത്യമായിരുന്നു. പാപത്തിന്റെ അപൂർണ്ണതയുടെ നിഴൽപോലും യേശുവിനെ സ്പർശിച്ചിരുന്നില്ല. ലൗകികജീവിതത്തിന്റെ ഓരോ നിമിഷവും താൻ തികഞ്ഞവൻ (പരിപൂർണ്ണൻ) ആയിരുന്നു. എന്നാൽ 'കഷ്ടാനുഭവങ്ങളാൽ അനുസരണം പഠിച്ച് തികഞ്ഞവനായിത്തീരേണ്ട' ആവശ്യവും അവിടുത്തേക്ക് ഉണ്ടായിരുന്നു.**

എബ്രായലേഖനത്തിൽ യേശു തികഞ്ഞവനായിത്തീർന്നതിനെക്കുറിച്ച് മൂന്നു പ്രാവശ്യം നാം വായിക്കുന്നു. പാപത്തിന്റെ അപൂർണ്ണതയുടെ നിഴൽപോലും യേശുവിനെ സ്പർശിച്ചിരുന്നില്ല. ലൗകികജീവിതത്തിന്റെ ഓരോ നിമിഷവും താൻ തികഞ്ഞവൻ (പരിപൂർണ്ണൻ) ആയിരുന്നു. എന്നാൽ 'കഷ്ടാനുഭവങ്ങളാൽ അനുസരണം പഠിച്ച് തികഞ്ഞവനായിത്തീരേണ്ട' ആവശ്യവും അവന് ഉണ്ടായിരുന്നു. പിതാവിനോടുള്ള വിശ്വസ്തത മുറുകെപ്പിടിച്ചുകൊണ്ട്, ഉറച്ച നിലവിളിയോടും കണ്ണുനീരോടും കൂടി സ്വന്തം ഇഷ്ടം ദൈവഹിതത്തിനായി ത്യജിച്ച് പരീക്ഷയെ അതിജീവിച്ച് യേശുവിന്റെ മാനുഷപ്രകൃതം പരിപൂർണ്ണതയിലെത്തുകയായിരുന്നു. അങ്ങനെ യേശു എബ്രായർ 7:28 ൽ പറയുന്നതുപോലെ 'എന്നേയ്ക്കും തികഞ്ഞവനായിത്തീർന്ന പുത്രനായി' നമ്മുടെ മഹാപുരോഹിതനായിത്തീർന്നു. അഭ്യാസം തികഞ്ഞവൻ എല്ലാം ഗുരുവിനെപ്പോലെയാകും (ലൂക്കോ. 6:40). യേശുവിനെക്കുറിച്ചു സത്യമായിരുന്ന ഈ വസ്തുത നമ്മുടെ അളവിൽ നമ്മേക്കുറിച്ചു സത്യമായിരിക്കുന്നു. ജഡികരായ





ക്രിസ്ത്യാനികൾക്കു മനസ്സിലാകാത്ത ദൈവത്തിന്റെ ജ്ഞാനം തികഞ്ഞവരുടെ ഇടയിൽ പ്രസ്താവിക്കുന്നതിനെപ്പറ്റി പൗലൊസ് കൊരിന്ത്യസഭയ്ക്ക് എഴുതിയിരിക്കുന്നു (1 കൊരി. 2:6, 3:1). ഫിലിപ്പിയർ 3:15 ൽ പൗലൊസ്, തികഞ്ഞവരുടെ ഗണത്തിൽ തന്നെത്തന്നെ എണ്ണുകയും ഫിലിപ്പിയവിശ്വാസികളും അതേ മനോഭാവം ഉള്ളവരായിരിക്കണം എന്ന് പ്രബോധിപ്പിക്കുകയും ചെയ്യുന്നു. തന്നെക്കുറിച്ചു തികഞ്ഞവൻ എന്നു വിശേഷിപ്പിക്കുന്നതിനോ, തികഞ്ഞവൻ പരിപൂർണ്ണതയിലേയ്ക്കു വളരേണ്ടത് ആവശ്യം ആണെന്നു കരുതുവാനോ പൗലൊസിനു യാതൊരു ബുദ്ധിമുട്ടും ഇല്ലായിരുന്നു.

ഇന്നത്തെ സഭയിൽ ഭൂരിപക്ഷം വിശ്വാസികൾക്കും പൂർണ്ണതയ്ക്കായുള്ള ദൈവികവിളിയെക്കുറിച്ച് യാതൊരു ധാരണയും ഇല്ലെന്നു പറയാം. എന്നാൽ എല്ലാവരും ഇത്തരക്കാരല്ല എന്നതിനാൽ ദൈവത്തിനു നന്ദി പറയാം! 'പരിപൂർണ്ണരാകുവിൻ' എന്നു ദൈവം പറയുമ്പോൾ താൻ പറയുന്നതു തികച്ചും അർത്ഥമാക്കുന്നു എന്നും, അത് അനുസരിക്കാൻ തങ്ങൾ സർവ്വാത്മനാ കടപ്പാടുള്ളവരാണെന്നും മറന്നുപോകാത്തവരുടെ സംഖ്യ വർദ്ധിച്ചുവരുന്നുണ്ട്. മത്തായി 5:48 ൽ കാണുന്നതുപോലെ പൂർണ്ണരായിരിക്കാനുള്ള ക്രിസ്തുവിന്റെ ആഹ്വാനം; തന്റെ ലോകത്തിലേയ്ക്കുള്ള ആഗമനം മൂലം തങ്ങളിൽ തികച്ചെടുക്കാനുള്ള പ്രവൃത്തിയെ സംബന്ധിച്ച വെളിപ്പാടായിട്ടാണ് അവർ കരുതുന്നത്. പൗലൊസ് തന്നോടൊപ്പം പരിഗണിക്കുന്ന 'തികഞ്ഞവരിൽ' മേൽപ്പറഞ്ഞവരും ഉൾപ്പെടും. അവർ പൂർണ്ണഹൃദയത്തോടെ ദൈവത്തെ അന്വേഷിക്കയും, അവനെ സേവിക്കയും ചെയ്യുന്നവരാണ്. തങ്ങളുടെ ഗുരുവിനെപ്പോലെ പൂർണ്ണരാകുവാനുള്ള ഏകലക്ഷ്യമേ അവർക്കുള്ളൂ.

**ഇന്നത്തെ സഭയിൽ ഭൂരിപക്ഷം വിശ്വാസികൾക്കും പൂർണ്ണതയ്ക്കായുള്ള ദൈവികവിളിയെക്കുറിച്ച് യാതൊരു ധാരണയും ഇല്ലെന്നു പറയാം. എന്നാൽ എല്ലാവരും ഇത്തരക്കാരല്ല എന്നതിനു ദൈവത്തിനു നന്ദിപറയാം! 'പരിപൂർണ്ണരാകുവിൻ' എന്നു ദൈവം പറയുമ്പോൾ താൻ പറയുന്നതു തികച്ചും അർത്ഥമാക്കുന്നു എന്നും, അത് അനുസരിക്കാൻ തങ്ങൾ സർവ്വാത്മനാ കടപ്പാടുള്ളവരാണെന്നും മറന്നുപോകാത്തവരുടെ സംഖ്യ വർദ്ധിച്ചുവരുന്നുണ്ട്.**

പ്രിയവായക്കാരാ! പരിപൂർണ്ണരാകാൻ കല്പിച്ച ദൈവത്തെയും, ദൈവകല്പന നീ അനുസരിക്കേണ്ടതിനായി തന്നെത്താൻ എല്പിച്ചുതന്ന യേശുക്രിസ്തുവിനെയും മുൻനിർത്തി പ്രാരംഭത്തിൽ സൂചിപ്പിച്ച ദൈവത്തിന്റെ ദാസനായ പൗലൊസിന്റെ ആഹ്വാനം ചെവിക്കൊള്ളാൻ ഞാൻ നിന്നെ ബുദ്ധിയുപദേശിക്കട്ടെ.

**കഷ്ടാനുഭവങ്ങളാൽ തികഞ്ഞവനായ ക്രിസ്തു**

സകലത്തിനും ലാക്കും സകലത്തിനും കാരണഭൂതനുമായവൻ അനേകം പുത്രന്മാരേ തേജസ്സിലേയ്ക്കു നയിക്കുമ്പോൾ അവരുടെ രക്ഷാനായകനെ കഷ്ടാനുഭവങ്ങളാൽ തികഞ്ഞവനാക്കുന്നത് യുക്തം ആയിരുന്നു (എബ്രാ.2:10). എബ്രാ. 5:8,9; 7:28 എന്നീ വാക്യങ്ങളും ശ്രദ്ധിക്കുക). യേശുക്രിസ്തു ദൈവപുത്രനായിരുന്നിട്ടും തനിക്കു തികഞ്ഞവനായിത്തീരേണ്ടത് ആവശ്യമായിരുന്നു എന്ന് വ്യക്തമായി പഠിപ്പിക്കുന്ന മൂന്നു തിരു

വചനഭാഗങ്ങളാണ് മേൽ ഉദ്ധരിച്ചിരിക്കുന്നത്. ക്രിസ്തീയപൂർണ്ണതയുടെ ആന്തരികരഹസ്യം നമുക്ക് വെളിപ്പെടുത്തിത്തരുന്നവയാണ് ഈ വാക്യങ്ങൾ. ക്രിസ്തുവിന്റെ പൂർണ്ണതയല്ലാതെ മറ്റൊരു പൂർണ്ണതയും ക്രിസ്ത്യാനിക്ക് ആഗ്രഹിക്കുവാനില്ല. കഷ്ടാനുഭവങ്ങളിലൂടെ തികഞ്ഞവനായിത്തീർന്ന കർത്താവിന്റെ ജീവിതത്തിലേയ്ക്കു കൂടുതൽ ആഴമായ ഉൾക്കാഴ്ച ലഭിക്കുന്തോറും ഒരു ക്രിസ്ത്യാനി തന്റെ വീണ്ടെടുപ്പിന്റെ അർത്ഥവും അതു മുഴുവനായും അനുഭവിക്കാനുള്ള വഴിയും വ്യക്തമായി ഗ്രഹിക്കും.

പാപസംബന്ധമായി എന്തെങ്കിലും, കുറവ് ഒരിക്കലും യേശുവിൽ ഉണ്ടായിരുന്നില്ല. ജനനം മുതൽ തന്നെ താൻ പൂർണ്ണനായിരുന്നു. എങ്കിലും തനിക്ക് തികഞ്ഞവനാകേണ്ടത് ആവശ്യമായിത്തീർന്നു. വളർച്ചപ്രാപിക്കയും ശക്തിപ്പെടുകയും വികസിക്കയും അവ്വണ്ണം പൂർണ്ണത പ്രാപിക്കയും ചെയ്യേണ്ട ഒരു മനുഷ്യപ്രകൃതം യേശുവിന് ഉണ്ടായിരുന്നു. പടിപടിയായി പിതാവ് തനിക്ക് തിരുഹിതം വെളിപ്പെടുത്തിക്കൊടുക്കുമ്പോൾ പരീക്ഷയുടെയും കഷ്ടതയുടെയും നടുവിൽ എന്തു വിലകൊടുത്തും ദൈവഹിതം മാത്രം നിറവേറ്റുവാൻ താൻ ശ്രദ്ധിക്കേണ്ടിയിരുന്നു. എബ്രായർ 6:20 ൽ കാണുന്നപ്രകാരം ഈ യേശുവാണ് നമ്മുടെ മുന്നോടിയും നേതാവും. അവന്റെ കാൽച്ചുവടുകൾ പിൻപറ്റുവാൻ നാം അഭ്യസിക്കുന്നു. അവനെപ്പോലെ 'എന്റെ ഇഷ്ടമല്ല, എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്യാനത്രേ ഞാൻ വന്നിരിക്കുന്നത്" എന്ന് നാമും പറയും. ദൈവഹിതത്തിനായും, ദൈവഹിതത്തിലും മാത്രം ജീവിക്കാൻ നാം നിർബ്ബന്ധിതരാകുന്നു. ഓരോ പരീക്ഷയിലും ഓരോ സാഹചര്യത്തിലും നാം ദൈവഹിതം കണ്ട് അതിന് സ്വയം കീഴ്പ്പെടുത്തുന്നു.

യേശു ഭൂമിയിൽ ജീവിച്ച ജീവിതത്തിന്റെ യഥാർത്ഥസ്വഭാവം തന്നേയാണു നമ്മിലും അവൻ നിലനിർത്താൻ ആഗ്രഹിക്കുന്നത്. എന്തു വില കൊടുക്കേണ്ടിവന്നാലും ദൈവഹിതത്തിൽ പൂർണ്ണരാകാനും ദൈവത്താൽ പരിപൂർണ്ണമായ ഒരു ഹിതത്തിന്റെ ഉടമയാകാനും ഉള്ള ഒരു പ്രകൃതമാണ് യേശുവിന്റെ സഹോദരന്മാരായ നമുക്ക് അവൻ നൽകുന്നത്. പിതാവായ ദൈവം ഏതുവിധം പുത്രനെ തികഞ്ഞവനാക്കിയോ അതേ പൂർണ്ണതയാൽ നമ്മേയും തികഞ്ഞവരാക്കുവാനായി യേശു നമുക്കുവേണ്ടി തികഞ്ഞവനാകുകയാണുണ്ടായത്. സ്വന്തഇഷ്ടം നിറവേറ്റുവാൻവേണ്ടി ദൈവഹിതത്തിൽനിന്നുള്ള തിരിവ് മനുഷ്യന്റെ വീഴ്ചയോടെയാണ് സംഭവിച്ചത്. ജീവനും അനുഗ്രഹവും പ്രദാനം ചെയ്യുന്ന ദൈവഹിതത്തിലേയ്ക്ക് നമ്മെ മടക്കിക്കൊണ്ടുവരാനാണു ക്രിസ്തു ഭൂമിയിലേയ്ക്കു വന്നത്. അവൻ നമ്മുടെ രക്ഷാനായകനായിത്തീരുവാൻ പിതാവ് പുത്രനെ കഷ്ടാനുഭവങ്ങളാൽ തികഞ്ഞവനാക്കേണ്ടത് ആവശ്യമുള്ളതും യുക്തവുമായ കാര്യമായിരുന്നു. യേശു സ്വന്തജഡത്തിൽ പാപത്തെ ജയിക്കുകയും, മനുഷ്യജീവിതത്തെ വികസിപ്പിച്ചെടുത്ത് പരിപൂർണ്ണതയിലേയ്ക്ക് നയിക്കുകയും ചെയ്യുന്ന വഴിയിൽ ദൈവഹിതത്തിനായി മനുഷ്യൻ വിലപ്പെട്ടതായി കരുതുന്ന എല്ലാറ്റിനേയും-സ്വന്ത ജീവനേപ്പോലും-ബലിയർപ്പിക്കുകയാണു ചെയ്തത്.

ദൈവം ക്രിസ്തുവിൽ ചെയ്ത അളവിനൊത്തവണ്ണം നമ്മെയും തികഞ്ഞവരാക്കാൻ ദൈവം ആഗ്രഹിക്കുന്നു. ദൈവഹിതം നിറവേറ്റുന്ന വഴിയിൽ നമ്മെ പരിപൂർണ്ണരാക്കാൻ; ക്രിസ്തുവിൽ ആവസിച്ച ദൈവത്തിന്റെ അത്യന്തശക്തി അനുദിനം വിശ്വാസമുള്ള ഹൃദയങ്ങളെ അന്വേഷിച്ച് കാത്തിരിക്കുന്നു-അതേ നമ്മേ പരിപൂർണ്ണരാക്കാൻ.

●



(നുറുങ്ങുവെട്ടം)

# ദൈവത്തിന്റെ ദീ... ീ... ീ...ർഘക്ഷമ

**ദൈ**വം ഓരോരുത്തർക്കും വേണ്ടി ദീർഘക്ഷമയോടെ കാത്തിരിക്കുന്നു. ഈ സത്യം ഉദാഹരിക്കാൻ പ്രശസ്ത ക്രിസ്തീയ പ്രസംഗകനായിരുന്ന ഡി. എൽ മൂഡി തന്റെ ഒരനുഭവം ഇങ്ങനെ വിവരിച്ചിട്ടുണ്ട്:

ഒരു രാത്രി പൊതുയോഗത്തിൽ ഡി. എൽ.മൂഡി മത്തായി 6:33 ആധാരമാക്കി പ്രസംഗിച്ചു. ''മുൻപേ അവന്റെ രാജ്യവും നീതിയും അന്വേഷിക്കുക. അപ്പോൾ വേണ്ടതെല്ലാം കൂട്ടിച്ചേർക്കപ്പെടും".

പ്രസംഗം കഴിഞ്ഞു മൂഡി വിശ്രമിക്കുമ്പോൾ, ഒരാൾ അദ്ദേഹത്തെ കാണാനെത്തി. അയാൾ തന്റെ കഥ മൂഡിയോട് ഇങ്ങനെപറഞ്ഞു.

"ഞാൻ ചെറുപ്പത്തിൽ ജോലി അന്വേഷിച്ചു വീട്ടിൽ നിന്നു പുറപ്പെടുമ്പോൾ ക്രിസ്തുവിൽ വിശ്വസിച്ചു രക്ഷപ്രാപിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് അമ്മ എന്നോടു സംസാരിച്ചു. പക്ഷേ ഞാൻ അന്നുപറഞ്ഞു'എനിക്കിപ്പോൾ അതേപ്പറ്റിയൊന്നും ആലോചിക്കാൻ സമയമില്ല. എനിക്കാദ്യം ജീവിക്കാൻ ഒരു തൊഴിലാണു വേണ്ടത്. അതന്വേഷിച്ചു പുറപ്പെടുകയാണു ഞാൻ' പക്ഷേ എവിടെയായിരുന്നാലും എല്ലാ ഞായറാഴ്ചയും സഭായോഗത്തിനു പോകാമെന്നു ഞാൻ അമ്മയ്ക്കു വാക്കുകൊടുത്തു.

''ഞാൻ ഈ പട്ടണത്തിൽ വന്ന് താമസം തുടങ്ങിക്കഴിഞ്ഞപ്പോൾ ഞാൻ എന്റെ പെട്ടിയിൽ അമ്മ എടുത്തുവച്ചിരുന്ന ഒരു ബൈബിൾ കാണാനിടയായി. അതെടുത്തു മറിച്ചു നോക്കിയപ്പോൾ അമ്മ ഒരു വാക്യം പ്രാധാന്യത്തോടെ എനിക്കുവേണ്ടി അടിവരയിട്ടിരിക്കുന്നതു കണ്ടു. അതു മറ്റൊന്നുമല്ല. മത്തായി 6:33 * 'മുമ്പേ അവന്റെ രാജ്യവും നീതിയും അന്വേഷിക്കുക. അതോടുകൂടെ....'

"പട്ടണത്തിൽ എത്തി ആദ്യഞായറാഴ്ച അമ്മയോടു വാഗ്ദാനം ചെയ്തതനുസരിച്ച് ഞാൻ ഒരു പള്ളിയിൽപ്പോയി. ശുശ്രൂഷകൻ അന്നുപ്രസംഗിച്ചത് മത്തായി 6:33 ആധാരമാക്കിയാണ് 'മുമ്പേ അവന്റെ രാജ്യവും നീതിയും അന്വേഷിക്കുക. അതോടുകൂടെ...' അതു വെറും ഒരു യാദൃച്ഛികതയല്ലെന്ന് എനിക്കു തോന്നി. അതുകൊണ്ട് എനിക്ക് യേശുവിൽ വിശ്വസിക്കണമെന്നുണ്ടായിരുന്നു. പക്ഷേ ഞാൻ അതു ചെയ്തില്ല. ഞാൻ സ്ഥലം വിട്ടു.

"പിറ്റേ ഞായറാഴ്ച ഞാൻ ആ പള്ളിയിൽ പോയില്ല. മറ്റൊരിടത്തു യോഗത്തിനു പോയി. പക്ഷേ അവിടെയും ശുശ്രൂഷകൻ പ്രസംഗിച്ചത് മത്തായി 6:33 അടിസ്ഥാനമാക്കിയാണ് 'മുമ്പേ അവന്റെ രാജ്യവും നീതിയും അന്വേഷിക്കുക. അതോടുകൂടെ...' ദൈവം എന്റെ പിന്നാലെ വിടാതെ കൂടിയിരിക്കുകയാണെന്ന് എനിക്കു മനസ്സിലായി. എനിക്കു വലിയ അസ്വസ്ഥത തോന്നി. പക്ഷേ പിന്നീടൊരിക്കൽ ക്രിസ്തുവിലേക്കു വരാമെന്നു ഞാൻ തീരുമാനിച്ചു.

"ചില ആഴ്ചകൾക്കുശേഷം ഞാൻ മറ്റൊരു ടൗണിൽ പോയി. ഞായറാഴ്ചയായപ്പോൾ അമ്മയോടുള്ള വാക്കു പാലിക്കാൻ ഞാൻ അവിടെകണ്ട ഒരു പള്ളിയിൽ സഭായോഗത്തിനു പോയി. അവിടുത്തെ ശുശ്രൂഷകനും പ്രസംഗിച്ചത് മത്തായി 6:33 ന്റെ അടിസ്ഥാന

*(ശേഷം പേജ് 14 ൽ)*

അനുഭവം

# പുതിയനിയമ സന്ദേശം

സാക്പുന്നൻ

**ഒ**രു സഭയായി ഞങ്ങൾ ആദ്യം കൂടി വന്ന സമയം വ്യക്തിജീവിതങ്ങളിലോ, കുടുംബജീവിതത്തിലോ ഞങ്ങൾ ജയ ജീവിതം എന്തെന്ന് അറിഞ്ഞിരുന്നില്ല. മറ്റു ക്രിസ്തീയവിശ്വാസികളെ ശ്രദ്ധിച്ചപ്പോൾ അവരും ഇതേ അവസ്ഥയിലാണെന്ന് ഞങ്ങൾ കണ്ടെത്തി. അതിനാൽ ഈ വിഷയത്തിൽ ആരുടേയും സഹായം തേടാൻ കഴിയാത്ത അവസ്ഥയായിരുന്നു. സഭയായി ഞങ്ങൾ കൂടെക്കൂടെ ഉപവസിക്കാനും പ്രാർത്ഥിക്കാനും ഈ വിഷയത്തിൽ ദൈവത്തിൽനിന്നു തന്നെ ഒരു മറുപടിക്കായി അന്വേഷിക്കാനും തുടങ്ങി. പൊതു ഒഴിവുദിവസങ്ങളെല്ലാം ഉപവാസത്തിനും പ്രാർത്ഥനയ്ക്കുമായി വേർതിരിച്ചു. ക്രമേണ അതുവരെ ഞങ്ങൾ ഒരിക്കലും ഗ്രഹിച്ചിട്ടില്ലാത്ത പുതിയ ഉടമ്പടിയെപ്പറ്റിയുള്ള സത്യങ്ങൾ ദൈവവചനത്തിൽനിന്നും ഞങ്ങൾക്ക് ദൈവം വെളിപ്പെടുത്തിത്തന്നു. ഈ സത്യങ്ങൾ ഉൾക്കൊള്ളാൻ തുടങ്ങിയപ്പോൾ വർദ്ധിച്ച അളവിൽ ഞങ്ങൾ സ്വതന്ത്രരായിത്തീരുകയും ഞങ്ങളുടെ വ്യക്തിജീവിതവും കുടുംബജീവിതവും രൂപാന്തരപ്പെടുകയും ചെയ്തു.

**അല്പകാര്യങ്ങളുടെ ദിവസം -45**

ഈ സത്യങ്ങൾ മറ്റുള്ളവരോട് അറിയിക്കാനുള്ള ഉത്തരവാദിത്വം എനിക്ക് ബോദ്ധ്യമായി. മറ്റുള്ള ക്രിസ്ത്യാനികൾ പ്രസംഗിക്കാത്ത ഈ സത്യങ്ങൾക്ക് ഊന്നൽ നൽകുവാനായി ദൈവം എന്നെ വിളിക്കുന്നതായി വ്യക്തമായി. ചുറ്റുപാടുമുള്ള ക്രിസ്തീയസമൂഹങ്ങൾ എന്തൊക്കെയാണ് പഠിപ്പിക്കുന്നതെന്ന് ഞാൻ ശ്രദ്ധിക്കുവാൻ തുടങ്ങി. ദൈവവചനം പഠിപ്പിക്കുന്ന ശുശ്രൂഷയിൽ എന്തിനാണ് ഊന്നൽ കൊടുക്കേണ്ടത് എന്ന കാര്യം ഞാൻ കണ്ടെത്തി.

**പൂർണ്ണസുവിശേഷം:** 'പൂർണ്ണസുവിശേഷം' എന്ന പ്രയോഗം ചിലപ്രസംഗങ്ങളിൽ ഞാൻ ശ്രദ്ധിച്ചു. തിരുവചനത്തിൽ എഴുതപ്പെട്ട കാര്യങ്ങളുമായി ഒത്തുനോക്കിയപ്പോൾ അവർ പ്രസംഗിക്കുന്നത് പൂർണ്ണസുവിശേഷമേ അല്ല എന്ന് ഞാൻ കണ്ടെത്തി. എബ്രായലേഖനം 4-ാം അദ്ധ്യായത്തിൽ 'മിസ്രയീം വിട്ടുപോരുന്ന' തിനെയല്ല 'കനാൻ നാട്ടിൽ' പ്രവേശിക്കുന്നതിനെയാണ് സുവിശേഷം (സദ്വാർത്തമാനം) എന്ന് വിളിച്ചിരിക്കുന്നത്. (2-ാം വാക്യം) ജയജീവിതമെന്ന ശബത്തനുഭവത്തിൽ ദൈവജനം പ്രവേശിക്കേണ്ട





താണെന്ന് 9-ാം വാക്യം പറയുന്നു. 'പാപക്ഷമ' എന്നതു പകുതി സുവിശേഷം മാത്രമാണെന്ന് ഞാൻ കണ്ടെത്തി. പൂർണ്ണസുവിശേഷം പാപത്തിന്മേലുള്ള ജയജീവിതം കൂടി ഉൾപ്പെടുന്നതാണെന്ന് വ്യക്തമാണ്. (ജഡത്തിലുള്ള മല്ലന്മാരെ തോല്പിക്കുന്ന ജീവിതം) ക്രമേണ അത്തരം ഒരു ജീവിതം എന്റെ ജീവിതത്തിൽ യാഥാർത്ഥ്യമായപ്പോൾ ഞാൻ പൂർണ്ണസുവിശേഷം പ്രസംഗിക്കാൻ തുടങ്ങി.

**അനുതാപം:** പാപക്ഷമയ്ക്കായി യേശുക്രിസ്തുവിലുള്ള വിശ്വാസം മാത്രം മതി എന്ന് അനേകം സുവിശേഷകന്മാർ പ്രസംഗിക്കുന്നു. പാപങ്ങളെ ഏറ്റുപറഞ്ഞ് ഉപേക്ഷിക്കണം എന്ന് അധികമാരും പ്രസംഗിച്ചുകേൾക്കാറില്ല. അനുതാപത്തെപ്പറ്റി പ്രസംഗിച്ചാൽ തന്നെ, സ്വാർത്ഥത (സ്വന്തം ഇഷ്ടം എപ്പോഴും നിറവേറാൻ നിർബ്ബന്ധമുള്ള സ്വയത്തിൽ കേന്ദ്രീകൃതമായ ഒരു ജീവിതം) യാണ് പാപത്തിന്റെ മൂലകാരണം എന്ന് വ്യക്തമാക്കപ്പെടുന്നില്ല. തന്മൂലം എന്തിനെയാണ് വെറുക്കേണ്ടത് എന്തിൽനിന്നാണ് മാനസാന്തരപ്പെടേണ്ടത് എന്നതിനെപ്പറ്റി കേൾവിക്കാർ അറിയുന്നില്ല. എന്തിനെക്കുറിച്ചാണ് അനുതപിക്കേണ്ടത് എന്നതിനെപ്പറ്റി ഒരു സംശയത്തിനും ഇടയില്ലാത്തവണ്ണം വ്യക്തമാക്കുകയാണ് എന്റെ വിളി എന്ന് ദൈവം വ്യക്തമാക്കിത്തന്നു.

**ശിഷ്യത്വം:** വീണ്ടുംജനനം പ്രാപിച്ച എല്ലാവരും യേശുക്രിസ്തുവിന്റെ ശിഷ്യരാകണം എന്ന് മിക്കപ്പോഴും പഠിപ്പിക്കുന്നില്ല. യേശുവ്യക്തമായിപഠിപ്പിച്ച ശിഷ്യത്വത്തിന്റെ മൂന്ന് വ്യവസ്ഥകൾ വിശദീകരിക്കപ്പെടുന്നില്ല. 1. എല്ലാ കുടുംബബന്ധങ്ങളേക്കാളും യേശുവിനെ അധികം സ്നേഹിക്കുക. 2. നാൾതോറും ക്രൂശെടുക്കുക. (സ്വയജീവിതത്തിന് മരിക്കുക). 3. തനിക്കുള്ളതെല്ലാം വിട്ടുപിരിയുക. (ഭൗതി

**സ്വാർത്ഥതയാണ് പാപത്തിന്റെ മൂലകാരണം എന്ന് ഇന്നു വ്യക്തമാക്കപ്പെടുന്നില്ല. തന്മൂലം എന്തിനെയാണ് വെറുക്കേണ്ടത് എന്തിൽനിന്നാണ് മാനസാന്തരപ്പെടേണ്ടത് എന്നതിനെപ്പറ്റി കേൾവിക്കാർ അറിയുന്നില്ല. എന്തിനെക്കുറിച്ചാണ് അനുതപിക്കേണ്ടത് എന്നതിനെപ്പറ്റി ഒരു സംശയത്തിനും ഇടയില്ലാത്തവണ്ണം വ്യക്തമാക്കുകയാണ് എന്റെ വിളി എന്ന് ദൈവം വ്യക്തമാക്കി തന്നു.**

കമായ യാതൊന്നിനോടും ഹൃദയം പറ്റിച്ചേരാതിരിക്കുക.) ലൂക്കോസ് 14:26-33. ഈ വിഷയം എന്റെ പ്രസംഗത്തിലെ ഒരു പ്രധാനപ്പെട്ട ഊന്നലായി.

**പരിശുദ്ധാത്മസ്നാനം:** പരിശുദ്ധാത്മസ്നാനത്തെപ്പറ്റി പ്രസംഗിക്കുന്ന മിക്കവാറും എല്ലാ വിഭാഗങ്ങളും അതിന്റെ ലക്ഷണം "അന്യഭാഷാഭാഷണം' ആണെന്ന് പറയുന്നു. ഈ വിധം പ്രസംഗിക്കുന്ന മിക്കവരും വാസ്തവത്തിൽ ലൗകികമനസ്സുള്ളവരും പണസ്നേഹികളുമാണെന്ന് ഞാൻ കണ്ടു. എന്നാൽ ഇതിനു വിപരീതമായി 'അന്യഭാഷാഭാഷണം' പിശാചിൽ നിന്നുള്ളതാണെന്ന് ചിലവിശ്വാസികൾക്ക് നല്ല ഉറപ്പാണ്!! ആത്മനിറവിന്റെ അടയാളം യേശുവിന്റെ സാക്ഷികളാകാനുള്ള ശക്തിയാണെന്ന് പ്രവൃത്തികൾ 1:8 പഠിപ്പിക്കുന്നു. വാക്കുകൾകൊണ്ട് സാക്ഷ്യംപറയുന്നതിനപ്പുറം ജീവിതം കൊണ്ട് യേശുവിനെ സാക്ഷിക്കാനുള്ള ശക്തിയാണ് ആത്മസ്നാനത്തിൽ ഒരുവന് ലഭിക്കുന്നത്. ആ സത്യം ഞാൻ പ്രസംഗിക്കാൻ ശ്രദ്ധിച്ചു. അന്യഭാഷയിൽ സംസാരിക്കാനുള്ള വരം ദൈവം ചിലർക്കു നൽകുന്ന ആത്മാവിന്റെ വരങ്ങളിൽ ഒന്നുമാത്രമാണ്. ഈ കാര്യത്തിലുള്ള

എന്റെ നിലപാടുമൂലം പെന്തെക്കോസ്തർ എന്നെ ബ്രദറുകാരനെന്നും, ബ്രദറുകാർ എന്നെ പെന്തെക്കോസ്തുകാരനെന്നും മുദ്രകുത്തി!! രണ്ട് വിഭാഗങ്ങളുടേയും തീവ്രവാദത്തിൽനിന്നും സമദൂരംപാലിക്കാൻ കഴിഞ്ഞതിൽ ഞാൻ സന്തുഷ്ടനായിരുന്നുതാനും.

**കരുണയും കൃപയും:** വർഷങ്ങളായി ഒരു വിശ്വാസി എന്ന നിലയിൽ കരുണയും കൃപയും ഒരേ കാര്യമാണെന്ന് ഞാൻ ധരിച്ചിരുന്നു. എന്നാൽ ഒരു ദിവസം ഞാൻ കണ്ടെത്തി 'കരുണ' പ്രാഥമികമായും പാപക്ഷമയെ സൂചിപ്പിക്കുന്നതാണെന്നും 'കൃപ' പാപത്തെ ജയിക്കാനും ജീവിതത്തിൽ നാം നേരിടുന്ന പരിശോധനകളെ നേരിടാനും ഉള്ള ദൈവശക്തിയാണെന്നും. (എബ്രാ. 4:16, റോമർ 6:14, 2 കൊരി. 12:9). ഈ 'കൃപ' യേശുക്രിസ്തുമുഖാന്തരം നമുക്ക് ലഭിച്ചു. (യോഹ. 1:7). പെന്തെക്കോസ്തുനാളിൽ മനുഷ്യരിൽ അധിവസിക്കേണ്ടതിന് പരിശുദ്ധാത്മാവ് ഭൂമിയിലേക്ക് അയയ്ക്കപ്പെട്ടതിനുശേഷം മാത്രമാണ് 'കൃപ' നമുക്ക് ലഭ്യമായത്. ഈ കാര്യവും എന്റെ പ്രസംഗങ്ങളുടെ പ്രധാന ഭാഗമായിത്തീർന്നു.

**ക്രിസ്തുവിന്റെ മനുഷ്യത്വം:** എല്ലാ ക്രിസ്ത്യാനികളും, ക്രിസ്തുവിനെ ദൈവമായി ആരാധിക്കുമ്പോൾ, വളരെ ചുരുക്കം പേർമാത്രമേ നമുക്ക് പിൻപറ്റാൻ ഒരു മാതൃക വെച്ചേച്ചുപോയ ഒരു മനുഷ്യനായും ക്രിസ്തു ജഡമെടുത്തു എന്നുള്ള തിരുവചനസത്യത്തിന് ഊന്നൽ നൽകുന്നുള്ളൂ. അതേസമയം യേശുക്രിസ്തുവിന്റെ മനുഷ്യത്വത്തിന് ഊന്നൽ നൽകുന്ന ചിലർ താൻ ഭൂമിയിലായിരുന്നപ്പോൾ ദൈവം ആയിരുന്നു എന്നുള്ള വസ്തുത നിഷേധിക്കുന്നു! ക്രിസ്തു പൂർണ്ണദൈവവും പൂർണ്ണമനുഷ്യനും ആയിരുന്നു എന്നുള്ള തിരുവചനസാക്ഷ്യം പ്രഘോഷിക്കുന്ന ക്രിസ്ത്യാനികളെ കണ്ടെത്താൻ ബുദ്ധിമുട്ടാണ്. ദൈവഭക്തി

**ഞാൻ അറിയുന്നിടത്തോളം വിവാഹത്തിന് സ്ത്രീധനം ചോദിക്കുന്ന ദുഷിച്ചപരിചയം ക്രിസ്തീയസമൂഹങ്ങളിൽ സർവ്വസാധാരണമാണ്. ഈ ദുഷിച്ച ആചാരത്തിനെതിരെ ശക്തമായി പ്രസംഗിക്കുക മാത്രമല്ല, വിവാഹം നടത്തേണ്ടിവരുമ്പോൾ വധൂവരന്മാരിൽ നിന്നും അവർ തമ്മിലോ മാതാപിതാക്കന്മാർ തമ്മിലോ പണസംബന്ധമായ കൊടുക്കൽ വാങ്ങലുകൾ നടന്നിട്ടില്ല എന്നുള്ളതിന് ഒപ്പിട്ട സർട്ടിഫിക്കറ്റുകൾ ഞാൻ വാങ്ങാറുണ്ടുതാനും.**

യുള്ള ഒരു ജീവിതത്തിന്റെ രഹസ്യം മനുഷ്യനായി പാപത്തെ ജയിച്ച ക്രിസ്തുവിനെ കണ്ടെത്തുകയാണെന്ന് ഞാൻ ഗ്രഹിച്ചു. (1 തിമൊ.3:16, എബ്രാ. 4:15,16). ഈ കാര്യവും എന്റെ പ്രസംഗത്തിന്റെ ഒരു പ്രധാന ഊന്നലായി.

**പണം:** ഞങ്ങൾ 1957 ൽ പ്രവർത്തനം തുടങ്ങിയപ്പോൾ ഇന്ന് നാം ധാരാളം കേൾക്കുന്ന 'സമ്പൽസമൃദ്ധിയുടെ സുവിശേഷം' പ്രചാരത്തിലായിരുന്നില്ല. എന്നാൽ ഇന്നത്തെ പോലെ തന്നെ മനുഷ്യർ അന്നും പണത്തെ സ്നേഹിച്ചിരുന്നു. പണത്തെ സ്നേഹിക്കുന്നവർ ദൈവദ്വേഷികളാണെന്ന് യേശുപഠിപ്പിച്ചു. (ലൂക്കോ. 16:13). അറിയപ്പെടുന്ന ഒരു ക്രിസ്തീയപ്രസംഗകനും ഈ കാര്യം പ്രസംഗിക്കുന്നതായി ഞാൻ കേട്ടില്ല. മിക്ക സഭകളും ദശാംശം കൊടുക്കാൻ തങ്ങളുടെ അംഗങ്ങളെ പഠിപ്പിക്കമാത്രമാണ് ചെയ്തിരുന്നത്. എന്നാൽ ക്രിസ്തുവിൽ നീങ്ങിപ്പോയ പഴയ ഉടമ്പടിയുടെ ഒരു അവശിഷ്ടം മാത്രമാണ് ദശാംശം എന്ന് ഞാൻ കണ്ടു. സന്തോഷത്തോടും, രഹസ്യമായും, നിർബ്ബന്ധം കൂടാതെയും കർത്താവിന് കൊടുക്കുക എന്ന സ്വാതന്ത്ര്യത്തിന്റെ പുതിയനിയമസന്ദേശം ഞാൻ





പ്രസംഗിച്ചു.

ഞാൻ അറിയുന്നിടത്തോളം വിവാഹത്തിന് സ്ത്രീധനം ചോദിക്കുന്ന ദുഷിച്ച പ്രവണതയ്ക്കെതിരേ ഇൻഡ്യയിലെ ഒരു സഭയും ശക്തമായി പ്രസംഗിച്ചിരുന്നില്ല. ഭാരതത്തിലെ സ്ത്രീകളെ തരംതാഴ്ത്തുന്ന ഈ പ്രവണത ക്രിസ്തീയസമൂഹങ്ങളിൽ സർവ്വസാധാരണമാണ്. ഈ ദുഷിച്ച ആചാരത്തിനെതിരേ ശക്തമായി പ്രസംഗിക്കുക മാത്രമല്ല, വിവാഹം നടത്തേണ്ടിവരുമ്പോൾ വധൂവരന്മാരിൽ നിന്നും അവർ തമ്മിലോ മാതാപിതാക്കന്മാർ തമ്മിലോ പണസംബന്ധമായ കൊടുക്കൽ വാങ്ങലുകൾ നടന്നിട്ടില്ല എന്നുള്ളതിന് ഒപ്പിട്ട സർട്ടിഫിക്കറ്റുകൾ ഞാൻ വാങ്ങാറുണ്ടുതാനും.

**ദേഹിയും ആത്മാവും:** അധികമൊന്നും പ്രസംഗിക്കപ്പെടാത്ത മറ്റൊരു വിഷയമായിരുന്നു ഇത്. പഴയനിയമകാലത്ത് മനുഷ്യന്റെ ദേഹിയും ആത്മാവും തമ്മിൽ ഉള്ള വ്യത്യാസത്തെപ്പറ്റി വ്യക്തമായ വെളിപ്പാടില്ലായിരുന്നു. എന്നാൽ പുതിയനിയമം ഇവ തമ്മിൽ ഉള്ള വ്യത്യാസം വ്യക്തമായി പഠിപ്പിക്കുന്നു. (എബ്രാ. 4:12) മിക്ക ക്രിസ്ത്യാനികൾക്കും ഈ വ്യത്യാസം വ്യക്തമായി അറിഞ്ഞുകൂടാത്തതുകൊണ്ട്, തന്ത്രശാലികളായ പ്രസംഗകരുടെ മനശ്ശാസ്ത്രപരമായ ചെപ്പടിവിദ്യകളാലും, പരിശുദ്ധാത്മവരങ്ങളുടെ വ്യാജമായ അനുകരണങ്ങളാലും അവർ കബളിപ്പിക്കപ്പെടുന്നു. യഥാർത്ഥത്തിൽ ദേഹീപരമായതും ആത്മീയമായതും തമ്മിലുള്ള വ്യത്യാസത്തെപ്പറ്റി ഞാൻ പ്രസംഗിക്കാൻ തുടങ്ങി.

**പ്രദേശികതലത്തിലുള്ള ക്രിസ്തുവിന്റെ ശരീരം:** തന്റെ എല്ലാ മക്കളേയും ക്രിസ്തുവിൽ ഒരു ശരീരമാക്കുക എന്നതാണ് ദൈവത്തിന്റെ ആത്യന്തികലക്ഷ്യം എന്ന് ഞാൻ വ്യക്തമായിക്കണ്ടു. പുതിയനിയമസഭ കേവലം വിശ്വാസികളുടെ ഒരു കൂടിവരവല്ല, ഒരു ശരീരമാണ്. മനുഷ്യശരീരത്തിലെന്നപോലെ സഭയാം ശരീരത്തിലും ഓരോ അവയവങ്ങളും ശരീരത്തിലെ മറ്റ് അവയവങ്ങളുമായി ബന്ധപ്പെട്ടിരിക്കയും, ഓരോ അവയവത്തിനും തനതായ പ്രവൃത്തി ഉണ്ടായിരിക്കയും ചെയ്യും. ക്രിസ്തുമാത്രം തലയായിരിക്കുകയും മറ്റെല്ലാവരും തുല്യതയുള്ള അവയവങ്ങൾ ആയിരിക്കയും ചെയ്യും. ഭൂമിയിലെ ഓരോ പ്രദേശത്തും ഇത്തരത്തിലുള്ള സഭകൾ കാണാൻ ദൈവം ആഗ്രഹിക്കുന്നു. എവിടെയൊക്കെ സാദ്ധ്യമാണോ അവിടെയെല്ലാം ക്രിസ്തുവിന്റെ ഇത്തരത്തിലുള്ള ശരീരത്തിന്റെ പണിക്കായി എന്റെ ജീവിതം ഉഴിഞ്ഞുവയ്ക്കാൻ ഞാൻ തീരുമാനിച്ചു.

**പുതിയ ഉടമ്പടി:** യേശുക്രിസ്തുവിന്റെ മരണപുനരുത്ഥാനങ്ങളിലൂടെ ദൈവം മനുഷ്യനുമായി ചെയ്ത പുതിയഉടമ്പടിയുടെ ഭാഗമാണ് മുകളിൽ പ്രസ്താവിച്ച എല്ലാ സത്യങ്ങളും. പഴയഉടമ്പടിയേക്കാൾ പുതിയ ഉടമ്പടിക്കുള്ള അത്യധികമായ മഹത്വം കാണേണ്ടതിന് വിശ്വാസികളുടെ കണ്ണ് തുറക്കപ്പെടുകാണ് ഏറ്റവും വലിയ ആവശ്യം എന്ന് ഞാൻ കണ്ടു. തന്മൂലം എന്റെ ക്രിസ്തീയശുശ്രൂഷയുടെ പ്രധാന ഊന്നൽ ഈ വിഷയമായിരുന്നു-ഇപ്പോഴും ആ ഊന്നൽ തുടരുന്നു.

എന്റെ സഹവിശ്വാസികളോട്, പ്രസംഗം, ഗ്രന്ഥങ്ങൾ, ടേപ്പുകൾ തുടങ്ങി സാദ്ധ്യമായ എല്ലാ മാദ്ധ്യമങ്ങളിലൂടെയും, ഞാൻ വിളംബരം ചെയ്യാൻ ശ്രമിച്ച ചില സുപ്രധാനദൈവികസത്യങ്ങളാണിവ. ഈ സത്യങ്ങൾ ഇൻഡ്യയിലുടനീളം പ്രചരിപ്പിക്കണം എന്നുള്ളതായിരുന്നു എന്റെ ഹൃദയഭാരം. എന്നാൽ മറ്റനേകരാജ്യങ്ങളിലേക്കും ഈ സത്യങ്ങൾ വ്യാപിപ്പിക്കുന്നത് ഉചിതമെന്ന് ദൈവം കണ്ടു.

എല്ലാ മഹത്വവും അവിടുത്തെ നാമത്തിനുമാത്രം ആയിരിക്കട്ടെ.!

## ദൈവത്തിന്റെ ദീർഘക്ഷമ *പേജ് 9 ൽ നിന്ന് തുടർച്ച*

ത്തിൽ! മീറ്റിംഗിനുശേഷം ചുറ്റും ഇരുന്ന സഭാജനങ്ങളിൽ ചിലർ എന്നെ പരിചയപ്പെട്ടു. എന്നോടു ചോദ്യങ്ങൾ ചോദിച്ചു. ഞാൻ ക്രിസ്തുവിനെ അറിഞ്ഞ ആളല്ലെന്ന് അവർക്കു മനസ്സിലായി. 'മുമ്പേ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പാൻ' അവർ എന്നോടാവശ്യപ്പെട്ടു. പക്ഷേ ഞാൻ മറുപടി പറഞ്ഞത് ഇങ്ങനെയാണ്. 'ഇല്ല. ഇപ്പോൾ ഞാൻ ക്രിസ്തുവിനെ സ്വീകരിക്കുന്നില്ല. ഇപ്പോൾ ഞാൻ അങ്ങനെ ചെയ്താൽ എനിക്ക് ആഗ്രഹമുള്ളതൊന്നും ചെയ്യാൻ എനിക്കു കഴിയുകയില്ല.' അങ്ങനെ ക്രിസ്തുവിനെ തള്ളിക്കളഞ്ഞുകൊണ്ട് ഞാൻ പുറത്തേയ്ക്കു പോയി.

'മിസ്റ്റർ മൂഡി, അതിനുശേഷം കഴിഞ്ഞ നാല്പതുവർഷമായി മുടങ്ങാതെ ഞാൻ എല്ലാ ഞായറാഴ്ചയും എവിടെയെങ്കിലുമൊക്കെ ഞാൻ സഭായോഗത്തിനു പോകുന്നു. പക്ഷേ കഴിഞ്ഞ 40 വർഷമായി ഒരിക്കൽപോലും ഞാൻ മത്തായി 6:33 ആധാരമാക്കി ഒരു പ്രസംഗം ഞാൻ പോയിടത്തെങ്ങും കേട്ടിട്ടില്ല.

"എന്നാൽ ഇന്നു രാത്രി ഞാൻ നിങ്ങളുടെ പ്രസംഗം കേൾക്കാൻ ഇവിടെ വന്നു. താങ്കൾ ഇതാ മത്തായി 6:33 ആധാരമാക്കി പ്രസംഗിച്ചിരിക്കുന്നു -'മുമ്പേ അവന്റെ രാജ്യവും നീതിയും അന്വേഷിക്കുക. അതോടുകൂടെ ഇതൊക്കെയും നിനക്കു കൂട്ടിച്ചേർക്കപ്പെടും' മിസ്റ്റർ മൂഡി, ദൈവം എന്നോട് ഇപ്പോഴും ക്ഷമിക്കുകയും എന്നെ രക്ഷിക്കുകയും ചെയ്യുമെന്നു നിങ്ങൾ കരുതുന്നുണ്ടോ?"

രക്ഷയുടെ വാതിൽ ഇപ്പോഴും തുറന്നു കിടക്കുകയാണെന്നു മൂഡി അദ്ദേഹത്തെ ബോധ്യപ്പെടുത്തി. ഒടുവിൽ അന്നു രാത്രി 40 നീണ്ടവർഷത്തിനു ശേഷം ഒരു പാപി കൂടെ രക്ഷയിലേക്കു പ്രവേശിച്ചു.

ദൈവത്തിന്റെ ദീർഘക്ഷമ 40 വർഷം ഒരുവനുവേണ്ടി കാത്തിരുന്നു; ഒരമ്മയുടെ പ്രാർത്ഥനയ്ക്കും അത്രയും നാളുകൾക്കുശേഷം മറുപടി ലഭിച്ചു!

## ദാനിയേലിന്റെ ദൈവം

**സ്**കോഫീൽഡ് ബൈബിളിന്റെ എഡിറ്ററായ സി.ഐ.സ്കോഫീൽഡ് എന്ന ദൈവഭക്തൻ തന്റെ ജീവിതത്തിൽ വലിയ മാറ്റം ഉണ്ടാക്കിയ ഒരു സംഭവം ഇങ്ങനെ വിവരിക്കുന്നു:

"ഞാൻ യേശുവിനെ എന്റെ കർത്താവായി സ്വീകരിച്ചിട്ട് ഒരാഴ്ച മാത്രം തികഞ്ഞപ്പോൾ സെന്റ് ലൂയിസ് പട്ടണത്തിലെ ഒരു കലാകേന്ദ്രം സന്ദർശിക്കാൻ ഇടയായി. അവിടെ കണ്ട മനോഹരമായ ചിത്രം ദാനിയേൽ സിംഹക്കുഴിയിൽ നിന്നു രക്ഷപ്പെടുന്നതിന്റേതായിരുന്നു-സിംഹങ്ങളുടെ ഗുഹയിൽ നില്ക്കുന്ന ദാനിയേൽ. ചുറ്റും സിംഹങ്ങൾ അവനു കാവലിരിക്കുന്നു. ദാനിയേൽ ഗുഹയുടെ വാതില്ക്കൽ നില്ക്കുന്ന രാജാവിനോട് സന്തോഷത്തോടെ സംസാരിക്കുന്നു! ഈ ചിത്രം എന്നെ വളരെ ആകർഷിച്ചു. ഞാൻ രക്ഷിക്കപ്പെടുന്ന സമയത്ത് മദ്യപനായ ഒരു വക്കീലായിരുന്നു. രക്ഷിക്കപ്പെട്ടശേഷവും ദൈവശക്തി എന്നിൽ നിലനിൽക്കേണ്ടതിന്റെ ആവശ്യകത ആരും പറഞ്ഞുതന്നില്ല. എന്നാൽ ഈ ചിത്രം എന്നോടു സംസാരിച്ചു. ഈ സിംഹങ്ങൾ എന്റെ പാപസ്വഭാവങ്ങളെയാണു കാണിക്കുന്നത്. സിംഹങ്ങളുടെ വായടച്ച ദൈവം എനിക്കുവേണ്ടിയും പ്രവർത്തിക്കുകയില്ലേ?. തീർച്ചയായും എന്റെ ദൈവം ശക്തനാണെന്ന് ആ ചിത്രം എന്നോടു സംസാരിച്ചു. വലിയ പ്രത്യാശയും ധൈര്യവും എന്നിലുണ്ടായി. ശക്തനായ ഒരു ദൈവപൈതലായി എന്നെ ദൈവം അവിടെ വച്ചു മാറ്റി."





# നോർമൻ ഗ്രബ് :
# ആഫ്രിക്കയുടെഹൃദയം തേടി.....

മാത്യു ജോർജ്

**ആം**ഗ്ലിക്കൻ സഭയിലെ ഒരു പട്ടക്കാരന്റെ മകനായി 1895 ൽ നോർമൻ ഗ്രബ് ലണ്ടനിൽ ജനിച്ചു. 18-ാമത്തെ വയസ്സിൽ യഥാർത്ഥക്രിസ്തീയ അനുഭവത്തിലേയ്ക്ക് നടത്തപ്പെട്ടു. ഇംഗ്ലീഷ് പബ്ലിക് സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ നോർമൻ ഒന്നാം ലോകമഹായുദ്ധത്തിൽ ബ്രിട്ടീഷ് കരസേനയിൽ ഒരു ലഫ്റ്റനന്റായി സേവനം അനുഷ്ഠിച്ചു. യുദ്ധത്തിനിടെ മുറിവേറ്റ് ആശുപത്രിയിലായി. അവിടെ സുഖംപ്രാപിച്ചു വരുന്ന സമയത്ത് "ഹാർട്ട് ഓഫ് ആഫ്രിക്കമിഷൻ" എന്ന പേരുള്ള ഒരു മിഷനറിപ്രസ്ഥാനത്തെക്കുറിച്ചുള്ള ചില ലഘുലേഖകൾ വായിക്കാനിടയായി. "ആഫ്രിക്കയുടെ ഹൃദയം" എന്ന മിഷനറിപ്രസ്ഥാനത്തിന്റെ തുടക്കക്കാരൻ പ്രസിദ്ധനായ ഇംഗ്ലീഷ് അത്‌ലറ്റും ക്രിക്കറ്റ് താരവുമായിരുന്ന സി.റ്റി.സ്റ്റഡ് ആയിരുന്നു. ആഫ്രിക്കയിലെ മിഷൻ ഫീൽഡിലേക്ക് ദൈവം തന്നെ വിളിക്കുന്നതായി നോർമൻ ഗ്രബിന് തോന്നി.

യുദ്ധത്തിനുശേഷം യുവാവായ നോർമൻ കേംബ്രിഡ്ജ് സർവ്വകലാശാലയിൽ ഉപരിപഠനത്തിനുചേർന്നു. കേംബ്രിഡ്ജിലെ വിദ്യാഭ്യാസകാലത്ത് ഒരു കോളജ് പ്രാർത്ഥനാകൂട്ടായ്മ തുടങ്ങാൻ നോർമൻ മുൻകൈയെടുത്തു. ഇന്റർയൂണിവേഴ്സിറ്റി ക്രിസ്റ്റ്യൻഫെലോഷിപ്പ് എന്ന പേരിൽ ലോകമെങ്ങും വ്യാപിച്ച വിദ്യാർത്ഥികളുടെ ഇടയിലെ പ്രവർത്തനത്തിന്റെ തുടക്കം ഇവിടെയായിരുന്നു. കേംബ്രിഡ്ജിലെ പഠനത്തിന്റെ അവസാനഘട്ടമായപ്പോഴേക്കും മിഷനറിവേലയ്ക്കായുള്ള അദമ്യമായ ആവേശം നോർമൻഗ്രബ്ബിനെ കലാശാലയോട് വിടപറയാൻ പ്രേരിപ്പിച്ചു. ഇതിനിടെ ഈ യുവകേസരി വിവാഹിതനായിരുന്നു. ആഫ്രിക്കൻ ഹൃദയഭാഗത്ത് മുന്നണിപ്പോരാളിയായ, തന്റെ ആദർശപുരുഷനായി മാറിയിരുന്ന സി.റ്റി.സ്റ്റഡിന്റെ മകൾ പോളീൻ ആയിരുന്നു വധു! നവവധുവായ പോളീനോടൊപ്പം 1920 ൽ നോർമൻ ബെൽജിയൻ കോംഗോയിലേക്ക് യാത്രയായി.

കോംഗോയിൽ സി.റ്റി.സ്റ്റഡിന്റെ 'ഹാർട്ട് ഓഫ് ആഫ്രിക്ക മിഷനിൽ' നോർമൻ ഗ്രബ്ബും പോളീനും, ആഫ്രിക്കക്കാരുടെ ഇടയിൽ സുവിശേഷീകരണത്തിനായി പലവർഷങ്ങൾ പ്രവർത്തിച്ചു. സ്റ്റഡിന്റെ വിട്ടുവീഴ്ചയില്ലാത്ത നിലപാട് പലസഹപ്രവർത്തകർക്കും ദുസ്സഹമായിരുന്നു. ഇംഗ്ലണ്ടിലായിരുന്ന പത്നി പ്രിസില്ലയുടെ വഷളായിക്കൊണ്ടിരുന്ന ആരോഗ്യനില അദ്ദേഹത്തെ ഒട്ടും പിന്തിരിപ്പിച്ചില്ല. സി.റ്റി.സ്റ്റഡിനെ സംബന്ധിച്ചിടത്തോളം കർത്താവിന്റെ വേല എപ്പോഴും കുടുംബബന്ധങ്ങളേക്കാൾ മുൻഗണന അർഹിക്കുന്ന കാര്യമായിരുന്നു. അദ്ദേഹത്തിന്റെ പെൺമക്കൾക്കും ജാമാതാക്കൾക്കും കർശനക്കാരനായ പിതാവിനോടൊപ്പം പ്രവർത്തിക്കുക ബുദ്ധിമുട്ടായിത്തോന്നിയിരുന്നു. 1929 ൽ പ്രിസില്ലാ സ്റ്റഡിന്റെ മരണത്തിനുശേഷം ഈ മിഷ

നറിപ്രസ്ഥാനത്തിന് മാതൃരാജ്യത്തു നിന്ന് ലഭിച്ചിരുന്ന സാമ്പത്തികസഹായം കുറഞ്ഞു. വൈകാതെ ഇംഗ്ലണ്ടിലെ മിഷനറി ഹോം കമ്മിറ്റി സ്റ്റഡിനെയും, നോർമൻഗ്രബ്ബിനേയും മറ്റു ചില മിഷനറിമാരേയും ഹാർട്ട് ഓഫ് ആഫ്രിക്ക മിഷനിൽ നിന്നും പുറത്താക്കി. ലോകസുവിശേഷീകരണ ക്രൂസേഡ് (Worldwide Evangelisation Crusade)എന്ന് പുനർനാമകരണം ചെയ്യപ്പെട്ടിരുന്ന 'ഹാർട്ട് ഓഫ് ആഫ്രിക്ക മിഷൻ' കടുത്ത പ്രതിസന്ധിയിലായി. ഒരു പുതിയ തുടക്കത്തിന് സാദ്ധ്യതയുണ്ടോ എന്ന് സംശയിച്ചകാലം. ആഴ്ചകൾക്കുള്ളിൽ സി.റ്റി.സ്റ്റഡ് മരണമടഞ്ഞു. ഈ ദശാസന്ധിയിൽ മിഷനറിപ്രസ്ഥാനത്തിന് നേതൃത്വം നൽകാൻ ദൈവം മുൻകണ്ടിരുന്നത് നോർമൻഗ്രബ്ബിനെയായിരുന്നു.!

1931 ൽ സി.റ്റി.സ്റ്റഡിന്റെ വിയോഗത്തിനുശേഷം വേൾഡ് വൈഡ് ഇവാഞ്ചലൈസേഷൻ ക്രൂസേഡിന്റെ ഡയറക്ടറായി നോർമൻ ഗ്രബ് ചുമതലയേറ്റു. അടുത്ത സംവത്സരങ്ങൾ മിഷനറിപ്രസ്ഥാനത്തിന്റെ അഭൂതപൂർവ്വമായ വളർച്ചയുടെ കാലഘട്ടമായിരുന്നു. സ്റ്റഡിന്റെ ദേഹവിയോഗത്തിനു മുമ്പ് അദ്ദേഹം നോർമനെയും മകൾ പോളിനെയും ലണ്ടൻ ആസ്ഥാനത്ത് വിട്ട് മിഷൻ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കാൻ പരിശീലിപ്പിച്ചിരുന്നു. സ്റ്റഡിന്റെ മരണസമയത്ത് മിഷനറിമാർ തമ്മിലുള്ള സ്വരചേർച്ചയില്ലായ്മയും, സാമ്പത്തികപരാധീനതയും മിഷനറിപ്രസ്ഥാനത്തെ ആകെ ക്ഷീണിപ്പിച്ചിരുന്നു. എന്നാൽ നോർമൻ ഗ്രബ്ബിന്റെ നേതൃത്വത്തിൽ ഈ മിഷനറിപ്രസ്ഥാനം കേവലം 35 മിഷനറിമാരും ഒറ്റ മിഷൻ കേന്ദ്രവും ഉണ്ടായിരുന്ന അവസ്ഥയിൽ നിന്നും 40 ൽ അധികം മിഷൻ കേന്ദ്രങ്ങളും, ആയിരക്കണക്കിന് മിഷനറിമാരുമുള്ള അന്തർദേശീയമിഷനറിപ്രസ്ഥാനമായി വളർന്നു. സ്ഥാപകനായ സി.റ്റി.സ്റ്റ

**നോർമൻ ഗ്രബ്ബ് എന്ന ഈ മിഷനറിവീരൻ എല്ലാം തികഞ്ഞ ഒരു ക്രിസ്ത്യാനി ആയിരുന്നില്ല. "ഇന്നു മുതൽ ഞങ്ങൾ ആരേയും ജഡപ്രകാരം അറിയുന്നില്ല' എന്ന പൗലോസിന്റെ ആത്മീയ പ്രമാണം അദ്ദേഹത്തെയും ഭരിച്ചിരുന്നതിനാൽ മുറിവേറ്റ, നിരാശരായ, ഇരുട്ടിൽ തപ്പിത്തടയുന്ന അനേകരെ ക്രിസ്തുവിന്റെ മനസോടെ 'സ്പർശിക്കു'വാനും, സ്നേഹപ്രവാഹത്താൽ ആന്തരികസൗഖ്യത്തിലേക്ക് നടത്തുവാനും ഈ ദൈവമനുഷ്യന് കഴിഞ്ഞു.**

ഡിന്റെ ആദർശങ്ങളിൽ പടുത്തുയർത്തപ്പെട്ട ഡബ്ല്യു.ഇ.സി തികച്ചും വിശ്വാസത്താൽ നടത്തപ്പെടുന്ന ഒന്നായി തുടർന്നു. യാതൊരു മനുഷ്യനോടും സാമ്പത്തികസഹായത്തിനായി അഭ്യർത്ഥന നടത്താതെ എല്ലാ ആവശ്യങ്ങളും സ്വർഗ്ഗസ്ഥപിതാവിനോട് മാത്രം അറിയിക്കുന്ന മാർഗ്ഗം നോർമൻ ഗ്രബ്ബിന്റെ നേതൃത്വത്തിലും കൈവെടിഞ്ഞില്ല.

ഡബ്ല്യു.ഇ.സി യുടെ ജനറൽ സെക്രട്ടറി ആയിരുന്ന കാലത്താണ് നോർമൻ ക്രിസ്തീയഎഴുത്തിലേയ്ക്ക് തിരിഞ്ഞത്. മിഷനറിമാർക്കുള്ള ലഘുലേഖകളും മിഷൻ മാസികയിലേക്കുള്ള ലേഖനങ്ങളുമായിരുന്നു ആദ്യകാലരചനകൾ. 1933 ൽ നോർമൻ ഡബ്ല്യു.ഇ.സി യുടെ സ്ഥാപകനും ഭാര്യാപിതാവുമായ സി.റ്റി.സ്റ്റഡിന്റെ ജീവചരിത്രം പ്രസിദ്ധീകരിച്ചതിലൂടെയാണ് ക്രൈസ്തവലോകത്തിന്റെ ശ്രദ്ധ ആകർഷിച്ചത്. ഇന്നും പുനർപ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്ന അനുഗൃഹീതമായ ഈ ജീവചരിത്രം, എഴുപതിലധികം വർഷം പിന്നിട്ടിട്ടും ആയിരക്കണക്കിന് വ്യക്തികളെ സ്വാധീനിക്കയും അവരെ ക്രിസ്തീയനടപ്പിൽ ഉത്സാഹിപ്പിക്കയും ചെയ്തുപോരുന്നു. നോർമൻ ഗ്രബ്ബിന്റെ തൂലികയിൽ നിന്നു പിറന്ന പ്രസിദ്ധമായ മറ്റൊരു ജീവച





രിത്രം റീസ് ഹൊവെൽസിന്റേതാണ്. വെയിൽസിലെ പ്രസിദ്ധമായ ബൈബിൾ കോളജിന് തുടക്കം കുറിച്ച, വിശ്വാസവീരനും, പ്രാർത്ഥനാവീരനുമായ റീസ് ഹൊവെൽസിന്റെ വെല്ലുവിളിക്കുന്ന ജീവിതം നോർമൻ ഗ്രബ്ബിനെയും സ്വാധീനിച്ചിരുന്നു. വേൾഡ് ഇവാഞ്ചലൈസേഷൻ ക്രൂസേഡിന്റെ വളർച്ചയ്ക്ക് കാരണമായ വിശ്വാസത്തിന്റെ അടിസ്ഥാനപ്രമാണങ്ങൾ താൻ പഠിച്ചത് റീസ് ഹൊവെൽസിൽ നിന്നാണെന്ന് കൂടെക്കൂടെ നോർമൻ പറയാറുണ്ടായിരുന്നു.

മിഷൻഡയറക്ടറായി ചുമതലയേറ്റ് നാലുവർഷങ്ങൾക്കുശേഷമായിരുന്നു "ആത്മാവിന്റെ ഇരുണ്ട രാത്രി" എന്ന് വിശേഷിപ്പിക്കാവുന്ന അനുഭവത്തിലൂടെ നോർമൻ ഗ്രബ് കടന്നുപോയത്. "ഞാൻ പിടിക്കപ്പെട്ടിരിക്കുന്നു, എനിക്ക് പിൻമാറിക്കൂടാ"(Once caught, No escape) എന്ന ആത്മകഥയിൽ അദ്ദേഹം പറയുന്നത് ശ്രദ്ധിക്കുക:"പതിനഞ്ചുവർഷം വൈകിയാണെങ്കിലും മനസ്സിന്റെ ചക്രവാളം പരന്ന വായനയിലൂടെ വികസിപ്പിക്കേണ്ട ആവശ്യം ഒരു വിദ്യാർത്ഥിയെപ്പോലെ എനിക്ക് ബോദ്ധ്യമായി. ഒരേ സമയം നൂറുകൂട്ടം കാര്യങ്ങൾ ചെയ്യാൻ ശ്രമിക്കുന്ന തിരക്കുള്ള ഒരുവനായിരുന്നു ഞാൻ. വില്യം ജെയിംസ് എന്ന എഴുത്തുകാരന്റെ 'വിവിധ മതങ്ങളെക്കുറിച്ചുള്ള അനുഭവങ്ങൾ' എന്ന ഗ്രന്ഥം എനിക്ക് ഓർക്കാപ്പുറത്ത് ഏറ്റ പ്രഹരമായിരുന്നു. പൗലൊസിന്റെ ദമസ്ക്കോസിലേക്കുള്ള യാത്രാമദ്ധ്യേ ഉണ്ടായ മാനസാന്തരത്തെ മനഃശാസ്ത്രപരമായി വിശദീകരിക്കാൻ ഗ്രന്ഥകർത്താവ് ശ്രമിച്ചപ്പോൾ ഞാനും വിശ്വസിച്ചു. ദൈവികവെളിപ്പാടൊന്നുമല്ല, വാസ്തവത്തിൽ പൗലൊസിന്റെ മാനസികാവസ്ഥക്ക് ഒരു മാറ്റം ഉണ്ടാകുക മാത്രമാണ് അപ്പോൾ സംഭവിച്ചതെന്ന്. ദൈവത്തിന്റെ അസ്തിത്വത്തെപ്പോലും സംശയിക്കുന്ന ഒരുവനായി ഞാൻ മാറി. ജീവിതം



**നോർമൻ ഗ്രബ്ബ്: *കാലേബിന്റെ ആത്മാവുള്ള മനുഷ്യൻ.***

ആകെ ഇരുട്ടുനിറഞ്ഞതായി. മുൻപേ സമ്മതിച്ചിരുന്ന ഒരു മിഷനറിസമ്മേളനത്തിൽ ദൈവത്തെക്കുറിച്ചു സംസാരിക്കാൻ ഞാൻ വളരെ കഷ്ടപ്പെട്ടു. എന്നാൽ ഒരു വർഷത്തിന്റെ ഒടുവിൽ മൂടൽമഞ്ഞ് മാറി. അത് എങ്ങനെ സംഭവിച്ചു എന്ന് കൃത്യമായിപ്പറയാൻ കഴിയില്ല. 'കർമേൽ കൊടുമുടികയറ്റം' എന്ന ജോൺ ഓഫ് ദി ക്രോസിന്റെ പുസ്തകം വായിച്ചുകൊണ്ടിരിക്കുമ്പോഴാണ് അത് സംഭവിച്ചതെന്നുമാത്രം അറിയാം. ഒരു വർഷത്തോളം ഞാൻ കടന്നുപോയ ആത്മാവിന്റെ വ്യഥ ഒന്നും വെറുതെയായില്ല എന്ന് ആ നിമിഷം ഞാൻ മനസ്സിലാക്കി."

ബെൽജിയൻ കോംഗോയിൽ കുടുംബമായി മിഷനറിവേല ചെയ്ത പ്രാരംഭനാളുകളിലായിരുന്നു ഗലാത്യലേഖനത്തിലെ പ്രസിദ്ധമായ പൗലൊസിന്റെ ഏറ്റുപറച്ചിൽ നോർമൻ ശ്രദ്ധിച്ചത്. "ഞാൻ ക്രിസ്തുവിനോടുകൂടി ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നത് ഞാനല്ല: ക്രിസ്തു അത്രേ എന്നിൽ ജീവിക്കുന്നു. ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ച് എനിക്കുവേണ്ടി തന്നെത്താൻ ഏല്പിച്ചുകൊടുത്ത ദൈവപു

ത്രങ്കലുള്ള വിശ്വാസത്താലത്രേ ജീവിക്കുന്നത്.” (ഗലാ.2:20) യഥാർത്ഥസ്വാതന്ത്ര്യത്തിലേക്ക് ഒരുവനെ നയിക്കുന്ന ഈ ദൈവികസത്യം പിൽക്കാലത്ത് നോർമൻ ഗ്രബ്ബിന്റെ ജീവിതത്തിന്റെ സ്പന്ദനമായിത്തീർന്നു. മിഷനറിവേലയെക്കാൾ അധികമായി യേശുക്രിസ്തുവിന്റെ സഭയ്ക്ക് “വീണ്ടുംജനനം പ്രാപിച്ച നാം ക്രിസ്തുവിൽ ആരാകുന്നു” എന്ന സന്ദേശം എത്തിക്കുന്നതായിരുന്നു അവസാനം വരെ നോർമൻ തന്റെ ജീവിതദൗത്യമായിക്കണ്ടത്. യേശുക്രിസ്തു മുന്തിരിവള്ളിയും നാം കൊമ്പുകളുമായി, അവനും ഞാനും രണ്ടല്ല, ഒന്നായി ജീവിക്കുന്ന അനുഗൃഹീതജീവിതത്തെക്കുറിച്ചേ നോർമന് സദാ പറയാനുണ്ടായിരുന്നുള്ളൂ. “കർത്താവുമായി പറ്റിച്ചേർന്നവൻ അവനുമായി ഒരു ദേഹമായിത്തീർന്നിരിക്കുന്നു” എന്ന് വചനം പറയുന്നു. (1 കൊരി. 6:17) 1940 നുശേഷം നോർമൻ ഗ്രബ്ബിന്റെ തൂലികയിൽ നിന്നു ക്രൈസ്തവലോകത്തിനു ലഭിച്ച അമൂല്യഗ്രന്ഥങ്ങളുടെയെല്ലാം അടിസ്ഥാനചിന്ത മുകളിപ്പറഞ്ഞ വെളിപ്പാടായിരുന്നു. ‘വിശ്വാസത്തിന്റെ നിയമം’, ‘സ്വാതന്ത്ര്യത്തിന്റെ രഹസ്യം’, ‘ദൈവത്തിന്റെ ആഴങ്ങൾ,’ ‘അപരിമേയനായ ദൈവം’, ‘ഞാൻ ആരാണ്?’ അതേ, ഞാൻ ആകുന്നു,’ തുടങ്ങിയ ഗ്രന്ഥങ്ങൾ ആംഗലഭാഷ അറിയാവുന്ന ഏതു ക്രിസ്ത്യാനിയും വായിച്ചിരിക്കേണ്ടവയാണ്. ഇവ കൂടാതെ ‘ഞാൻ ക്രിസ്തുവിനോടു കൂടി ക്രൂശിക്കപ്പെട്ടിരിക്കുന്നു...’ എന്നു വെളിപ്പാടിനെ ആധാരമാക്കി നിരവധി ലഘുലേഖകളും, ലേഖനങ്ങളും നോർമൻ ഗ്രബ്ബ് എഴുതിയിട്ടുണ്ട്. ആഫ്രിക്കയിലെ കോംഗോയിൽ മിഷനറി ആയിരുന്ന ആദ്യനാളുകളിൽ ഗ്രീക്ക് മൂലഭാഷയിൽ നിന്നും കോംഗോയിലെ പ്രമുഖഭാഷയായ ബംഗാളയിലേക്ക് പുതിയ നിയമം പരിഭാഷപ്പെടുത്തുന്ന ശ്രമകരമായ ദൗത്യവും നോർമൻ നിർവ്വഹിച്ചു. ‘മാതൃഭാഷയിൽ ലഭിക്കുന്ന ബൈബിളാണ് ഏറ്റവും ഫലപ്രദമായ മിഷനറി വേല’ എന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. മുപ്പത്തിനാല് ദീർഘവർഷങ്ങൾക്കു ശേഷം നോർമൻ ഡബ്ല്യു. ഇ.സി യുടെ അന്തർദേശീയ സെക്രട്ടറിസ്ഥാനത്തു നിന്നു വിരമിച്ചു. 1957 മുതൽ ഭാര്യയായ പോളിനോടൊപ്പം അമേരിക്കയിൽ അദ്ദേഹം താമസമാക്കിയിരുന്നു.

മിഷനറിപ്രസ്ഥാനത്തിന്റെ ചുമതലയിൽ നിന്നും ‘വിരമിച്ച’ ശേഷം അദ്ദേഹം അനേക ഇടങ്ങളിൽ, വിശിഷ്യ അമേരിക്കൻ ഐക്യനാടുകളിൽ സഞ്ചരിച്ച് ‘മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ’ എന്നുള്ള സുവിശേഷത്തിന്റെ മർമ്മം വിശ്വാസികളുമായി പങ്കിട്ടുവന്നു. സഭകൾ, കോൺഫറൻസുകൾ, പ്രാർത്ഥനാകൂട്ടങ്ങൾ, ഭവനങ്ങൾ എന്നുവേണ്ട, എല്ലായിടത്തും ക്രിസ്തീയസ്വാതന്ത്ര്യത്തിന്റെ ഈ ‘മന്ത്രം’ നോർമന്റെ ശുശ്രൂഷയിൽ നിറഞ്ഞുനിന്നു. 90 വയസ്സ് കഴിഞ്ഞപ്പോഴും ധാരാളമായിയാത്രചെയ്തിരുന്നു. തന്റെ മൺകൂടാരം തികച്ചും ബലഹീനമാകും വരെ ക്രിസ്തീയദൗത്യം തുടർന്ന നോർമൻ ഗ്രബ് ഒടുവിൽ 1993 ൽ തന്റെ 98-ാംവയസ്സിൽ താൻ പ്രിയംവച്ച കർത്താവിന്റെ സന്നിധിയിലേയ്ക്ക് കടന്നുപോയി.

‘കാലേബിന്റെ’ ആത്മാവുണ്ടായിരുന്ന ഈ മിഷനറിവീരൻ എല്ലാം തികഞ്ഞ ഒരു ക്രിസ്ത്യാനി ആയിരുന്നില്ല. “ഇന്നു മുതൽ ഞങ്ങൾ ആരേയും ജഡപ്രകാരം അറിയുന്നില്ല’ എന്ന പൗലോസിന്റെ ആത്മീയപ്രമാണം അദ്ദേഹത്തെയും ഭരിച്ചിരുന്നതിനാൽ മുറിവേറ്റ, നിരാശരായ, ഇരുട്ടിൽ തപ്പിത്തടയുന്ന അനേകരെ ക്രിസ്തുവിന്റെ മനസ്സോടെ ‘സ്പർശിക്കു’വാനും, സ്നേഹപ്രവാഹത്താൽ ആന്തരികസൗഖ്യത്തിലേക്ക് നടത്തുവാനും ഈ ദൈവമനുഷ്യന് കഴിഞ്ഞു.

■



ധ്യാനം

# യാഥാർഥ്യം

**വ്യാ**പാരരംഗത്തും, വസ്ത്രധാരണത്തിലും, സാമൂഹികാചാരങ്ങളിലും കണ്ടുവരുന്ന അയാഥാർഥ്യവും ഭോഷ്കും ക്രിസ്തീയജീവിതത്തിലും കണ്ടെത്താൻ കഴിയും. ‘ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തിയെ ത്യജിക്കുന്നവരെ’ ക്കുറിച്ച് നാം വായിക്കുമ്പോൾ (2 തിമൊ. 3:5) ഈ കൂട്ടത്തിൽ നാം ഒരിക്കലും ഉൾപ്പെടാൻ സാദ്ധ്യതയില്ല എന്ന് ചിന്തിച്ചുപോകാൻ ഇടയുണ്ട്. ധാരാളം ക്രിസ്ത്യാനികളും അത്തരക്കാരായിരിക്കാം, എന്നാൽ രക്ഷിക്കപ്പെടുകയും, ‘പൂർണ്ണസുവിശേഷം’ കൈക്കൊള്ളുകയും ചെയ്തിട്ടുള്ള നമ്മുടെ കാര്യം എങ്ങനെയിരിക്കുന്നു?’ യഥാർഥമായി നമ്മുടേതായിട്ടില്ലാത്ത ഒരു അനുഭവത്തെപ്പറ്റി നാം സാക്ഷ്യം പറയുന്നവരാണോ? ഇതു ഗൗരവമേറിയ ഒരു കാര്യമത്രേ.

ക്രിസ്തീയജീവിതത്തിന്റെ ഏതൊരു ഘട്ടത്തിലും നമ്മുടെ വാക്കുകൾ പൊള്ളയായ വെറും വാക്കുകൾ മാത്രമായിരിക്കാനുള്ള സാദ്ധ്യതയുണ്ട്. ഒരു കാലത്ത് ജീവനും അർത്ഥവും നിറഞ്ഞുനിന്നിരുന്ന സ്ഥാനത്ത് പൊള്ളയായ ഒരു പുറംതോടു മാത്രം ശേഷിച്ചിരിക്കെ തൃപ്തരായിക്കഴിയുന്ന ധാരാളംപേരുണ്ട്. യാഥാർഥ്യവുമായുള്ള എല്ലാ സജീവബന്ധവും അറ്റുപോയിരിക്കെ ശക്തിരഹിതമായ ഒരു ഭക്തിയുടെ വേഷം നിലനിർത്തുന്ന അനുഭവമാണത്. ശരിയായ ആത്മീയഭാഷ സംസാരിക്കാൻ മറന്നുപോയിട്ടില്ലാത്ത ഇവർ, ആന്തരിക അനുഭവത്തിൽ ഈ പദങ്ങൾക്കുള്ള അർത്ഥം നഷ്ടപ്പെട്ടവരാണ്. ശക്തിയും വേഷവും തമ്മിലുള്ള അന്തരം തിരിച്ചറിയാൻ കഴിയാതെപോകുന്നവർ.

തനിക്കു വഴിതെറ്റിപ്പോകാനുള്ള സാദ്ധ്യത ഉണ്ടെന്ന് അംഗീകരിക്കാനുള്ള ദൈവകൃപ ലഭിച്ചിട്ടുള്ള ഒരുവന്റെ കാര്യം എടുക്കാം. അബോധപൂർവ്വം ആത്മീയമായ അയാഥാർഥ്യം എങ്ങനെ കണ്ടെത്താൻ കഴിയും? ആത്മീയമായ അയാഥാർഥ്യം കണ്ടെത്താനുള്ള ലളിതമായ രണ്ടു പരീക്ഷണങ്ങളുണ്ട്.

ഒന്നാമത്തെ പരീക്ഷണം ഇതാണ്: ഒരുവന്റെ ബാഹ്യജീവിതം ആന്തരിക ജീവിതത്തേക്കാൾ മനോഹരമായിരിക്കുമ്പോൾ നാം അയാഥാർഥ്യത്തേയാണ് അഭിമുഖീകരിക്കുന്നത്. ഈ അവസ്ഥയിൽ ഹൃദയാന്തർഭാഗത്തുനിന്നും ഉയരാത്ത പല കാര്യങ്ങളും ഉപരിതലത്തിൽ ദർശിപ്പാൻ കഴിയും. ധാരാളം പരസ്യപ്രാർത്ഥന ഉണ്ടായിരിക്കും. പക്ഷേ രഹസ്യപ്രാർത്ഥന മിക്കവാറും പൂജ്യമായിരിക്കും. സ്നേഹിതരെക്കുറിച്ചുള്ള രഹസ്യചിന്തകൾ മോശമായിരിക്കെ അവരോട് സംസാരിക്കുന്ന വാക്കുകൾമെച്ചമായിരിക്കും. ക്രിസ്തീയസ്നേഹിതരുടെ സാന്നിദ്ധ്യത്തിൽ കർത്താവായ യേശുവിന്റെ നാമം കൂടുതലായി ഉച്ചരിക്കുമെങ്കിലും നമ്മുടെ ചിന്താമണ്ഡലത്തിൽ അവിടുന്നു വിദൂരത്താണ്. നമ്മുടെ സാക്ഷ്യങ്ങളിൽ രക്ഷിക്കപ്പെടാത്ത ആത്മാക്കളെക്കുറിച്ചുള്ള സ്നേഹത്തെക്കുറിച്ചു സാക്ഷിക്കുമ്പോൾ തന്നെ നമ്മുടെ രഹസ്യപ്രാർത്ഥനയിൽ അവർക്കായി പ്രാർത്ഥി

ക്കാൻ യാതൊരു ഭാരവും ഇല്ലാത്തവരാണുതാനും. മീറ്റിംഗുകളിൽ സ്നേഹത്തെക്കുറിച്ച് വായ്തോരാതെ സംസാരിക്കുന്നവർ ഉള്ളിൽ കയ്പു നിറഞ്ഞവരായിരിക്കും. ഒരുവനെ 'സഹോദരൻ' എന്നു വിളിക്കുമ്പോഴും ഉള്ളിൽ വിമർശനചിന്തയാവും. സമാധാനത്തെക്കുറിച്ചു സംസാരിക്കുന്നെങ്കിലും അനുദിനജീവിതത്തിൽ അസ്വസ്ഥരും ഹൃദയം പതറിയവരുമായിരിക്കും. നാം ക്ഷമയോടും ധൈര്യത്തോടുംകൂടെ നമ്മുടെ രഹസ്യജീവിതത്തെ ബാഹ്യജീവിതത്തിന്റെ പൂർണ്ണവെളിച്ചത്തിൽ ശ്രദ്ധിക്കുമെങ്കിൽ വളരെവേഗത്തിൽ രസകരമായ പല കണ്ടെത്തലുകളും നടത്താൻ കഴിയും.

അയാഥാർഥ്യം ഗ്രഹിക്കാനുള്ള മറ്റൊരു പരീക്ഷണം ഇതാണ്: നമുക്ക് ഉണ്ടെന്ന് നാം നിരൂപിക്കുന്ന ആന്തരികജീവിതം യഥാർത്ഥത്തിലുള്ള ബാഹ്യജീവിതത്തെക്കാൾ മെച്ചമായിത്തോന്നുമ്പോൾ നാം അയാഥാർഥ്യത്തെ അഭിമുഖീകരിക്കുന്നു. ഇത് ആദ്യം പറഞ്ഞ പരീക്ഷണത്തിന്റെ വിപരീതമായ പരീക്ഷയാണ്. ആദ്യ പരീക്ഷണമായ ചൂണ്ടയിൽ കുടുങ്ങാത്തവയെ രണ്ടാമത്തേപരീക്ഷണമായ ചൂണ്ടയിൽ കുടുക്കാൻ കഴിയും. നമുക്ക് ഉണ്ടെന്ന് നാം നിരൂപിക്കുന്ന എന്ന പ്രയോഗം ശ്രദ്ധിക്കുക. യഥാർത്ഥത്തിൽ ഒരുവന് ഇല്ലാത്തത് ഉണ്ടെന്ന് നിരൂപിക്കാൻ സാദ്ധ്യമാണെന്നാണ് നാം ഗ്രഹിക്കേണ്ടത്. ഈ കാര്യത്തിൽ പരീക്ഷണം നടത്തേണ്ടത് എങ്ങനെയാണ്? ബാഹ്യമായജീവിതമാണ് അതിന്റെ ഉരകല്ല്. മറ്റുള്ളവർക്ക് ദൃശ്യമല്ലാത്ത ആന്തരികസ്വഭാവത്തിന്റെ യഥാർത്ഥതെളിവ് ബാഹ്യമായി വെളിപ്പെടുന്ന ഫലം ആയിരിക്കും എന്നു കർത്താവു തന്നേ പറഞ്ഞിട്ടുണ്ട്. അതിനാൽ ഈ വിഷയത്തിൽ നമ്മോടുതന്നെ ചില ചോദ്യങ്ങൾ ചോദിക്കുന്നതു നന്നായിരിക്കും. യഥാർത്ഥത്തിൽ എനിക്കില്ലാത്ത ഒരു സമർപ്പണജീവിതം

**നമ്മുടെ സ്വയവഞ്ചനയുടെ ആഴം വളരെയധികമാകയാൽ നാം അന്ധരായിരിക്കുന്നു എന്നു മാത്രമല്ല, നമ്മുടെ അന്ധതയെക്കുറിച്ചു തന്നേ അന്ധരായിരിക്കുന്നു എന്നതാണു ദുഃഖസത്യം. എങ്കിലും സകലവും ശോധനചെയ്യുന്ന ദൈവത്തിന്റെ ആത്മാവിന് പരമാർത്ഥതയുള്ള ഒരു ജീവിതത്തെ സഹായിക്കാൻ കഴിയും. പരമാർത്ഥതയുള്ളവനായിരിക്കുക എന്നാൽ നൂറുശതമാനവും സത്യസന്ധതയും തുറന്ന മനസ്സും ഉള്ളവനായിരിക്കുക എന്നതാണ് ഉദ്ദേശിക്കുന്നത്.**

ഉണ്ടെന്നു ഞാൻ നടിക്കുന്നുണ്ടോ? ആന്തരികവിശുദ്ധിയേക്കുറിച്ച് സംസാരിക്കുന്ന എന്റെ വാക്കുകൾ കഠിനവും സ്നേഹശൂന്യവുമാണോ? ക്രിസ്തുവിനോട് ഏകീഭവിച്ചവനെന്ന് അഭിമാനിക്കുന്ന ഞാൻ എന്റെ ചില സഹോദരന്മാരോട് വ്യാജഭാവം കാണിക്കുന്നുണ്ടോ? പരിശുദ്ധാത്മാവിനെ പ്രാപിച്ചവനെന്ന് അവകാശപ്പെടുന്ന എനിക്ക് എന്റെ ജീവിതത്തെ സ്പർശിക്കുന്ന ഓരോരുത്തരോടും-പുരുഷനോ, സ്ത്രീയോ, കുട്ടിയോ ആയിക്കൊള്ളട്ടെ ക്രിസ്തുവിന്റെ മനസ്സോടെ പ്രതികരിക്കാൻ കഴിയുന്നുണ്ടോ? ആഴമായ ക്രിസ്തീയഅനുഭവത്തിലേയ്ക്കു പ്രവേശിച്ച സമയത്ത് ദൈവത്തിൽനിന്നും വളരെയധികം ലഭിച്ചു എന്ന് വിചാരിച്ച സമയത്ത് എന്നിൽ അതിന് ആനുപാതികമായി അനുദിനജീവിതത്തിൽ ദിവ്യസ്വഭാവത്തിന്റെ വർദ്ധന ഉണ്ടായിട്ടുണ്ടോ? എന്റെ പ്രായോഗികജീവിതത്തിൽ 'ജഡികക്രിസ്ത്യാനികൾ' എന്ന് ഞാൻ വിളിക്കുന്നവരേക്കാൾ ഞാൻ യേശുക്രിസ്തുവിന്റെ ദിവ്യസ്വഭാവം വെളിപ്പെടുത്തുന്നുണ്ടോ? എന്റെ സാക്ഷ്യവും ക്രിസ്തീയജീവിതത്തേക്കുറിച്ചുള്ള എന്റെ ഉൾക്കാഴ്ചയും





അവരുടേതിനേക്കാൾ ഉയർന്നതലത്തിലാണോ? അതോ ഞാൻ ഉന്നതമായി സംസാരിക്കമാത്രം ചെയ്യുകയാണോ? യേശുക്രിസ്തുവിനാൽ ഭരിക്കപ്പെടുന്ന ഒരുവൻ എന്നതിനേക്കാൾ ഞാൻ മിക്കവാറും എന്റെ അഹന്തയാൽ ഭരിക്കപ്പെടുന്നവനാണെന്നുള്ള ലജ്ജാകരമായ സാക്ഷ്യമാണോ എനിക്ക് ആത്മാർത്ഥമായി പറയാനുള്ളത്?

ഇവയെല്ലാം വളരെ നല്ല ചോദ്യങ്ങളാണ്. എന്നാൽ ഇവിടെ പതിയിരിക്കുന്ന അപകടം, മനഃപൂർവ്വമല്ലാതെ നാം ഈ ചോദ്യങ്ങൾക്കു സത്യസന്ധമായി മറുപടി നൽകാതെയിരിക്കും എന്നതാണ്. നമ്മുടെ സ്വയംവഞ്ചനയുടെ ആഴം വളരെയധികമാകയാൽ നാം അന്ധരായിരിക്കുന്നു എന്നു മാത്രമല്ല, നമ്മുടെ അന്ധതയെക്കുറിച്ചു തന്നേ അന്ധരായിരിക്കുന്നു എന്നതാണു ദുഃഖസത്യം. എങ്കിലും സകലവും ശോധനചെയ്യുന്ന ദൈവത്തിന്റെ ആത്മാവിന് പരമാർത്ഥതയുള്ള ഒരു ജീവിതത്തെ സഹായിക്കാൻ കഴിയും. പരമാർത്ഥതയുള്ളവനായിരിക്കുക എന്നാൽ നൂറുശതമാനവും സത്യസന്ധതയും തുറന്ന മനസ്സും ഉള്ളവനായിരിക്കുക എന്നതാണ് ഉദ്ദേശിക്കുന്നത്. തന്റെ ജീവിതത്തിലെ കഴമ്പില്ലായ്മയെക്കുറിച്ചും, മതഭക്തിയുടെ മുടന്തൻ ന്യായങ്ങളെക്കുറിച്ചും ഒരുവൻ പരിപൂർണ്ണമായും സത്യസന്ധനായിരിക്കുന്നത് വളരെ അപൂർവ്വമാണ്. ഒരു കപടഭക്തനെ സഹായിക്കാൻ ദൈവാത്മാവിനു കഴികയില്ല. കൂടുതൽ മതഭക്തനായിരുന്നാൽ ഈ പ്രവൃത്തി കൂടുതൽ ബുദ്ധിമുട്ടുള്ളതായിരിക്കയും ചെയ്യും. തന്റെ ജീവിതത്തിൽ എന്തെങ്കിലും അയാഥാർഥ്യം ഉണ്ടെന്നുള്ള ചിന്ത തന്നെ തുടച്ചുമാറ്റുവാൻ അവന്റെ മതഭക്തി അവനെ സഹായിക്കുന്നു.

നമ്മിൽ പലർക്കും ഉള്ള വലിയ അപകടസാദ്ധ്യത ഇവിടെയാണ്. പാപികൾക്കുവേണ്ടി പ്രാർത്ഥിക്കാൻ നാം ഒരുക്കമുള്ളവരാണ്, പിൻമാറ്റക്കാരെ അഭിമുഖീകരിക്കാനും നമുക്കു മടിയില്ല. ജഡികക്രിസ്ത്യാനികളെ ദൈവത്തിന്റെ യാഗപീഠത്തിലേയ്ക്ക് കൊണ്ടുവരുന്നകാര്യത്തിലും നാം എരിവുള്ളവരാണ്. എന്നാൽ നമ്മുടെ അവസ്ഥ എങ്ങനെയിരിക്കുന്നു? എന്തുകൊണ്ടാണു നാം പരിശുദ്ധാത്മനിറവുള്ളവരായി പൂർണ്ണസുവിശേഷം കൈവശമാക്കാതെയിരിക്കുന്നത്? നാം ആ അവസ്ഥയിൽ ആയിത്തീരും എന്നു പ്രത്യാശിക്കാം.

എല്ലാക്കാലത്തും പൊള്ളയായ പുറംതോടിൽ മാത്രം തൃപ്തിപ്പെടുകഴിയാനുള്ള ഒരു പ്രവണത മനുഷ്യനുണ്ട് എന്ന വസ്തുത നാം മറന്നുപോകരുത്. ആത്മീയഭാഷണം ലോകത്തിലേയ്ക്കും ഏറ്റവും മാരകമായ അയാഥാർഥ്യങ്ങളിൽ ഒന്നാണ് എന്നുള്ള കാര്യവും നാം ഓർക്കുന്നത് നന്ന്. യേശുക്രിസ്തുവിന്റെ സുവിശേഷത്തിന് അതിന്റെ അടിസ്ഥാനത്തിലും അതിന്റെ പൂർണ്ണതയിലും ഏറ്റവും അധികം ദോഷം സംഭവിച്ചിട്ടുള്ളത് മൃദുലവും ഗംഭീരവുമായ ആത്മീയഭാഷ സംസാരിക്കുന്നവരുടെ കൈയിൽനിന്നാണ്. അതിന്റെ കാരണം അവർ സംസാരിക്കുന്ന പ്രൗഢഗംഭീരമായ കാര്യങ്ങളുടെ ഒരു പ്രതിഫലനമേയല്ല അവരുടെ യഥാർത്ഥജീവിതം എന്നതാണ്. സാത്താനും അവന്റെ എല്ലാ ശക്തികളും കൂടി ചെയ്തിട്ടുള്ളതിലും അധികം ദോഷം സുവിശേഷത്തിന് ഈ തരത്തിലുള്ള അയാഥാർഥ്യം നിറഞ്ഞ ജീവിതങ്ങളാണു ചെയ്തിട്ടുള്ളത്.

നമ്മിൽ ഏറ്റവും അധികം ആത്മീയവളർച്ച പ്രാപിച്ചിരിക്കുന്നവർ പോലും എത്തിപ്പിടിച്ചിട്ടില്ലാത്ത തേജസ്സുള്ള യാഥാർഥ്യങ്ങൾ ക്രിസ്തീയജീവിത

*(ശേഷം പേജ് 30 ൽ)*

ചിന്തയ്ക്ക്

ക്രിസ്തീയത കളിയും ചിരിയുമോ?-II

# ദൈവത്തെ ആഴത്തിൽ അറിയുന്ന അനുഭവം

എ.ഡബ്ല്യൂ.ടോസർ

**ദൈ**വത്തെ ആഴത്തിൽ അറിയുക എന്ന ഉദ്ദേശ്യത്തോടെയാണ് മനുഷ്യൻ ദൈവസ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ടത്. ക്രിസ്തുവിനെ വീണ്ടെടുപ്പുകാരനായി അറിയുമ്പോൾ അതൊരു തുടക്കം മാത്രമാണ്. വീണ്ടെടുപ്പിനെ തുടർന്ന് ദൈവപരിജ്ഞാനത്തിൽ വർദ്ധിച്ചുവരുവാൻ എത്ര വലിയ സാധ്യതയാണ് അവനുള്ളത്.!

**2.വീണ്ടെടുക്കപ്പെട്ട മനുഷ്യാ, അവനെ അറിയുക; അനുഭവിക്കുക**

വിശ്വസിക്കുന്ന തന്റെ മക്കൾക്കായി തന്നെത്തന്നെയും തന്റെ അനുഗ്രഹങ്ങളെയും ഉടനടി ലഭ്യമാക്കിയിട്ടും യേശുക്രിസ്തുവിനെ നാം വളരെക്കുറച്ചുമാത്രം അറിയുന്നവരായിരിക്കുന്നു എന്ന യാഥാർത്ഥ്യത്തിന്, എന്തെങ്കിലും വിശദീകരണം നൽകുവാൻ നമുക്കു കഴിയുമോ?

ദൈവത്തിന്റെ അനന്തതയുടേയും സ്വഭാവമാഹാത്മ്യത്തിന്റെയും മുമ്പിൽ വളരെപ്പെട്ടെന്ന് നിരാശരായിപ്പോകുന്ന നമ്മുടെ മാനുഷികചിന്തകളിൽത്തന്നെ ഇതിന് ഭാഗികമായ ഉത്തരം കണ്ടെത്താവുന്നതാണ്. സഹോദരരേ, മനുഷ്യരെന്ന നിലയിൽ ദൈവത്വത്തെ മുഴുവനുമായി അറിയുവാൻ നമുക്ക് ഒരിക്കലും കഴിയുകയില്ല എന്ന് ഓർക്കുന്നത് നല്ലതായിരിക്കും. ത്രിയേകദൈവത്തെ പൂർണ്ണമായി അറിയുവാൻ നമുക്ക് കഴിവുണ്ടായിരുന്നു എങ്കിൽ ആ ദൈവത്വത്തോട് നാം സമൻമാരാകുമായിരുന്നു. ഉദാഹരണത്തിന്, ഒരു ലിറ്റർ വെള്ളം മുഴുവനായി ഒരു ലിറ്ററിനേക്കാൾ ചെറിയ ഒരു പാത്രത്തിലേക്ക് ഒഴിക്കുവാൻ നമുക്ക് കഴിയുകയില്ല. അതുപോലെതന്നെ ദൈവത്തേക്കാൾ ചെറിയ ഒരു സൃഷ്ടിയുടെ അനുഭവത്തിന്റെ മൂശയിലേക്ക് ദൈവത്വത്തെ മുഴുവനുമായി ഒഴിക്കുവാനും സാധ്യമല്ല.

നൂറ്റാണ്ടുകൾക്കുമുമ്പ് പുരാതനസഭാപിതാക്കന്മാർ, ത്രിത്വത്തെക്കുറിച്ച് വാദിക്കുന്നതിനായി ഇതുപോലൊരു ഉദാഹരണം ഉപയോഗിച്ചിരുന്നു. നിത്യപിതാവായ ദൈവം അനന്തനായ ദൈവമാണെന്നും, അവിടുന്നു സ്നേഹമാണെന്നും അവർ ചൂണ്ടിക്കാട്ടി. തന്നെത്തന്നെ നൽകുന്നതാണ് സ്നേഹത്തിന്റെ സ്വഭാവമെങ്കിലും തനിക്ക് സമനല്ലാത്ത ആർക്കും തന്റെ സ്നേഹം പൂർണ്ണമായി നൽകുവാൻ പിതാവായ ദൈവത്തിനു സാധ്യമല്ല. അങ്ങനെ പിതാവായ ദൈവത്തിനുസമനായ പുത്രനും, പുത്രന്റെമേൽചൊരിഞ്ഞ സ്നേഹവും നമുക്കു വെളിപ്പെടുന്നു. ഈ ആദിമ ഭക്തർ തങ്ങളുടെ വാദഗതികൾ ഇപ്രകാരം തുടർന്നു: പിതാവിന് തന്റെ സ്നേഹം പുത്രനിലേക്ക് പകരണമെങ്കിൽ പിതാവിനും പുത്രനും സമമായ ഒരു മാധ്യമം ആവശ്യമായി വരുന്നു. അതാണ് പരിശുദ്ധാത്മാവ്. ത്രിത്വ







വിൽപ്പന ഉറപ്പുള്ള ഒരു പുസ്തകം ഇന്ന് ആർക്കും എഴുതാം-'ദൈവത്തിൽ നിന്ന് പലതും പ്രാപിക്കുവാനുള്ള പതിനേഴുവഴികൾ'- എന്ന തലക്കെട്ട് നൽകിയാൽ മാത്രം മതി. ആയിരക്കണക്കിന് കോപ്പികൾ ചൂടപ്പം പോലെ വിൽക്കപ്പെടും. ദൈവത്തിൽനിന്ന് എന്ത് ലഭിക്കും എന്നതിന്റെ അടിസ്ഥാനത്തിൽ ദൈവത്തെ അറിയുവാനാണ് ഇന്ന് അനേകർക്ക് ആഗ്രഹം.

ത്തെക്കുറിച്ചുള്ള അവരുടെ ആശയം ചുരുക്കത്തിൽ ഇങ്ങനെയാണ്-പുരാതനനായ ദൈവം തന്റെ സ്നേഹത്തിന്റെ പൂർണ്ണതയിൽ തനിക്കു തുല്യനായ പരിശുദ്ധാത്മാവിലൂടെ തനിക്കും പരിശുദ്ധാത്മാവിനും തുല്യനായ പുത്രനിലേക്ക് തന്നെതന്നെ പകരുന്നു.

തീർച്ചയായും, ദൈവികതയുടെ എല്ലാ മർമ്മങ്ങളും അറിയുവാൻ മനുഷ്യന് സാധ്യമല്ല. എന്നാൽ മനുഷ്യന് ഈ ജീവിതത്തിൽ ദൈവത്തെക്കുറിച്ച് അറിയുവാൻ കഴിയുന്നതെല്ലാം തന്നെ യേശുക്രിസ്തുവിൽ വെളിപ്പെട്ടിരിക്കുന്നു എന്നതും അതുപോലെ തീർച്ചയാണ്! "അവനെ അറിയേണ്ടതിനും" എന്ന തന്റെ ഹൃദയവാഞ്ഛയിലൂടെ, പഠിക്കുവാനും ഓർമ്മയിൽ സൂക്ഷിക്കുവാനും കഴിയുന്ന ബുദ്ധിപരമായ അറിവല്ല, പൗലോസ് ഉദ്ദേശിച്ചത്; മറിച്ച്, ദൈവത്തെ ബോധപൂർവ്വമായും വ്യക്തിപരമായും അറിയുന്ന, ആത്മാവ് ആത്മാവിനെയും ഹൃദയം ഹൃദയത്തെയും സ്പർശിക്കുന്ന നിജമായ ഒരു അനുഭവത്തെക്കുറിച്ചാണ് അവൻ പറഞ്ഞത്.

ദൈവത്തെ കേട്ടറിവിനാൽ മാത്രം അറിയുന്ന, എന്നാൽ ക്രിസ്തീയ(ആത്മീയ) ഭാഷാ പ്രയോഗങ്ങൾ ഉപയോഗിക്കുന്ന പലരും ഈ കാലത്തു നമ്മുടെ സഭകളിലുണ്ട്. അവരിൽ പലരും ദൈവത്തെക്കുറിച്ചുള്ള ഏതെങ്കിലും പുസ്തകം വായിച്ചിട്ടുണ്ട്. ദൈവവെളിച്ചത്തിന്റെ പ്രതിഫലനകിരണങ്ങളിൽ ചിലത് അവർ ദർശിച്ചിട്ടുണ്ട്. ദൈവശബ്ദത്തിന്റെ പ്രതിധ്വനിയുടെ ഏതോ ചില വിദൂരവീചികൾ അവർ ശ്രവിച്ചിട്ടുണ്ടെന്നുമിരിക്കാം. എന്നാൽ അവരുടെ വ്യക്തിപരമായ ദൈവികഅറിവ് തുലോം കുറവാണ്.

സഭാഹാജർ, മതപരമായ പ്രവർത്തനങ്ങൾ, സാമൂഹികകൂട്ടായ്മ, ഗാനാലാപനേരങ്ങൾ, ആദിയായവയിൽ ഊറ്റം കൊള്ളുന്നവരാണ് പല ക്രിസ്ത്യാനികളും-കാരണം, ഇതിലെല്ലാം അവർക്ക് മറ്റുള്ളവരിൽ ചാരുവാൻ കഴിയും. ക്രിസ്തീയസമൂഹങ്ങളിൽ അന്യോന്യം

താങ്ങുവാനുള്ള മതപരമായ പ്രവർത്തനങ്ങളിൽ അവർ അനേക സമയം ചെലവഴിക്കുന്നു.

യേശുക്രിസ്തു ഭൂമിയിലായിരുന്നപ്പോൾ ചെയ്തുതീർക്കുവാനായി ഒരു പ്രവൃത്തി അവിടുത്തേക്കുണ്ടായിരുന്നു. പ്രസംഗിക്കുകയും പഠിപ്പിക്കുകയും രോഗികളെ സൗഖ്യമാക്കുകയും ചോദ്യങ്ങൾക്ക് മറുപടി പറയുകയും ജനങ്ങളെ അനുഗ്രഹിക്കുകയും ചെയ്തതിലൂടെ മറ്റ് ശുശ്രൂഷകളുടെ ആവശ്യകതയും അവിടുന്ന് മനസ്സിലാക്കിയിരുന്നു എന്ന് വ്യക്തമാണ്. തന്നെ സ്നേഹിക്കുകയും അനുഗമിക്കുകയും ചെയ്ത സഹോദരങ്ങളോടുള്ള കൂട്ടായ്മയും അവിടുന്ന് അറിഞ്ഞിരുന്നു. എന്നാൽ, പിതാവിനോട് അവിടുത്തേയ്ക്കുണ്ടായിരുന്ന കൂട്ടായ്മ, പിതാവുമായുള്ള വ്യക്തിബന്ധം, അറിവ് ആദിയായവയുമായി തുലനം ചെയ്യുമ്പോൾ, യേശുവിന്റെ മുപ്പത്തിമൂന്നരവർഷജീവിതത്തിലെ ഒറ്റപ്പെട്ട സംഭവങ്ങൾ മാത്രമായിരുന്നു പരസ്യശുശ്രൂഷയിലെ പ്രവർത്തനങ്ങളും, സഹോദരകൂട്ടായ്മയും, എന്ന് പറയാം. രാത്രിമുഴുവൻ പ്രാർത്ഥിക്കുവാനും ദൈവസന്നിധിയിൽ കാത്തിരിക്കുവാനുമായി മലയിലേക്ക് പോയപ്പോൾ, അവിടുന്ന് ഏകനല്ലായിരുന്നു-തന്നോടൊപ്പമുണ്ടായിരുന്ന പിതാവിന്റെ പ്രകടമായ സാന്നിധ്യം അവിടുന്ന് അറിഞ്ഞിരുന്നു.

ആധുനികക്രിസ്തീയവേലയിൽ ഇത് ചെയ്യുവാനും, അത് ചെയ്യുവാനും ഇവിടെ പോകുവാനും അവിടെ പോകുവാനുമുള്ള നിരന്തരസമ്മർദ്ദം അനുഭവിക്കുന്നവരാണ് നാം. അനുഭവവേദ്യമായ ദൈവികസാന്നിധ്യം എത്ര അധികം നമുക്ക് നഷ്ടമായിരിക്കുന്നു! ഫലമോ, ദൈവത്തെക്കുറിച്ച് നാം കേട്ടറിവ് മാത്രമുള്ളവരായിത്തീർന്നിരിക്കുന്നു.

ക്രിസ്തീയവിശ്വാസം ഉയർത്തിപ്പിടിക്കുന്ന അനേകർ, ദൈവത്തിൽനിന്ന് ചിലത് പ്രാപിക്കുവാൻ മാത്രമുള്ള തത്ര

**തന്നെത്തന്നെ നൽകാതെ ദൈവം നിങ്ങൾക്ക് റോസാപുഷ്പത്തെ നൽകിയാൽ, നിങ്ങൾക്ക് നൽകിയത് ഒരു മുള്ളാണ് എന്നേ എനിക്ക് പറയുവാൻ കഴിയൂ. തന്നെത്തന്നെ നൽകാതെ ഒരു പൂന്തോട്ടമണ് അവിടുന്ന് നിങ്ങൾക്ക് നൽകുന്നതെങ്കിൽ, പാമ്പുള്ള പൂന്തോട്ടമായിരിക്കും അത്. തന്നെത്തന്നെ നൽകാതെയുള്ള സമൃദ്ധിയാണ് അവിടുന്ന് നിങ്ങൾക്ക് നൽകിയതെങ്കിൽ, നിങ്ങളെത്തന്നെ നശിപ്പിക്കുവാൻ പര്യാപ്തമായതാണ് അത് എന്ന് ഓർത്തിരിക്കുക.**

പ്പാടിലാണ്. യേശുക്രിസ്തുവിനെ നാം വളരെ കുറച്ചുമാത്രം അറിയുന്നവരായിരിക്കുന്നതിന്റെ കാരണം കണ്ടെത്തുവാനുള്ള നമ്മുടെ അന്വേഷണത്തിന് ഇതും ഭാഗികമായ ഉത്തരമാണ്. വിൽപ്പന ഉറപ്പുള്ള ഒരു പുസ്തകം ഇന്ന് ആർക്കും എഴുതാം-‘ ദൈവത്തിൽ നിന്ന് പലതും പ്രാപിക്കുവാനുള്ള പതിനേഴുവഴികൾ’- എന്ന തലക്കെട്ട് നൽകിയാൽ മാത്രം മതി. അല്ലെങ്കിൽ, ‘മാനസിക സ്വസ്ഥതയ്ക്കുള്ള പതിനാലുവഴികൾ’ എന്ന പുസ്തകം എഴുതുക-ആയിരക്കണക്കിന് കോപ്പികൾ ചൂടപ്പം പോലെ വിൽക്കപ്പെടും. ദൈവത്തിൽനിന്ന് എന്ത് ലഭിക്കും എന്നതിന്റെ അടിസ്ഥാനത്തിൽ ദൈവത്തെ അറിയുവാനാണ് ഇന്ന് പലർക്കും ആഗ്രഹം.

ദൈവം തന്നെത്തന്നെ നൽകുവാൻ ആഗ്രഹിക്കുന്നു എന്ന് അവർ ഗ്രഹിക്കുന്നില്ല. തന്റെ ദാനങ്ങളോടൊപ്പം ദാതാവായ തന്നെത്തന്നെ പകരുവാൻ അവിടുന്ന് താത്പര്യപ്പെടുന്നു. ദൈവത്തിൽ നിന്ന് നമുക്ക് ലഭിക്കുന്ന ഏത് ദാനവും, അവിടുത്തോടുള്ള വ്യക്തിപരമായ അറിവിൽനിന്നും വേർപെട്ടതാണെങ്കിൽ അപൂർണ്ണമാണ്.





പൗലോസിന്റെ ലേഖനങ്ങളിൽക്കാണുന്ന എല്ലാ ആത്മികവരങ്ങൾക്കായും ഞാൻ പ്രാർത്ഥിക്കുകയും, ആ പതിനേഴ് വരങ്ങളും എനിക്ക് നൽകുവാൻ ദൈവാത്മാവിന് പ്രസാദം തോന്നുകയും ചെയ്താൽ പോലും, വരങ്ങളോടൊപ്പം അവിടുന്ന് തന്നെത്തന്നെ നൽകുന്നില്ലെങ്കിൽ, ഞാൻ നിൽക്കുന്നത് വളരെ അപകടം പിടിച്ച ഒരിടത്താണ്.

സൃഷ്ടിപ്പിനെക്കുറിച്ച് നാം ചിന്തിച്ചപ്പോൾ, തന്റെ എല്ലാ സൃഷ്ടികൾക്കും ഒരു പ്രത്യേകചുറ്റുപാട് ദൈവം ഒരുക്കിയിട്ടുണ്ട് എന്ന് സൂചിപ്പിക്കുകയുണ്ടായി. തന്റെ സ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ടിട്ടും നഷ്ടപ്പെട്ടുപോയ മനുഷ്യനെ പ്രിയപുത്രന്റെ രക്തത്താലാണ് ദൈവം വീണ്ടെടുത്തത്. അതുകൊണ്ട്, ഒരു ക്രിസ്ത്യാനിക്ക് ഏറ്റവും അനുയോജ്യമായ അന്തരീക്ഷം ദൈവത്തിന്റെ ഹൃദയം തന്നെയാണ്. ദൈവികദാനങ്ങളെ ആഗ്രഹിക്കുന്ന നാം, നമുക്ക് അനുയോജ്യമായ വാസസ്ഥലമായി ദൈവത്തെത്തന്നെ ആഗ്രഹിക്കുന്നില്ല എന്നതാണ് സ്വർഗ്ഗത്തിൽ ഒരു ദുഃഖമുണ്ടെങ്കിൽ അതിനു കാരണം.

തന്നെത്തന്നെ നൽകാതെ ദൈവം നിങ്ങൾക്ക് റോസാപുഷ്പത്തെ നൽകിയാൽ, അവൻ നിങ്ങൾക്ക് നൽകിയത് ഒരു മുള്ളാണ് എന്നേ എനിക്ക് പറയുവാൻ കഴിയൂ. തന്നെത്തന്നെ നൽകാതെ ഒരു പൂന്തോട്ടമണ് അവിടുന്ന് നിങ്ങൾക്ക് നൽകുന്നതെങ്കിൽ, പാമ്പുള്ള പൂന്തോട്ടമായിരിക്കും അത്. തന്നെത്തന്നെ നൽകാതെയുള്ള സമൃദ്ധിയാണ് അവിടുന്ന് നിങ്ങൾക്ക് നൽകിയതെങ്കിൽ, നിങ്ങളെത്തന്നെ നശിപ്പിക്കുവാൻ പര്യാപ്തമായതാണ് അത് എന്ന് ഓർത്തിരിക്കുക.

ദാനങ്ങൾക്കും അനുഗ്രഹങ്ങൾക്കും വേണ്ടി മാത്രം ദൈവത്തെ അന്വേഷിക്കുന്ന ഈ ആധുനിക തിരത്തള്ളലിനെ നാം എതിർത്തേ മതിയാകൂ. തനിക്കായിത്തന്നേ സ്നേഹിക്കപ്പെ

**ഇന്ന് ഒട്ടധികംപേർ ദൈവത്തെ ‘ഉപയോഗിക്കുന്ന’വരാണ്. ഒരു ജോലി ലഭിക്കുവാനായി ദൈവത്തെ ഉപയോഗിക്കുക, നമ്മുടെ സുരക്ഷയ്ക്കായി ദൈവത്തെ ഉപയോഗിക്കുക, മനസ്സമാധാനം ലഭിക്കുവാനായി ദൈവത്തെ ഉപയോഗിക്കുക, ബിസിനസ്സിന്റെ അഭിവൃദ്ധിക്കായി ദൈവത്തെ ഉപയോഗിക്കുക, അന്ത്യത്തിൽ സ്വർഗ്ഗം ലഭിക്കുവാനായും ദൈവത്തെ ഉപയോഗിക്കുക!**

ടുവാനും, തനിക്കായിത്തന്നെ ബഹുമാനിക്കപ്പെടുവാനുമാണ് സർവ്വത്തിനും അധികാരിയായ ദൈവത്തിന്റെ ഹൃദയാഭിലാഷം. എന്നാൽ അവിടുത്തെ അഭിലാഷത്തിന്റെ ഒരു ഭാഗം മാത്രമാണ് ഇത്. ദൈവത്തെ നമുക്ക് ലഭിച്ചുകഴിയുമ്പോൾ, മറ്റെല്ലാം തന്നെ അവിടുത്തോടൊപ്പം ലഭ്യമായിക്കഴിഞ്ഞു എന്ന് നാം ഗ്രഹിക്കണമെന്നതാണ് മറുഭാഗം. ‘മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ. അതോടൊപ്പം ഇതൊക്കെയും നിങ്ങൾക്ക് ലഭിക്കും’ എന്ന് യേശു പറഞ്ഞപ്പോൾ ഇത് വ്യക്തമാക്കുകയായിരുന്നു.

ദൈവത്തിന്റെ ദാസനായിരിക്കുന്നതിനു പകരം, ദൈവത്തെ നമ്മുടെ ദാസനാക്കുന്ന തരത്തിലുള്ള ഒരു ഉപദേശത്താൽ സ്വാധീനിക്കപ്പെട്ട് മസ്തിഷ്കപ്രക്ഷാളനം ചെയ്യപ്പെട്ടവരാണ് ക്രിസ്തീയവിശ്വാസികളിൽ പലരും. ‘നിങ്ങൾക്ക് ആവശ്യമുള്ള പണം ദൈവത്തിൽ നിന്ന് ലഭിക്കുവാനായി എങ്ങിനെ പ്രാർത്ഥിക്കണം’ എന്ന് വിവരിക്കുന്ന ലഘുലേഖ എഴുതി അച്ചടിച്ച് ഒരുവൻ വിതരണം ചെയ്യുന്നത് എന്തിനാണ്? വിശ്വാസത്താലുള്ള ഒരു ജീവിതവും ശുശ്രൂഷയും നയിച്ചിട്ടുള്ള നമ്മിൽ ഏതൊരാൾക്കും ദൈവം നമ്മുടെ ആവശ്യങ്ങളെ തക്കസമയത്ത് സാധിച്ചതിന്റെ സാക്ഷ്യങ്ങൾ പറയു

വാൻ കഴിയും. ഞങ്ങളുടെ ശുശ്രൂഷയുടെ പ്രാരംഭവർഷങ്ങളിൽ, ഭക്ഷണത്തിനും മറ്റെല്ലാ ആവശ്യങ്ങൾക്കുമായി, ഞാനും എന്റെ ഭാര്യയും, ദൈവത്തിൽ പൂർണ്ണമായും ആശ്രയിച്ചില്ലായിരുന്നു എങ്കിൽ, ഒരു പക്ഷേ പട്ടിണിയുടെ അവസ്ഥയിൽകൂടി കടന്നുപോകേണ്ടിവരുമായിരുന്നു. വിശ്വസിക്കുന്ന തന്റെ കുഞ്ഞുങ്ങൾക്ക് ആവശ്യമുള്ള പണം തക്കസമയത്ത് എത്തിച്ചുകൊടുക്കുവാൻ ദൈവം കഴിവുള്ളവനാണ് എന്ന് ഞങ്ങൾക്കുറപ്പുണ്ട്. എന്നാൽ ലഭിച്ച പണത്തെക്കുറിച്ചുള്ള സന്തോഷത്താൽ മതിമറന്ന്, ദാതാവായ ദൈവത്തിന് മഹത്വം കൊടുക്കുവാൻ മറന്നുപോയാൽ, അത് വളരെ തരംതാണ ഒരു നിലയാണ്.

ഇന്ന് ഒട്ടധികംപേർ ദൈവത്തെ 'ഉപയോഗിക്കുന്നതിൽ' തിരക്കുള്ളവരാണ്. ഒരു ജോലി ലഭിക്കുവാനായി ദൈവത്തെ ഉപയോഗിക്കുക, നമ്മുടെ സുരക്ഷയ്ക്കായി ദൈവത്തെ ഉപയോഗിക്കുക, മനസ്സമാധാനം ലഭിക്കുവാനായി ദൈവത്തെ ഉപയോഗിക്കുക, ബിസിനസ്സിന്റെ അഭിവൃദ്ധിക്കായി ദൈവത്തെ ഉപയോഗിക്കുക, അന്ത്യത്തിൽ സ്വർഗ്ഗം ലഭിക്കുവാനായും ദൈവത്തെ ഉപയോഗിക്കുക!

സഹോദരങ്ങളേ, നാം പഠിക്കേണ്ട വളരെ പെട്ടെന്ന് പഠിക്കേണ്ട പാഠം ഇതാണ്. ഒരു ചെറിയ നാണയത്തുട്ട് മാത്രമേ നമ്മുടെ കൈയിൽ ഉള്ളൂ എങ്കിലും ദൈവത്തെത്തന്നെ നമുക്ക് ലഭിച്ചിട്ടുണ്ട് എങ്കിൽ, മുമ്പേ ദൈവത്തിൽ ആശ്രയം വയ്ക്കുന്നവരാണ് നാമെങ്കിൽ, നാം ഭാഗ്യവാന്മാരാണ്. ദൈവത്തെക്കൂടാതെ ഈ ലോകത്തിലെ സകല ധനവും സ്വാധീനവും ഉണ്ടായിരിക്കുന്നതിലും വളരെ നല്ലത് അതാണ്.

ദൈവം സ്നേഹമാകുന്നതിനാൽ, മനുഷ്യൻ ദൈവത്തെമാത്രം അന്വേഷിക്കുന്നവനായിരിക്കണം എന്നാണ് ജോൺ വെസ്ലി വിശ്വസിച്ചിരുന്നത്. 'ദൈവത്തെയല്ലാതെ, ഈ സ്നേഹമല്ലാതെ മറ്റെന്തെങ്കിലും അന്വേഷിക്കുവാനായി ആഹ്വാനം ചെയ്യുന്ന പ്രസംഗകരെ നിങ്ങൾ ശ്രദ്ധിക്കരുത്!' എന്ന് ആ കാലത്തെ ജനങ്ങളെ ജോൺ വെസ്ലി ഉപദേശിക്കുമായിരുന്നു. 'ദൈവത്തെ കൂടുതലായി അന്വേഷിക്കുക-തനിക്കായിത്തന്നെ അവിടുത്തെ അന്വേഷിക്കുക!' എന്ന ആലോചനയും ഈ കാലഘട്ടത്തിലെ ജനങ്ങൾക്ക് ആവശ്യമായിരിക്കുന്നു എന്ന് ഞാൻ ചിന്തിക്കുന്നു. ഈ തരത്തിലുള്ള ദൈവികഅന്വേഷണത്തിൽ നാം ഗൗരവബോധമുള്ളവരായിത്തീരണം. ദൈവികഅറിവിന്റേയും ദൈവത്തിന്റെ തന്നെ സാന്നിധ്യത്തിന്റെയും കൂടെ ദൈവത്തിന്റെ എല്ലാ ദാനങ്ങളും നമുക്ക് ലഭിക്കും എന്നുള്ള യാഥാർത്ഥ്യം അപ്പോഴാണ് വളരെ പെട്ടെന്ന് നമുക്ക് മനസ്സിലാവുക.

ദൈവത്തെ ഇവ്വണ്ണം സജീവമായും വ്യക്തിപരമായും അറിയുന്നതിൽ നിന്ന് എന്നെ തടയുന്ന വ്യക്തിയോ, വസ്തുവോ യഥാർത്ഥത്തിൽ എന്റെ ശത്രുവാണ്. ഈ വഴിയിൽ തടസ്സമായി നിൽക്കുന്ന സുഹൃത്ത് ഒരു ശത്രുവാണ്. ദൈവത്തിനും എനിക്കും മദ്ധ്യേ നിൽക്കുന്നത് അവിടുത്തെ ദാനമാണെങ്കിൽ, ആ ദാനം എന്റെ ശത്രുവാണ്. ഒരു പക്ഷേ, അത്, ഞാൻ താലോലിക്കുന്ന ഒരു സ്വപ്നമായിരിക്കാം, കഴിഞ്ഞ കാലത്തിലെ ഒരു വിജയമായിരിക്കാം, എന്നെ ഇന്നും തുറിച്ചു നോക്കുന്ന ഒരു പരാജയമായിരിക്കാം- എന്തുതന്നെ ആയാലും, എന്റെ കർത്താവിനും എനിക്കും ഇടയിലാണ് നിൽക്കുന്നതെങ്കിൽ, തുടർന്ന് ദൈവത്തെ അറിയുന്നതിൽ നിന്ന് എന്നെ തടയുവാൻ സാധ്യതയുള്ള ഒരു ശത്രുവായിത്തീർന്നിരിക്കുന്നു അത്.

ദൈവത്തെ നിങ്ങളുടെ വേലക്കാരനായി ചിത്രീകരിച്ചുകൊണ്ട് സുവിശേഷത്തെ ഇത്രമാത്രം ലഘൂകരിച്ചതിൽ നിങ്ങൾക്ക് ഒരു പങ്കുണ്ടോ? സമ്മാനക്കുട്ടയുമായി നിങ്ങളുടെ അരികിലേക്ക്

*(ശേഷം പേജ് 36 ൽ)*



**യുവജനങ്ങളോട്**

# എന്റെ സ്നേഹിതൻ യേശു

**സന്ദീപ് പുന്നൻ**

**എ**ന്റെ പിതാവിനെപ്പോലെ ഞാൻ പൂർണ്ണസമയക്രിസ്തീയശുശ്രൂഷയിൽ എന്തുകൊണ്ട് ആയിരിക്കുന്നില്ല എന്ന് ചോദിച്ച് ചില ദിവസങ്ങൾ മുമ്പ് ഒരാൾ എനിക്കൊരു കത്തയച്ചു. ഒരു സോഫ്റ്റ്‌വെയർ എൻജിനീയറായ എനിക്ക് കർത്താവിനും അവിടുത്തെ രാജ്യത്തിനും എങ്ങനെ ഒന്നാം സ്ഥാനം കൊടുക്കാൻ കഴിയും എന്ന് അദ്ദേഹം ചോദിച്ചിരുന്നു. എന്റെ മറുപടിയുടെ രത്നച്ചുരുക്കം താഴെ ചേർക്കുന്നു:-

പ്രിയപ്പെട്ട........,

താങ്കളുടെ കത്തിനു നന്ദി. താങ്കളുടെ സത്യസന്ധതയ്ക്കും ആത്മാർത്ഥതയ്ക്കും അഭിനന്ദനങ്ങൾ!

നമ്മുടെ സ്വാർത്ഥപരമായ എല്ലാ ലക്ഷ്യങ്ങളും, സ്വപ്നങ്ങളും ദൈവത്തിന് പൂർണ്ണമായി സമർപ്പിക്കുക എന്ന പരമപ്രധാനമായ വിഷയമാണ് താങ്കളുടെ ചോദ്യത്തിൽ അടങ്ങിയിരിക്കുന്നത് എന്ന വസ്തുത തുടക്കത്തിലേ ചൂണ്ടിക്കാണിക്കട്ടെ. പൂർണ്ണമായി ഈ വിധം സമർപ്പിച്ച ആരെക്കുറിച്ചും എനിക്കറിവില്ല. എന്നാൽ ഈ മേഖലയിൽ സമ്പൂർണ്ണസ്വാതന്ത്ര്യത്തിനായി തെരയുന്ന പലരും പോരാട്ടത്തിലാണ് എന്ന് എനിക്കറിയാം.

താങ്കൾ ഉന്നയിച്ച ചോദ്യങ്ങളോടുള്ള ബന്ധത്തിൽ ഞാൻ പലപ്പോഴും പോരാട്ടത്തിലാണ്. എന്റെ തൊഴിൽ കേവലം ഉപജീവനോപാധി എന്നതിലധികമാണോ, കർത്താവായ യേശുവിനെ കൂടാതെ ഞാൻ ഹൃദയത്തിൽ മറ്റു വിഗ്രഹങ്ങളെ പ്രതിഷ്ഠിച്ചിട്ടുണ്ടോ എന്നൊക്കെ ഞാൻ കൂടെക്കൂടെ എന്നോടു തന്നെ ചോദിക്കാറുണ്ട്. അതുകൊണ്ട് തുടക്കത്തിലേ പറയട്ടെ ഞാൻ തീവ്രമായി ആന്തരികപോരാട്ടത്തിലായിരിക്കുന്ന ഒരു മേഖലയാണിത്. എല്ലാ വിഗ്രഹങ്ങളിൽനിന്നും സ്വതന്ത്രമാകാനുള്ള, ഒരു സുനിശ്ചിതമാർഗ്ഗം താങ്കളോടു പറയുന്നതിനുപകരം (എനിക്ക് അത്തരം ഒരു ഒറ്റമൂലിയെപ്പറ്റി അറിയില്ലതാനും) ഈ പോരാട്ടത്തിൽ എന്നെ അത്യധികം സഹായിക്കുന്ന ചില ചിന്തകൾ താങ്കളുമായി പങ്കുവയ്ക്കട്ടെ:

**1. നമ്മുടെ ചുറ്റുമുള്ളവരെ നാം സഹായിക്കണം എന്ന് ദൈവം ആഗ്രഹിക്കുന്നു.**

ദൈവം പ്രത്യേകമായി വിളിക്കുന്ന ചിലർക്കുമാത്രം ലഭ്യമാകുന്ന ഒരു ബഹുമതിയാണ് പൂർണ്ണസമയക്രിസ്തീയശുശ്രൂഷ. എന്നാൽ ദൈവം വിളിക്കുന്നവനല്ലാതെ ആരും ഈ ബഹുമതി സ്വയം സ്വീകരിക്കുന്നില്ല. (എബ്രാ. 5.4) ഇതുവരെ ഇപ്രകാരം ഒരു വിളി ദൈവം എനിക്ക് നൽകിയിട്ടില്ല. അതുകൊണ്ടാണ് ഞാൻ എന്റെ ജോലി ഉപേക്ഷിച്ച് പൂർണ്ണസമയശുശ്രൂഷയിലേക്ക് തിരിയാത്തത്. ഒരു ഭൗതിക ജോലി ചെയ്യുന്നതിൽ ഞാൻ സന്തോഷം കണ്ടെത്തുന്നു. വിവരസാങ്കേതികവിദ്യയാണ് എന്റെ തൊഴിൽ മേഖല. ക്രിക്കറ്റ് കളിക്കാൻ ഇഷ്ടപ്പെ

ടുന്ന, ഫുട്ബോൾ, ബാസ്ക്കറ്റ് ബോൾ തുടങ്ങിയ കളികളിൽ താത്പര്യമുള്ള, സംഗീതം ആസ്വദിക്കുന്ന, വർത്തമാന സംഭവങ്ങൾ ചർച്ചചെയ്യുന്ന, കുടുംബങ്ങളുള്ള എന്നെപ്പോലെ ചുറ്റുപാടുമുള്ളവർക്ക് എന്റെ ജീവിതം ഒരു സഹായം ആയിരിക്കണം എന്നായിരിക്കണം ദൈവം ആഗ്രഹിക്കുന്നത്. അത്തരക്കാരുടെ ഇടയിൽ ആയിരിക്കുന്നത് എനിക്ക് സന്തോഷമാണ്. സ്രഷ്ടാവായ ദൈവത്തിന് സമർപ്പിതമായ ഒരു ജീവിതത്തിലൂടെ, മറ്റുവിഷയങ്ങളിലൊക്കെ താത്പര്യം ഉള്ളപ്പോൾ തന്നെ, ക്രിസ്തുവിൽ കേന്ദ്രീകൃതമായ ഒരു അനുഗൃഹീതജീവിതം സാദ്ധ്യമാണെന്ന് അവർക്ക് കാണിച്ചുകൊടുക്കാൻ എനിക്കാഗ്രഹമുണ്ട്. എന്റെ ചുറ്റുമുള്ളവരോട് എന്റെ സ്വർഗ്ഗീയപിതാവിന് കീഴ്പ്പെട്ട് ജീവിക്കുന്ന ജീവിതം അത്ഭുതകരമായ ഒരു അനുഭവമാണെന്ന് സാക്ഷിക്കുവാനാണത്.

**2. ദൈവം നാം ഓരോരുത്തർക്കും താലന്തുകൾ നൽകിയിരിക്കുന്നു.**

എനിക്കുള്ള സിദ്ധികൾ-താലന്തുകൾ -ദൈവം ദാനമായി തന്നതാണെന്ന് എനിക്ക് ബോദ്ധ്യമുണ്ട്. കമ്പ്യൂട്ടർ വൈദഗ്ദ്ധ്യം, ചെയ്യുന്ന ഏതൊരു കാര്യവും ഏറ്റവും നന്നായി ചെയ്യാനുള്ള ആഗ്രഹം ഇവ ദൈവം നൽകിയതിനാൽ കഠിനാദ്ധ്വാനം ചെയ്തു പഠിക്കാനും, ജോലിയിൽ ഏറ്റവും സമർത്ഥനായിരിക്കാനും, നല്ല തയ്യാറെടുപ്പോടെ അർത്ഥപൂർണ്ണമായി ക്രിസ്തീയസന്ദേശങ്ങൾ തയ്യാറാക്കാനും ഒക്കെ എനിക്ക് സാധിക്കുന്നു. പിശാചല്ല, ദൈവമാണ് എനിക്ക് കഴിവുകൾ നൽകിയത്. ലോകജീവിതത്തിലേയ്ക്കുള്ളവയെങ്കിൽ പോലും, ഞാൻ ദൈവദത്തമായ താലന്തുകളെ നിന്ദിക്കുന്നില്ല. അവയെ ഉപയോഗിക്കാനും അതിലൂടെ സന്തോഷം കണ്ടെത്താനും ശ്രമിക്കുന്നു.

**ഞാൻ യേശുവിനോടൊപ്പം സദാ നടക്കാൻ ശ്രമിക്കുന്നു. ജോലി സമയത്ത് എന്നെ അലോസരപ്പെടുത്തുന്നവരെപ്പറ്റി ഞാൻ എന്റെ സ്നേഹിതനായ യേശുവിനോട് പറയും. വിജയം കൊയ്യാനാഗ്രഹിക്കുന്ന, സമ്പന്നനാകാൻ കൊതിക്കുന്ന എന്റെ ചിന്തകൾ ഞാൻ അവനോട് പങ്കുവയ്ക്കാറുണ്ട്. അദ്ധ്യാപകനോ ന്യായാധിപനോ അല്ലാതെ എന്റെ സ്നേഹിതനായിരിക്കുന്ന യേശുവിനോട് എന്തും തുറന്നു പറയാം! ഒരു നല്ല സ്നേഹിതനെപ്പോലെ, യേശു എന്നെ ശ്രദ്ധിച്ചുകേൾക്കുന്നു, എന്റെ കരം പിടിച്ച് എന്നോടൊപ്പം നടക്കുന്നു.**

**3. തൊഴിലിൽ മികച്ചുവരുന്നത് ദൈവികമായ ഗുണമാണ്.**

ഈ ഒരു സാഹചര്യത്തിൽ ഞാൻ തൊഴിൽ ചെയ്യുന്നതിനാൽ ഞാൻ എന്റെ ജോലി ഏറ്റവും മെച്ചമായി ചെയ്യുകയാണ് ഉത്തമം. മറ്റുള്ളവരോട് സൗമ്യമായും സത്യസന്ധമായും പെരുമാറുന്നതു മാത്രമല്ല, ചുറ്റുമുള്ളവർക്ക് കഠിനാദ്ധ്വാനത്തിനും ഉൽകൃഷ്ടതയ്ക്കും മാതൃകയായിരിക്കുന്നതും, അതിനുള്ള അന്തരീക്ഷം സൃഷ്ടിക്കുന്നതും എന്റെ കടമയായി ഞാൻ കരുതുന്നു.

ഭൂമിയിൽ കഠിനാദ്ധ്വാനം ചെയ്യാനാണ് ദൈവം നമ്മെ ആക്കിയിരിക്കുന്നത്. (നെറ്റിയിലെ വിയർപ്പുകൊണ്ട് അപ്പം ഭക്ഷിക്കുവാൻ -ഉല്പത്തി 3:19). ക്രിസ്ത്യാനികളായതിനാൽ നിഷ്ക്രിയരായി, അലസരായി ഉപജീവനം നേടാൻ ദൈവം നമ്മെ സഹായിക്കയില്ല. ചുറ്റുമുള്ള ആരെയും പോലെ നാമും അദ്ധ്വാനിക്കേണ്ടിയിരിക്കുന്നു. നമ്മുടെ തൊഴിലിന് അർഹിക്കുന്ന സ്ഥാനം നൽകി, ആ തൊഴിലിൽ തൃപ്തിയും, സാഫല്യവും കണ്ടെത്തുകയാണ് ആവശ്യം.





**4. രണ്ടുപേരെ ദൈവം ഒരിക്കലും ഒരേ വിധം വിധിക്കുകയില്ല.**

ദൈവം ഓരോരുത്തർക്കും വ്യത്യസ്തമായ കഴിവുകൾ നൽകിയിരിക്കുന്നു. ദൈവദത്തമായ പ്രത്യേകസിദ്ധികളാൽ ചിലർക്ക് കൂടുതൽ നേട്ടങ്ങൾ കൈവരിക്കാൻ കഴിയുന്നു. മറ്റുള്ളവർക്ക് വ്യത്യസ്ത കഴിവുകളാണ് ലഭിച്ചിരിക്കുന്നത്. വ്യക്തിപരമായിപ്പറഞ്ഞാൽ ധാരാളം വരങ്ങൾ ദൈവം എനിക്ക് നൽകിയിരിക്കുന്നു. ദൈവം എനിക്ക് ദാനമായി തന്നിരിക്കുന്ന ചില കഴിവുകൾ ഇവയാണ് (ഞാൻ ഒട്ടും നിഗളത്തോടെയല്ല വസ്തുനിഷ്ഠമായി അവയെക്കുറിച്ച് പറയുകമാത്രമാണ് ചെയ്യുന്നത്)

* പല പ്രത്യേകതകളുള്ള എന്നെപ്പോലെ ഒരുവന് തക്കതുണയായ-ഞാൻ ചെയ്യുന്ന കാര്യങ്ങളിൽ എന്നെ പൂർണ്ണമായി പിൻതാങ്ങുന്ന -അനുഗ്രഹിക്കപ്പെട്ട ഒരു ജീവിതപങ്കാളി എനിക്കുണ്ട്.
* ദൈവഭയത്തിലും ദൈവസ്നേഹത്തിലും എന്നെ വളർത്തുകയും, ത്യാഗപൂർണ്ണമായ ദൈവസ്നേഹത്തിന്റെ ജ്വലിക്കുന്ന സാക്ഷികളായിരിക്കയും ചെയ്യുന്ന അനുഗൃഹീതരായ മാതാപിതാക്കൾ എനിക്കുണ്ട്.
* നിരന്തരമായി എന്നെ ഉത്സാഹിപ്പിക്കയും അനുഗ്രഹിക്കയും ചെയ്യുന്ന -ഞാൻ എത്രമാത്രം അവർക്ക് വിലപ്പെട്ടവനാണെന്ന് ഓർമ്മിപ്പിക്കുകയും ചെയ്യുന്ന സ്നേഹസമ്പന്നരായ മൂന്ന് സഹോദരന്മാരും മൂന്ന് സഹോദരഭാര്യമാരും എനിക്കുണ്ട്.
* വിവരസാങ്കേതികവ്യവസായമേഖല എന്തെന്നും ബിസിനസ്സ് ലോകത്തിന് ആവശ്യമായ കമ്പ്യൂട്ടർ സോഫ്റ്റ്വെയർ എന്തെന്നും ഗ്രഹിക്കാനുള്ള കഴിവ് എനിക്കുണ്ട്.
* വ്യക്തമായി ആളുകളോട് ആശയവിനിമയം ചെയ്യാനുള്ള കഴിവും, സന്തുലിതവും, ശാന്തതയുള്ളതുമായ വ്യക്തിത്വവും എനിക്കുണ്ട്.

ഇങ്ങനെ പറയാൻ പലകാര്യങ്ങളുണ്ട്. എന്നാൽ മുകളിൽ പറഞ്ഞത് ദൈവം തന്നെ എനിക്ക് ദാനമായി തരാൻ പ്രസാദിച്ച ചില കാര്യങ്ങളാണ്. അതുകൊണ്ടുതന്നെ എനിക്ക് പ്രശംസിക്കാൻ ഒന്നുമില്ല. ഈ ദാനങ്ങൾ ലഭിച്ചതിനാൽ എന്നെ വലിയവനായി കാണാതെ, ദൈവത്തോടും മനുഷ്യരോടും വലിയ ഉത്തരവാദിത്വമുള്ള ഒരുവനായി ഞാൻ എന്നെ കാണാൻ ആഗ്രഹിക്കുന്നു. അധികം ലഭിച്ചവരോട് അധികം ആവശ്യപ്പെടും എന്ന് എനിക്കുറപ്പുണ്ട്. അധികം ലഭിച്ചവനായി ഞാൻ എന്നെ കാണുന്നതിനാൽ എന്നെ സംബന്ധിച്ച് ദൈവത്തിന്റെ മാനദണ്ഡം കഠിനമായിരിക്കും.

താങ്കൾക്ക് എന്തൊക്കെ കഴിവുകളാണ് ദൈവം തന്നിരിക്കുന്നതെന്ന് എനിക്കറിയില്ല. എന്നാൽ ബുദ്ധിശക്തി തുടങ്ങി പലകാര്യങ്ങളും ദൈവം നൽകിയിട്ടുണ്ട്. ദൈവം തന്ന ബുദ്ധിശക്തി ഉപയോഗിക്കുന്നതിൽ വിശ്വസ്തത ദൈവം പ്രതീക്ഷിക്കുന്നു. പ്രത്യേകമായ കഴിവുകളും ദാനങ്ങളും ദൈവം ജന്മസിദ്ധമായി താങ്കൾക്ക് നൽകിയിരിക്കുന്നു – അവ എങ്ങനെ ഉപയോഗിക്കുന്നു എന്നു മാത്രമാണ് ദൈവം ചോദിക്കുന്നത്.

അവസാനമായി ഈ ഒരു ചിന്ത ഞാൻ പങ്കിടട്ടെ: ക്രിസ്തീയജിവിതത്തെ പലർക്കും പല മാർക്കുകൾ ലഭിക്കുന്ന ഒരു മത്സരപരീക്ഷയായിട്ടല്ല ഞാൻ കാണുന്നത്. എനിക്ക് 70, താങ്കൾക്ക് 73 മറ്റൊരാൾക്ക് 87 ഇങ്ങനെ മാർക്കു കിട്ടുന്ന ഒരു അവസാന പരീക്ഷയല്ല മറിച്ച് ഒരു യാത്രയാണ് ക്രിസ്തീയജീവിതം. 'ജീവിതം' എന്നുപറയുന്ന ഒരു യാത്രയിലാണ് ഞാൻ. എല്ലാ ദിവസവും എന്നോട് ചോദിക്കുന്ന ഏക ചോദ്യം, ഞാൻ യേശുവിനോടൊപ്പം നടക്കാൻ താത്പര്യപ്പെടുന്നോ എന്നു മാത്രമാണ്. ഞാൻ കമ്പ്യൂട്ടറിന്റെ മുമ്പി

ലിരിക്കുമ്പോൾ, ഞാൻ കമ്പനി മീറ്റിം
ഗുകളിൽ സംബന്ധിക്കുമ്പോൾ, എന്റെ
സംഭാഷണങ്ങളിലും ഭാവിയെക്കുറി
ച്ചുള്ള പദ്ധതികളിലും, യേശുവിന്റെ
സഖിത്വം ഞാൻ ആഗ്രഹിക്കുന്നുവോ?
കർശനമായി മാർക്കിടുന്ന ഒരു അദ്ധ്യാ
പകനല്ല, മറിച്ച് എന്റെ സ്നേഹിതനാ
ണ് യേശു.

ഞാൻ യേശുവിനോടൊപ്പം സദാ നട
ക്കാൻ ശ്രമിക്കുന്നു. ജോലിസമയത്ത്
എന്നെ അലോസരപ്പെടുത്തുന്നവരെ
പ്പറ്റി ഞാൻ എന്റെ സ്നേഹിതനായ
യേശുവിനോട് പറയും. വിജയം
കൊയ്യാനാഗ്രഹിക്കുന്ന, സമ്പന്നനാ
കാൻ കൊതിക്കുന്ന എന്റെ ചിന്തകൾ
ഞാൻ അവനോട് പങ്കുവയ്ക്കാറുണ്ട്.
അത്യാഗ്രഹത്തെ കീഴടക്കാനുള്ള
എന്റെ പോരാട്ടങ്ങൾ യേശുവിന് പരി
ചിതമാണ്. മര്യാദക്കാരായ, എന്നാൽ
യേശുവിനെ വ്യക്തിപരമായി അറി
യാത്ത, എന്റെ ചുറ്റുമുള്ളവരെപ്പറ്റി
ഞാൻ അവനോട് പറയാറുണ്ട്. ഞാൻ
എല്ലാം അവനോട് പറയും. ഒരു
അദ്ധ്യാപകനോ ന്യായാധിപനോ
അല്ലാതെ എന്റെ സ്നേഹിതനായിരി
ക്കുന്ന യേശുവിനോട് എന്തും തുറന്നു
പറയാം!

ഒരു നല്ല സ്നേഹിതനെപ്പോലെ, യേശു
എന്നെ ശ്രദ്ധിച്ചുകേൾക്കുന്നു, എന്റെ
കരം പിടിച്ച് എന്നോടൊപ്പം നടക്കുന്നു.
എന്നാൽ ചില തെരഞ്ഞെടുപ്പുകൾ നട
ത്തേണ്ടതുണ്ട്; എല്ലാ കാര്യങ്ങളിലും
യേശുവിനോടൊപ്പം മാത്രം നടക്കുക.
യേശുവിനോടൊപ്പം നടക്കുമ്പോൾ
അവൻ പറയുന്നത് ശ്രദ്ധിക്കുക. യേശു
വിനോടൊപ്പം നടന്ന്, അവൻ എനിക്ക്
നൽകിയിരിക്കുന്ന ദാനങ്ങളും കഴിവു
കളും ആസ്വദിക്കുക. യേശുവിനോ
ടൊപ്പം നടന്ന്, അവൻ സൃഷ്ടിച്ച
ലോകത്തെ ആസ്വദിക്കുക. -ഭക്ഷണം,
പ്രകൃതിസൗന്ദര്യം, തുടങ്ങിയവയെ
ല്ലാം.

ഞാൻ അവനോടൊപ്പം നടക്കുമ്പോൾ
ഞാൻ ഹൃദയത്തിൽ ചേർത്തുവച്ചിരി
ക്കുന്ന വിഗ്രഹങ്ങളെ അവൻ കാണി
ക്കുന്നു. എന്റെ ജീവിതത്തിലെ ദുഷ്പ
രിചയങ്ങളെ കാണിക്കുന്നു. ഇങ്ങനെ
യുള്ള കാര്യങ്ങൾ തുറന്നു കാണിക്കു
മ്പോൾ അവൻ ഒരിക്കലും എന്നെ
നിന്ദിക്കുന്നില്ല എന്നുള്ളതാണ് ഏറ്റവും
സന്തോഷകരമായ കാര്യം.

അവൻ താങ്കളോടൊപ്പവും നടക്കാൻ
തയ്യാറാണ്, ക്രമേണജീവിതത്തിന്റെ
എല്ലാ മേഖലകളും താങ്കൾ അവന്നായി
സമർപ്പിക്കുമ്പോൾ, അവനോട് ചേർന്നു
നടക്കുമ്പോൾ. അതുകൊണ്ട് യേശുവി
നോടൊപ്പം നടക്കാൻ മാത്രം ഉത്സാഹി
ക്കുക. ഈ കാര്യങ്ങൾ താങ്കളെ സഹാ
യിക്കും എന്ന് കരുതട്ടെ.

*ഈ നടപ്പിൽ താങ്കളുടെ*
*സഹയാത്രികൻ,*
*സന്ദീപ്*

**യാഥാർത്ഥ്യം** *പേജ് 21 ൽ നിന്ന് തുടർച്ച*

ത്തിൽ ഉണ്ട്. നമ്മുടെ ഗുരുവിനോ
ടൊപ്പം ആവശ്യത്തിൽ അധികം ദൂരം
യാത്ര ചെയ്തേക്കുമോ എന്ന ഭയം
നമുക്ക് ആവശ്യമില്ല. പരിശുദ്ധാത്മാവി
നാൽ വളരെയധികം നിയന്ത്രിക്കപ്പെട്ടു
പോകുമോ എന്ന ഭയവും അസ്ഥാന
ത്താണ്. അതേസമയം ദൈവത്തോടു
നാം ഈ ഉടമ്പടി ചെയ്യുന്നതു നല്ലതാ
ണ്. 'എത്രദൂരം നാം ക്രിസ്തീയജീവി
തത്തിൽ മുമ്പോട്ടു പോകുമോ
അത്രയും നാം പുറമേയും അകമേയും
യാഥാർത്ഥ്യം ഉള്ളവരായിരിക്കും".
ഏതൊരളവിൽ നാം ക്രിസ്തീയഅനു
ഭവത്തേക്കുറിച്ചു സാക്ഷിക്കുന്നുവോ
അതേ അളവിൽ നിസ്തർക്കമായ
ആത്മീയയാഥാർത്ഥ്യം ഉള്ളവരായി
രിക്കും എന്നും ദൈവസന്നിധിയിൽ
തീരുമാനിക്കാം. അപ്പോൾ ക്രിസ്തീയ
ജീവിതം തികച്ചും അനുഗ്രഹിക്കപ്പെട്ട
തായിത്തീരും. (സമാഹൃതം)



ഉത്തമ കുടുംബം-9

**കൈചൂണ്ടി**

# 'ക്രിസ്തു സഭയെ സ്നേഹിച്ചതുപോലെ'...

**സാക് പുന്നൻ**

**കു**ടുംബജീവിതം ആരംഭിച്ചിരിക്കുന്ന
എല്ലാവരും സർപ്പത്തിന്റെ തലയെ
ചതച്ച യേശുവിനെ പിൻതുടരാൻ മുഴു
മനസ്സോടെ തീരുമാനിക്കണം. റോമർ
16:20 ൽ "സമാധാനത്തിന്റെ ദൈവം
വേഗത്തിൽ സാത്താനെ നിങ്ങളുടെ
കാൽക്കീഴിൽ ചതച്ചുകളയും" എന്ന്
വായിക്കുന്നു. ഇത് എത്ര അത്ഭുതകര
മായ വചനമാണ്! ''സാത്താന്റെ
തലയെ യേശു ക്രൂശിൽ ചതച്ചു"
എന്ന കാര്യം ഇന്ന് പലർക്കും അറി
യാം. എന്നാൽ ക്രൂശിൽ അന്നു പരാ
ജയപ്പെട്ട സാത്താൻ, ഇന്ന് നമ്മുടെ
കാൽക്കീഴെ ചതയ്ക്കപ്പെടും എന്നതാ
ണ് ഏറ്റവും ആശ്ചര്യകരമായ
സുവാർത്ത. ഭാര്യാഭർത്താക്കന്മാരായ
നിങ്ങൾ മുഴു ശ്രദ്ധയോടെ യേശു
വിനെ പിൻപറ്റിയാൽ ഈ സാത്താൻ
നിങ്ങളുടെ കാൽക്കീഴെ ചതയ്ക്കപ്പെ
ടും! ഇതിനു പകരം ഭർത്താവും
ഭാര്യയും അന്യോന്യം വഴക്കടി
ക്കുകയാണെങ്കിൽ സാത്താൻ നിങ്ങ
ളുടെ കാൽക്കീഴിൽ അല്ല, നിങ്ങളുടെ
കുടുംബത്തിനു മുകളിൽ സിംഹാ
സനം ഇട്ട് നിങ്ങളുടെ തലയ്ക്കുമുക
ളിലായിരിക്കും ഇരിക്കുന്നത്. അതു
പോലെ കോപിച്ച്, മനം മുറിപ്പെട്ട്
അന്യോന്യം ക്ഷമിക്കാൻ മനസ്സില്ലാതെ
ഇരിക്കുന്നെങ്കിൽ സാത്താൻ നിങ്ങ
ളുടെ കാൽക്കീഴെ ചതയ്ക്കപ്പെടു
ന്നില്ല! ചില സ്ഥലങ്ങളിൽ ഭാര്യ ഭർത്താ
വിനോട് ഒരു വേലക്കാരനോടെന്ന
പോലെ പെരുമാറുന്നത് കാണാം.
അങ്ങനെയാണെങ്കിൽ സാത്താൻ
നിങ്ങളുടെ കാല്ക്കീഴെ ചതയ്ക്കപ്പെ
ടുകയില്ല. അല്ലെങ്കിൽ ഒരു വീട്ടിൽ
ഭർത്താവ് സർവ്വാധികാരിയെപ്പോലെ
തന്റെ ഭാര്യയുടെ വികാരങ്ങളെ
അല്പംപോലും മാനിക്കാതെ അവളെ
അടക്കി ഭരിക്കുകയാണെങ്കിൽ, ആ
വീട്ടിലും സാത്താൻ ചതയ്ക്കപ്പെടുന്നി
ല്ല. മറിച്ച്, അവൻ സിംഹാസനം ഇട്ടി
രിക്കുകയാണ്. ഇതുതന്നെയാണ് ഇന്ന്
അനേക വിശ്വാസികളുടെ വീടുകളിൽ
കാണപ്പെടുന്ന പരിതാപകരമായ
സ്ഥിതിവിശേഷം.

എന്നാൽ സാത്താൻ നമ്മുടെ
കാൽക്കീഴെ ചതയ്ക്കപ്പെടും എന്ന
സുവിശേഷവാഗ്ദാനം നാം ഇന്ന്
സ്വീകരിച്ചിരിക്കുന്നു. ഈ സുവിശേഷ
മാണു ഇന്ന് നമ്മൾ വിശ്വസിക്കുന്നതും.
ഈ സുവിശേഷം നമ്മുടെ സഭകളി
ലുള്ള അനേകകുടുംബങ്ങൾ പ്രായോ
ഗികജീവിതത്തിൽ കൊണ്ടുവന്നിട്ടുണ്ട്.
ഇവയെല്ലാം കൈക്കൊണ്ടു ജീവിക്കു
ന്നവർ തെറ്റൊന്നും ചെയ്യുകയില്ല
എന്നല്ല. എന്നാൽ അവരുടെ കുടുംബ
ജീവിതം നാളുകൾ കഴിയുംതോറും
"എത്രയും നല്ലത്" എന്ന ലക്ഷ്യത്തി
ലേക്കു വളർന്നുകൊണ്ടിരിക്കും. അപ്ര
കാരമുള്ള വീടുകളിൽ പരിശുദ്ധാത്മശ
ക്തിയും വസിക്കുന്നത് നമുക്ക്
കാണാൻ കഴിയും. ഇതുപോലെയുള്ള
കുടുംബജീവിതത്തിനാണ് നാം എല്ലാ

വരും വിളിക്കപ്പെട്ടിരിക്കുന്നത്.

*യേശുവിന്റെ കാലടികളെ പിൻചെല്ലുക മാത്രമാണ് ശ്രേഷ്ഠമായ കുടുംബം കെട്ടിപ്പടുക്കാനുള്ള ഏക മാർഗ്ഗം. തന്നെത്തന്നെ അർപ്പിച്ച യേശുവിന്റെ മാതൃക സ്വീകരിച്ച് ഭാര്യയെ സ്നേഹിക്കാൻ ഭർത്താവ് ഇവിടെ പഠിക്കുന്നു. ഈ ഭവനത്തിൽ ഭർത്താവ് ഒരേ സമയം നായകനും ദാസനുമായിരിക്കും.*

മുകളിൽ വിവരിച്ചതരത്തിലുള്ള ഒരു കുടുംബജീവിതം കാണാനാണു നമ്മുടെ ദേശം കാത്തിരിക്കുന്നത്. എന്നാൽ ഇന്ന് നമ്മുടെ നാട്ടിലുള്ള വിജാതീയർ എത്ര ക്രിസ്തീയകുടുംബങ്ങളെ ഈ മട്ടിൽ കണ്ടിട്ടുണ്ട്? വിജാതീയഭാര്യാഭർത്താക്കന്മാരുടേതിനേക്കാൾ ക്രിസ്തീയ ഭാര്യാഭർത്താക്കന്മാരുടെ ജീവിതങ്ങൾ ഉന്നത നിലവാരം പുലർത്തുന്നുണ്ടോ? അങ്ങനെയില്ലെങ്കിൽ അതുപോലുള്ള കുടുംബങ്ങൾ ഇന്ന് ഇന്ത്യയിൽ ഉണ്ടാകണമെന്നു ദൈവം ആഗ്രഹിക്കുന്നു. ഇങ്ങനെയുള്ള കുടുംബങ്ങൾ ഉണ്ടാകുന്നതിനു വേണ്ടിയാണ് ഇന്ന് ദൈവം ഉത്തമകുടുംബജീവിതത്തെക്കുറിച്ചുള്ള വചനം തന്നുകൊണ്ടിരിക്കുന്നത്.

ഒരു ഉത്തമകുടുംബത്തിൽ ഭാര്യാഭർത്താക്കന്മാർ ഇരുവരും യേശുവിനെ അനുഗമിക്കാൻ പഠിച്ചിരിക്കും. യേശുവിന്റെ കാലടികളെ അനുഗമിക്കുന്ന ഒരു ജീവിതം അല്ലാതെ സാത്താനെ ജയിക്കാൻ വേറെ വഴിയില്ല.

യേശുവിന്റെ നാമം ഉപയോഗിക്കുന്നവരെല്ലാം അവിടുത്തെ കാലടികൾ പിൻതുടരുന്നുവെന്ന് അർത്ഥമില്ല. കാരണം യേശുവിന്റെ നാമം എടുത്തിട്ടുള്ള പലരുടേയും ജീവിതത്തിൽ സാത്താൻ തോല്പിക്കപ്പെട്ടതായി കാണുന്നില്ല!

യേശുവിനെ പിൻചെല്ലുക മാത്രമാണ് ജയത്തിന്റെ പാത. "ഒരുവൻ എന്നെ അനുഗമിക്കുന്നുവെങ്കിൽ ഞാൻ ഇരിക്കുന്നിടത്ത് എന്റെ ശുശ്രൂഷക്കാരനും ഇരിക്കും" എന്ന് യേശു ഉറപ്പായി പറയുന്നുണ്ടല്ലോ (യോഹന്നാൻ 12:26) ഇപ്പോൾ യേശു എവിടെയാണ് ഇരിക്കുന്നത്? ഇപ്പോൾ അവിടുത്തെ കാൽക്കീഴെ സർപ്പത്തിന്റെ തല ചതയ്ക്കപ്പെട്ടിരിക്കുന്നു! നാമും യേശുവിനെ അനുഗമിക്കുന്നവരാണെങ്കിൽ അവിടുത്തെ പാദം സർപ്പത്തിന്റെ തലമേൽ ചവിട്ടിയിരിക്കുന്നതുപോലെ നമ്മുടെ പാദവും സാത്താന്റെ തലയെ തകർക്കുന്ന ഉയർന്ന സ്ഥാനത്തായിരിക്കും!

**ഭാര്യാഭർത്താക്കന്മാരായ നിങ്ങൾ മുഴു ശ്രദ്ധയോടെ യേശുവിനെ പിൻപറ്റിയാൽ സാത്താൻ നിങ്ങളുടെ കാൽക്കീഴെ ചതയ്ക്കപ്പെടും! ഇതിനു പകരം ഭർത്താവും ഭാര്യയും അന്യോന്യം വഴക്കടിക്കുകയാണെങ്കിൽ സാത്താൻ നിങ്ങളുടെ കാൽക്കീഴിൽ അല്ല, നിങ്ങളുടെ കുടുംബത്തിനു മുകളിൽ സിംഹാസനം ഇട്ട് നിങ്ങളുടെ തലയ്ക്കുമുകളിലായിരിക്കും ഇരിക്കുന്നത്.**

എന്നാൽ ഈ ഭാഗ്യം യേശുവിനെ പിൻതുടരുന്നവർക്കു മാത്രമാണുള്ളത്. അതുകൊണ്ടാണ് നാം നമ്മുടെ ഓട്ടം യേശുവിനെ നോക്കി ഓടണമെന്നു ദൈവവചനം നമ്മെ ബുദ്ധിയുപദേശിക്കുന്നത് (എബ്രാ.12:1,2). വിവാഹജീവിതം ആരംഭിക്കുന്ന ദമ്പതിമാർക്ക് സ്വീകരിക്കാവുന്ന അനുഗൃഹീതമായ ഒരു വചനമാണിത്. അതേ, യേശുവിനെ നോക്കിക്കൊണ്ട് അവിടുത്തെ കാല്ച്ചുവടുകളെ പിൻതുടർന്ന് നവദമ്പതികൾ തങ്ങളുടെ പ്രയാണം തുടരട്ടെ.

ഒരു ഭർത്താവിനു ദൈവം കൊടുക്കുന്ന ആദ്യ വചനം "പുരുഷന്മാരേ, നിങ്ങളുടെ ഭാര്യമാരെ സ്നേഹിപ്പിൻ





(എഫേസ്യർ 5:25) എന്നതാണ്. ആ സ്നേഹം 'ക്രിസ്തു സഭയെ സ്നേഹിച്ചതുപോലെ' 'പോറ്റിപ്പുലർത്തുന്നതുപോലെ'... എന്നിങ്ങനെ യേശുവിന്റെ മനോഭാവത്തോടു സാദൃശ്യപ്പെടുത്തി പറഞ്ഞിരിക്കുന്നു. (5:29) ക്രിസ്തുവിന്റെ സ്നേഹത്തിനു സമാനമായ അവസ്ഥയിൽ ഈ ഭൂമിയിൽ ഒരു ഭർത്താവുപോലും എത്തിച്ചേർന്നിട്ടില്ല എന്നതു വാസ്തവം. എന്നാൽ ദുഃഖകരമായ കാര്യം ഈയൊരു ശ്രേഷ്ഠമായ സ്ഥാനത്ത് എത്തിച്ചേരുന്നതിന് ഇന്നത്തെ വിശ്വാസികൾക്ക് ഒട്ടും താത്പര്യവുമില്ല എന്നതാണ്.

ഉത്സാഹത്തോടെയുള്ള ശ്രമം കൂടാതെ നമുക്ക് ഒന്നും ലഭിക്കുകയില്ല. ഇതുതന്നെയാണ് പൂർണ്ണത ലക്ഷ്യമാക്കുന്ന ജീവിതത്തിനും പ്രസക്തമായിട്ടുള്ളത്. ക്രിസ്തു സഭയെ സ്നേഹിച്ചതുപോലെ തന്റെ ഭാര്യയെ സ്നേഹിക്കുന്നതിന് തീക്ഷ്ണമായി ശ്രമിക്കുന്ന ഒരു ഭർത്താവ് വർഷങ്ങൾ മുന്നോട്ട് പോകുന്തോറും ഭാര്യയെ സ്നേഹിക്കുന്നതിൽ തന്റെ ഉള്ളിൽ മുന്നേറിവരുന്നത് കാണാം.

ക്രിസ്തു സഭയെ സ്നേഹിക്കുന്നത് "അവളെ വചനത്തോടുകൂടിയ ജലസ്നാനത്താൽ വെടിപ്പാക്കി വിശുദ്ധീകരിക്കേണ്ടതിന്" എന്നാണ് കാണുന്നത്. (എഫേസ്യർ 5:26). ക്രിസ്തു സഭയെ എങ്ങനെ ശുദ്ധീകരിക്കുന്നു? അല്ലെങ്കിൽ സഭ തെറ്റ് ചെയ്യുമ്പോൾ എങ്ങനെ തിരുത്തുന്നു? ഇന്ന് ഭാര്യയിൽ തെറ്റു കാണുന്ന ഭൂരിപക്ഷം ഭർത്താക്കന്മാരും ഭാര്യമാരെ കഠിനപദങ്ങളുപയോഗിച്ചു വഴക്കുപറയുന്നു. എന്നാൽ യേശുവോ? ഇങ്ങനെ ഒരുകാലവും പെരുമാറുന്നില്ല. അവളിൽ (സഭയിൽ) എന്തെങ്കിലും തെറ്റ് കാണുകയാണെങ്കിൽ അവളെ വിശുദ്ധീകരിക്കേണ്ടതിനായിരിക്കും യേശു ബദ്ധപ്പെടുന്നത്. എന്തെന്നാൽ തന്റെ കാന്തയെ (സഭയെ) തനിക്കു മുമ്പാകെ 'കറ, ചുളുക്കം മുതലായവ ഒന്നും ഇല്ലാതെ നിർത്തുന്നതിന്' അവിടുത്തേക്കുള്ള ആഗ്രഹമാണ് തന്റെ തീക്ഷ്ണതയ്ക്കു കാരണം. ഇതുപോലെ നിങ്ങൾ നിങ്ങളുടെ ഭാര്യയെ 'കറ, ചുളുക്കം ഒന്നും ഇല്ലാതെ' നിങ്ങളുടെ മുമ്പാകെ നിർത്തുന്നതിന് ആഗ്രഹിക്കുന്നുവോ?

ഇവിടെ യേശു സഭയെ വിശുദ്ധീകരിക്കേണ്ടതിന് എന്താണ് ചെയ്തത്? അവളെ (സഭയെ) വിശുദ്ധീകരിക്കുന്നതിന് തന്നെത്തന്നെ അവൾക്കായിട്ട് (അതിനായിട്ട്) ഏല്പിച്ചുകൊടുത്തു എന്ന് വായിക്കുന്നു (എഫേ. 5:27). സഭയുടെ കുറവു പോക്കുന്നതിന് ദൈവം കൈക്കൊണ്ട വഴി ഇതാണ്. ഈ ദൈവത്തിന്റെ വഴിയേ നമുക്കും പോകാം. ഭർത്താക്കന്മാർ ഭാര്യമാരിൽ തെറ്റുകൾ കണ്ടാൽ എന്താണ് ചെയ്യേണ്ടത്? യേശുവിനെ പിൻചെല്ലുവിൻ, അതുമതി! അതായത്, നിങ്ങൾ ഈ ലോകത്തിലുള്ള ബുദ്ധിഹീനരായ മറ്റ് ഭർത്താക്കന്മാരെപ്പോലെയാകരുത്. പകരം ദൈവത്തിലേക്കു ദൃഷ്ടി തിരിച്ച് "ദൈവമേ, അങ്ങ് അങ്ങയുടെ കാന്തയിൽ കുറ്റം കണ്ടപ്പോൾ, അവൾക്കായിട്ട് അങ്ങയെത്തന്നെ ഏല്പിച്ചുകൊടുത്തല്ലോ. ഇപ്പോൾ കർത്താവേ, അങ്ങയെപ്പോലെ തന്നെ ഞാനും എന്റെ ഭാര്യയ്ക്ക് എന്നെ ഏല്പിച്ചുകൊടുക്കുന്നതിന് എന്നെ പഠിപ്പിക്കേണമേ" എന്ന് പ്രാർത്ഥിക്കുക.

ഉദാഹരണത്തിന് ഭവനത്തിൽ സാധാരണ 'ഞാൻ' എന്ന വളരെ പ്രധാനപ്പെട്ട വ്യക്തി ഒരു രാജാവിനെപ്പോലെ സിംഹാസനത്തിൽ എപ്പോഴും വാണുകൊണ്ടിരിക്കുകയാണ്. അങ്ങനെയിരിക്കുമ്പോൾ ഭാര്യയെ വിശുദ്ധീകരിക്കേണ്ടിവന്നാൽ 'ഞാൻ' എന്ന സ്വയത്തെ ക്രിസ്തുവിനെപ്പോലെ അർപ്പിക്കേണ്ടതുണ്ട്! അതായത് 'ഞാൻ' സിംഹാസനത്തിൽ നിന്നു താഴെ ഇറങ്ങി 'സ്വയത്തിനു മരിക്കണം' ! എന്നാൽ ക്രിസ്തു

പോയ ഈ വഴിയേ പോകുന്നതിന് വാഞ്ഛയുള്ള വിശ്വാസികളായ ഭർത്താക്കന്മാർ വളരെ കുറച്ച് പേർ മാത്രമാണ്. ക്രിസ്തു സഭയെ സ്നേഹിച്ചതുപോലെതന്നെ സ്വന്തഭാര്യയെ സ്നേഹിക്കുന്നതിനു അതിയായ വാഞ്ഛയുള്ളവർ മാത്രമാണ് ക്രിസ്തു പോയ പാത പിൻതുടരുന്നത്. 'ക്രിസ്തു സഭയെ സ്നേഹിച്ച് തന്നെത്തന്നെ സഭയ്ക്കായി ഏൽപ്പിച്ചുകൊടുത്തു' എന്ന ദൈവവഴിയിലാണ് നാം സ്നേഹിക്കാൻ പഠിക്കേണ്ടത്. അതായത് നിങ്ങളുടെ ഭാര്യയെ വിശുദ്ധീകരിക്കുന്നതിന് 'ഞാൻ' എന്ന സ്ഥാനത്തിരിക്കുന്ന നിങ്ങൾ 'മരിക്കുന്നത്' ആണ് അതിന്റെ പൊരുൾ-ഇങ്ങനെയാണ് നിങ്ങൾക്ക് നിങ്ങളുടെ ഭാര്യയെ വിശുദ്ധീകരിക്കാൻ കഴിയുക. ഒരു ഭർത്താവിന് ദൈവം കൊടുത്തിരിക്കുന്ന വിളി ഇതാണ്.

യേശു നമ്മുടെയെല്ലാം ഗുരുവാണ്. എന്നാൽ നമ്മുടെ ശ്രേഷ്ഠഗുരു തന്റെ ജീവിതത്തിന്റെ അവസാന നാളുകളിൽ എവിടെ ആയിരുന്നുവെന്ന് നിങ്ങൾക്കറിയാമോ? അതേ, അവൻ തന്റെ ചെറിയസഭയിലെ (കാന്ത) അംഗങ്ങളായ ശിഷ്യന്മാരുടെ പാദങ്ങളെ കഴുകുകയായിരുന്നു! ഈ ഗുരുവിന്റെ പൂർണ്ണതയെ കണ്ട് അനുഗമിക്കുന്നവനും തന്റെ ഗുരുവിനെപ്പോലെ തന്റെ ഭാര്യയുടെപാദത്തിങ്കൽ തന്നെത്തന്നെ താഴ്ത്തി അവളിൽ കാണുന്ന എല്ലാ അഴുക്കുകളെയും കഴുകി ശുദ്ധീകരിക്കും! പാദങ്ങളെ കഴുകുക എന്നതിൽ തരംതാണജോലികൾ ചെയ്തു ഭാര്യയെ സഹായിക്കുന്നതും ഉൾപ്പെടു. എന്നാൽ ഇങ്ങനെ സഹായിക്കാൻ തയ്യാറാകുന്ന ഭർത്താക്കന്മാരെ ചൂഷണം ചെയ്യുന്ന ഭാര്യമാരും ഉണ്ട്. ഇങ്ങനെയുള്ള ഭാര്യമാർ സഭയിൽ പോലും ഉണ്ടെന്നുള്ളത് എത്ര ദുഃഖകരം! അതുപോലെ, ഭർത്താവ് ഭാര്യയുടെ പാദങ്ങളെ കഴുകുമ്പോൾ എത്ര താണ ജോലിയും അവൾക്കുവേണ്ടി ചെയ്യും എന്നു നാം പറയുന്നതിനെ തെറ്റായി മനസ്സിലാക്കിയിരിക്കുന്ന ഭർത്താക്കന്മാരും ഉണ്ട്. അതായത് ഒരു പുരുഷനെന്ന സ്ഥാനത്തു നിന്നു ഭാര്യയെ സഹായിക്കുന്നതിനു പകരം, ഇവർ തങ്ങളുടെ വീട്ടിൽ ഭാര്യയുടെ ഒരു അടിമയായി മാറുന്നു! എന്നാൽ ഈ സന്ദേശത്തിന്റെ അർത്ഥം അതല്ല. യേശു 'എല്ലാവരും തുടച്ചിട്ട് കളയുന്ന പഴന്തുണിപോലെ' സ്വയം താഴ്ത്തി എന്നത് സത്യമാണ്. എങ്കിലും തന്റെ ശിഷ്യന്മാരോട് കൂടെ ഇരുന്നപ്പോൾ അവരിൽ നായകൻ ആരെന്ന് ഒറ്റനോട്ടത്തിൽതന്നെ തിരിച്ചറിയാൻ കഴിയുന്ന നായകത്വപരിവേഷം യേശുവിനുണ്ടായിരുന്നു.

അബദ്ധത്തിൽ പോലും ആരും അന്നു പത്രോസിനെയോ മത്തായിയെയോ 'നായകൻ' എന്ന് കരുതിയില്ല. അവിടെ യേശുവിന്റെ നായകത്വം എത്രയും വ്യക്തമായിരുന്നു. ഇതുപോലെ വീട്ടിൽ ഭർത്താവ് അർഹമായ സ്ഥാനത്തുതന്നെ ഇരിക്കണം.

ഒരേസമയം നായകനായും ദാസനായും ഇരിക്കുന്നത്, ശ്രേഷ്ഠമായൊരു സന്തുലിതാവസ്ഥയാണ്. ഈ സന്തുലിതാവസ്ഥ യേശുവിന്റെ അടുക്കൽ നിന്നാണ് നമുക്ക് പഠിക്കാൻ കഴിയുക. വീട്ടിലുള്ള താണ ജോലികൾ മാത്രം ചെയ്യണമെങ്കിൽ, അത് ആർക്കും ചെയ്യാം. അതുപോലെ ഭാര്യയെ സർവ്വാധികാരിയെപ്പോലെ ഭരിച്ചു നടത്താനും ആർക്കും കഴിയും. എന്നാൽ വീട്ടിൽ നായകനായും ദാസനായും ഒരേസമയം ആയിരിക്കാൻ ദൈവിക ജ്ഞാനം മൂലമേ കഴിയുകയുള്ളൂ.

ചില ഭവനങ്ങളിൽ നാം ചെന്നാൽ ആ വീട്ടിൽ ആരാണ് മുഖ്യസ്ഥാനത്ത് എന്ന് എളുപ്പത്തിൽ മനസ്സിലാക്കാം. ഞാൻ ചെന്ന ചില വീടുകളിൽ എല്ലാ സമയവും ആ വീട്ടിലെ ഭാര്യയാണ് സംസാരിച്ചുകൊണ്ടിരുന്നത്. അവരുടെ





ഭർത്താവോ? 'അതേ അതേ' എന്ന് എല്ലാറ്റിനും തലയാട്ടിക്കൊണ്ടിരുന്നു. ആ വീട്ടിൽ ആരാണ് മുഖ്യസ്ഥാനത്ത് എന്നതു പകൽപോലെ വ്യക്തമല്ലേ? ഇതുപോലെയുള്ള സഹോദരിമാർ തങ്ങളെ ക്രിസ്ത്യാനികൾ എന്ന് വിളിക്കുന്നത് തന്നെ അപമാനമാണ്. ഒരു പക്ഷേ, ഭാര്യ, 'എന്റെ ഭർത്താവ് ശാന്തമായ സ്വഭാവമുള്ളയാളാണെ'ന്നു പറഞ്ഞേക്കാം. എന്നാൽ "അദ്ദേഹത്തിന്റെ ഇപ്പോഴത്തെ അവസ്ഥയ്ക്കു കാരണംതന്നെ പലവർഷങ്ങളായി അദ്ദേഹം സംസാരിക്കുന്നതിനു മുമ്പു തന്നെ നിങ്ങൾ സദാ ചിലച്ചുകൊണ്ടിരുന്നു. നിങ്ങൾ വായ് അല്പം അടച്ചു വെച്ചിരുന്നെങ്കിൽ, അദ്ദേഹം തന്റെ വായ് തുറന്ന് സംസാരിച്ചിരുന്നേനേ!" ഈ ആലോചനയാണ് ഇതുപോലുള്ള അനേക ഭാര്യമാർക്കു ഞാൻ കൊടുത്തിട്ടുള്ളത്.

യേശുവോ ഒരു നായകനായിരിക്കെത്തന്നെ സ്നേഹിച്ചു ദാസ്യവേല പോലും ചെയ്തു! ഇങ്ങനെ യേശുവിനെപ്പോലെ നാം ആകുന്നതെങ്ങനെയാണ്? അതിന്റെ രഹസ്യം 'ഒരു ഇടയനായി' അവിടുന്ന് ഇരുന്നു എന്നതാണ്. അതായത്, തന്റെ കൂട്ടത്തിനു മാതൃകയായി യേശു മുൻപേ നടന്നു! ആട്ടിൻകൂട്ടത്തിനു പിന്നാലെ നിന്ന് അവയെ വിരട്ടി ഓടിക്കാതെ, യേശു മുൻപിൽ നിൽക്കുന്ന ഒരു മാതൃകയായി. വീട്ടിൽ കാര്യം എല്ലാം ഉചിതമായി നടക്കാൻ ആഗ്രഹിക്കുന്നെങ്കിൽ യേശുവിനെപ്പോലെ നിങ്ങളും ഒരു നല്ല മാതൃകയായി ഇരിക്കുക. ധാരാളം ഉപദേശങ്ങൾ ഭാര്യയ്ക്ക് നൽകാതെ, യേശുവിനെപ്പോലെ അവൾക്കു പിൻപറ്റുന്നതിനു തക്ക മാതൃകാജീവിതം കാഴ്ചവയ്ക്കുക.

ഒരു ഭർത്താവായിരിക്കുന്ന നിങ്ങൾ യേശുവിനെപ്പോലെ കുടുംബത്തിലുള്ള മറ്റുള്ളവരെ നയിക്കാൻ വേണ്ടി ഒരു നല്ല ഇടയനായിത്തീരണം.

**ഒരേസമയം നായകനായും ദാസനായും ഇരിക്കുന്നത്, ശ്രേഷ്ഠമായൊരു സന്തുലിതാവസ്ഥയാണ്. ഈ സന്തുലിതാവസ്ഥ യേശുവിന്റെ അടുക്കൽ നിന്നാണ് നമുക്ക് പഠിക്കാൻ കഴിയുക. വീട്ടിലുള്ള താണ ജോലികൾ മാത്രം ചെയ്യണമെങ്കിൽ, അത് ആർക്കും ചെയ്യാം. അതുപോലെ ഭാര്യയെ സർവ്വാധികാരിയെപ്പോലെ ഭരിച്ചു നടത്താനും ആർക്കും കഴിയും. എന്നാൽ വീട്ടിൽ നായകനായും ദാസനായും ഒരേസമയം ആയിരിക്കാൻ ദൈവികജ്ഞാനം മൂലമേ കഴിയുകയുള്ളൂ.**

ഭാര്യയ്ക്ക് ജീവിതത്തിൽ എവിടെയെങ്കിലും ചുവടുതെറ്റുന്നുവെങ്കിൽ പ്രിയപ്പെട്ട സഹോദരാ, ഇപ്പോൾ നീ നിന്നോടുതന്നെ ചോദ്യം ചോദിക്കണം: ദൈവം എനിക്കു തന്ന ഭാര്യയെ (ആടിനെ) ദൈവം ആഗ്രഹിക്കുന്ന പാതയിൽ ഞാൻ ശരിയായി നടത്തിക്കൊണ്ടു പോകുന്നുണ്ടോ?

ഭാര്യയ്ക്ക് പിന്നാലെ നിങ്ങളുടെ കുഞ്ഞുങ്ങളായ ആട്ടിൻകുട്ടികളും വരികയാണ്. ഇവരെല്ലാവരും ഇടയനായ നിങ്ങളെയാണ് ഉറ്റുനോക്കുന്നത്. നിങ്ങളെയാണ് അനുഗമിക്കുന്നത്.

ഈ സാഹചര്യത്തിൽ ഭർത്താവായ നിങ്ങൾ യേശുവിനെ പിൻപറ്റുന്നില്ലെങ്കിൽ, നിങ്ങളെ അനുഗമിക്കുന്ന നിങ്ങളുടെ വീട്ടുകാർ എങ്ങോട്ടു പോകും? ഈ ലോകക്കാരെപ്പോലെ തന്നെ നിങ്ങളുടെ വീട്ടുകാരും ദൈവം നിയമിച്ച വഴി വിട്ട് അലഞ്ഞുതിരിയേണ്ടിവരും. ആകയാൽ വിവാഹജീവിതം "നല്ലത്" എന്ന സ്ഥാനത്തുനിന്ന് "വളരെ നല്ലത്" എന്ന സ്ഥാനത്ത് എത്തണമെങ്കിൽ വീടിന്റെ നായകനായ ഭർത്താവ് യേശുവിനെ ഹൃദയപൂർവ്വം പിൻപറ്റേണ്ടത് എത്ര ആവശ്യമാണ്.! (തുടരും)

## ദൈവത്തെ ആഴത്തിൽ.... *പേജ് 26 ൽ നിന്ന് തുടർച്ച*

കടന്നുവരുന്ന ദൈവത്തെ സ്വപ്നം കണ്ട് ആത്മാവിൽ ക്ഷാമമുള്ളവരായി നിങ്ങൾ തീർന്നിരിക്കുന്നുവോ? വഴിയോരത്ത് നിന്നുകൊണ്ട് കുട്ടികൾക്ക് നാണയത്തുട്ടുകൾ എറിഞ്ഞുകൊടുക്കുന്ന അപ്പൂപ്പനെന്നവണ്ണം ദൈവത്തെ കാണുവാനുള്ള പ്രവണത നമ്മിൽ ചിലർക്കുണ്ട്. ഈ തിളങ്ങുന്ന പുതിയ നാണയത്തുട്ടുകൾക്കായി പരക്കം പായുകയും, അതിനുശേഷം, 'എനിക്ക് ഒരു തിളങ്ങുന്ന നാണയം കിട്ടി-അതിൽ ദൈവസ്വരൂപം ഉണ്ടായിരുന്നു' എന്ന് ലഘുലേഖ എഴുതുകയും ചെയ്യുന്നവരാണ് ഇന്നത്തെ ക്രിസ്തീയവിശ്വാസികൾ എന്നത് വാസ്തവമോ?

സഹോദരങ്ങളേ, ആഴമുള്ളതും സംതൃപ്തി നൽകുന്നതുമായ ദൈവിക അറിവുമായി അവിടുത്തെതന്നെ വ്യക്തിപരമായി അറിയുന്ന ആ അറിവുമായി-മറ്റൊന്നും തന്നെ താരതമ്യം ചെയ്യുവാൻ നാം ശ്രമിക്കേണ്ടതില്ല. അവിടുത്തെ അറിയുക! അവിടുത്തെ അറിയുവാനായി വീണ്ടും ആയുക! നിങ്ങളുടെ ഈ അന്വേഷണവും തത്ഫലമായുണ്ടാകുന്ന അനുഭവവും തെറ്റാണെന്ന് തിരുവെഴുത്തുകൾ ഉദ്ധരിച്ച് വാദിക്കുന്നവരോട് ഇപ്രകാരം മറുപടി പറയുക, ' വേദവ്യാഖ്യാനത്തിൽ നിങ്ങൾ സമർത്ഥനാണ്-പക്ഷേ എന്റെ കർത്താവിനെ അറിയുവാൻ ഭാഗ്യം ലഭിച്ചവനാണ് ഞാൻ. മറ്റൊന്നും ആഗ്രഹിക്കാതെ, അവിടത്തേക്കായിത്തന്നെ, ഞാൻ അവിടുത്തെ സ്നേഹിക്കുന്നു!.'

ഇതുമാത്രമാണ് ദൈവം നമ്മിൽനിന്ന് പ്രതീക്ഷിക്കുന്നത്. ഇങ്ങനെ ചെയ്യുമ്പോൾ മാത്രമാണ് ദൈവം നമ്മെ സൃഷ്ടിച്ചതിന്റെ ഉദ്ദേശ്യം നാം നിറവേറ്റുന്നത്!

അവസാനിച്ചു.

**മൊഴിമാറ്റം: സന്തോഷ് മാത്യു, കോട്ടയം.**


**സാക്പുന്നന്റെ മലയാളതർജ്ജമയുള്ള പ്രസംഗങ്ങളുടെ താഴെപറയുന്ന MP 3 ഓഡിയോ സി.ഡികൾ വില്പനയ്ക്ക്**

**ചെലവാക്കാം ചെലവായിടാം**
**ദൈവതേജസ് നിറഞ്ഞ ആലയം**
**ദൈവത്തിന് യുവാക്കളെ ആവശ്യമുണ്ട്**
**ക്രിസ്തീയജീവിതത്തിലെ വൈരുദ്ധ്യങ്ങൾ**
**ശുശ്രൂഷകന്മാരെ അഗ്നിജ്വാലയാക്കുന്ന ദൈവം**
**ദൈവം നമ്മെ ശോധന ചെയ്യുന്നതെന്തിന്?**
**തേജസ്സിൽ നിന്ന് തേജസ്സിലേക്ക്**
**വിശ്വാസത്താലുള്ള ജീവിതം**
**ക്രിസ്തുവും സഭയും**
**അവനെ അറിയേണ്ടതിനും.....**
**ക്രൂശിന്റെ വചനം**
**യേശു നമ്മുടെ മുന്നോടി**
**ക്രിസ്തുവിന്റെ ശരീരം**
**ത്രിത്വത്തെ അറിയുക**
**ജീവസന്ദേശങ്ങൾ 2007**
**അന്ത്യകാലത്തിലെ വഞ്ചന**
**പുതിയനിയമത്തിലെ മർമ്മങ്ങൾ**
**മൗലികസത്യങ്ങൾ 1** (ജോജി ടി. സാമുവൽ)
**മൗലികസത്യങ്ങൾ 2** "

**ഒരു സി.ഡി വില 30/-രൂപ**

**താഴെപ്പറയുന്ന വിലാസത്തിൽ മണിഓർഡർ അയച്ചാൽ സി.ഡികൾ തപാലിൽ എത്തിച്ചുതരും. സി.ഡി. കൾ ഓഡർ ചെയ്യുന്നവർ തങ്ങളുടെ പൂർണ്ണവിലാസവും ഫോൺനമ്പറും ചേർക്കുക.**

**ജീവമൊഴി ഓഡിയോ സി.ഡി വിഭാഗം**
കുമാരനല്ലൂർ പി.ഒ., കോട്ടയം-686 016.
ഫോൺ. 0481 2392963




# ആ പാദമുദ്രകളിൽ പദമൂന്നി...




**ചാൾസ് എം. ഷെൽഡൺ**
**മൊഴിമാറ്റം:ബോബി ചെറിയാൻ**


*വായിച്ചു തുടങ്ങുംമുൻപ്......*

***റെയ്മണ്ട് ഒന്നാം സഭയിലെ ശുശ്രൂഷകനാണ് ഹെൻട്രി മാക്സ്വെൽ. ഞായറാഴ്ച. 'യേശുവിനെ അനുഗമിക്കുക' എന്ന പ്രസംഗത്തിനുശേഷം അദ്ദേഹം ഇരുന്നപ്പോൾ തൊഴിലന്വേഷിച്ച് നടന്ന ഒരാൾ പ്രസംഗപീഠത്തിലേക്ക് കയറിവന്നു. 'നിങ്ങൾ പ്രായോഗികതലത്തിൽ എങ്ങനെയാണ് യേശുവിനെ അനുഗമിക്കുന്നത്?' എന്ന ചോദ്യം സഭാജനങ്ങളോട് അയാൾ ഉന്നയിച്ചു. എന്നാൽ സംസാരം പൂർത്തിയാക്കുന്നതിനുമുമ്പുതന്നെ ഹൃദയാഘാതംമൂലം അയാൾ മരിച്ചു. പിറ്റേ ആഴ്ച റവ.ഹെൻട്രി മാക്സ്വെൽ തന്റെ സഭാജനങ്ങൾക്ക് ഒരു ആഹ്വാനം നൽകി-അടുത്ത ഒരു വർഷത്തേക്ക് നിങ്ങളുടെ സ്ഥാനത്ത് 'യേശു ആയിരുന്നെങ്കിൽ എന്തുചെയ്യുമായിരുന്നു' എന്നു ചോദിച്ചശേഷം മാത്രമേ ഏതു പ്രവൃത്തിയും ചെയ്യാവൂ എന്ന പ്രതിജ്ഞ എടുക്കുക. സഭയിലെ ഒരു സംഘം വിശ്വാസികൾ അങ്ങനെ പ്രതിജ്ഞയെടുത്തു. നഗരത്തിലെ ഡെയ്‌ലി ന്യൂസ് പത്രത്തിന്റെ പത്രാധിപർ നോർമൻ ആകൂട്ടത്തിൽ ഒരാളായിരുന്നു. അദ്ദേഹം തന്റെ പ്രതിജ്ഞയനുസരിച്ച് പത്രത്തിൽ ചില മാറ്റങ്ങൾ വരുത്തുവാൻ തുടങ്ങി. അത് ഓഫീസിൽ ചില കോളിളക്കങ്ങൾ ഉണ്ടാക്കിയെങ്കിലും അദ്ദേഹം മുന്നോട്ടുതന്നെ പോയി.***

***പ്രതിജ്ഞ എടുത്തവരിൽ ഒരാളായ അലക്സാണ്ടർ പവേഴ്സ് തന്റെ കമ്പനി ചില നികുതിവെട്ടിപ്പുകൾ നടത്തുന്നതായി യാദൃച്ഛികമായി മനസ്സിലാക്കി. അദ്ദേഹം അത് അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവന്നു. പക്ഷേ പവേഴ്സിന് അതിനൊരു വില കൊടുക്കേണ്ടിവന്നു-അദ്ദേഹത്തിന്റെ ജോലി നഷ്ടപ്പെട്ടു. സഭയിലെ ഗായികയായ റേച്ചലും ധനികയുവതിയായ വെർജീനിയായും പ്രതിജ്ഞയെടുത്ത മറ്റുരണ്ടുപേരാണ്. ഇതിനിടെ റേച്ചലിന് ഒരു സംഗീതട്രൂപ്പിൽ ജോലി ലഭിച്ചു. പക്ഷേ പ്രതിജ്ഞമൂലം അത് അവൾ സ്വീകരിക്കാൻ വിസമ്മതിക്കുന്നു. പകരം ടൗണിൽ അധോലോക സംഘങ്ങൾ വിഹരിക്കുന്ന ചത്വരത്തിൽ നടക്കുന്ന സുവിശേഷയോഗങ്ങളിൽ പാടാൻ തുടങ്ങി. വെർജീനിയായും ഈ യോഗങ്ങളിൽ സംബന്ധിക്കുവാൻ ആരംഭിച്ചു. ചത്വരത്തിലെ മദ്യപയായ ലൊറീൻ എന്ന പെൺകുട്ടിയെ അവൾ വീട്ടിലേയ്ക്ക് കൂട്ടിക്കൊണ്ടുവന്നത് വലിയമ്മ മദാംപേജിന് ഇഷ്ടമായില്ല.***

*തുടർന്നുവായിക്കുക....*

## 13

**കൂ**ട്ടായ്മയുടെ തരംഗം മാത്രമായിരുന്നു മറ്റെന്തിനെക്കാളും അധികമായി അവിടെ ഉയർന്നത്. മാക്സ്വെൽ അതു ശ്രദ്ധിക്കുന്നുണ്ടായിരുന്നു. എഡ്വാർഡ് നോർമന്റെ പത്രത്തിനു ലഭിച്ച പിന്തുണയുടെ കരങ്ങളിലൂടെയാണ് അതിന്റെ പ്രായോഗികശക്തി വെളിപ്പെട്ടത്. റെയ്മണ്ടിലെ ക്രിസ്തു

ശിഷ്യരോടുള്ള അദ്ദേഹത്തിന്റെ ആഹ്വാനത്തിന്റെ അർത്ഥം ഈ ചെറിയ കൂട്ടമാണ് ഏറ്റവുമധികം ഉൾക്കൊണ്ടത്. ഇപ്പോഴത്തെ പുതിയ സാഹചര്യത്തിൽ അത്തരം ഒരു പത്രത്തിന്റെ പ്രസക്തി ഓരോ കുടുംബത്തിലും നിർണായകമാണ്. ഇപ്പോൾ ഉദാരമായ സംഭാവനാഹസ്തങ്ങൾ നീട്ടപ്പെട്ടിരിക്കയാണ്. എന്നാൽ നോർമൻ തന്റെ പ്രസ്താവനയിൽ പറഞ്ഞതുപോലെ പണം കൊണ്ടുമാത്രം ഒരു പത്രത്തെ ഒരു വലിയ ശക്തിയാക്കി മാറ്റാൻ കഴിയില്ല. റെയ്മണ്ടിലെ ക്രിസ്ത്യാനികളുടെ മുഴുവൻ അംഗീകാരവും പിൻബലവും ലഭിച്ചെങ്കിലേ അതു ഗണ്യമായ ഒരു ശക്തിയായിത്തീരൂ.

ആ ഞായറാഴ്ചയ്ക്കു ശേഷം തുടർന്നുവന്ന ദിവസങ്ങൾ റെയ്മണ്ടിനെ സംബന്ധിച്ച് ആവേശകരമായിരുന്നു. അതു തെരഞ്ഞെടുപ്പിന്റെ ആഴ്ചയായിരുന്നു. പ്രസിഡന്റ് മാർഷ് തന്റെ പ്രതിജ്ഞയോടു വിശ്വസ്തത പുലർത്തും വിധം ക്രൂശെടുത്ത് കണ്ണീരോടെയും ഞരക്കത്തോടെയും തന്റെ പാണ്ഡിത്യകുലീനതയുടെ തടവറകൾ വിട്ട് ക്രിസ്തുവിന്റെ അനുഗാമിയുടെ വേദനകളും മുള്ളും സഹിച്ച് അടർക്കളത്തിലിറങ്ങി. പ്രഥമസഭയിലെ മറ്റു ചില കോളജ് പ്രഫസർമാരും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു. അവരുടെയും അനുഭവം അദ്ദേഹത്തിന്റേതിൽ നിന്നും വിഭിന്നമല്ലായിരുന്നു. മദ്യലോബിക്കെതിരേ പോരാടാനിറങ്ങിയ മാക്സ്വെല്ലിന്റെ അനുഭവവും ഭീകരമായിരുന്നു. കാരണം ശത്രുക്കൾ ഭീകരരായിരുന്നു. അതിനുമുമ്പൊരിക്കലും ഇത്തരം ഒരു ക്രൂശ് അദ്ദേഹത്തിനു വഹിക്കേണ്ടി വന്നിട്ടില്ല.അതിന്റെ ഭാരത്തിൻകീഴിൽ അദ്ദേഹം ഞെരിഞ്ഞമർന്നു. ഇടയ്ക്കിടെ തന്റെ പഠനമുറിയിൽ വന്ന് അദ്ദേഹം ആശ്വസിച്ചിരുന്നു. എങ്കിലും വരാനിരിക്കുന്ന ഭീകരതയെക്കുറിച്ചുള്ള നടുക്കം ഇടയ്ക്കിടെ ചിന്ത

**ശനിയാഴ്ചയെത്തിയപ്പോൾ പരിശുദ്ധാത്മാവും മദ്യപ്പിശാചും തമ്മിലുള്ള സംഘർഷം അതിന്റെ മൂർദ്ധന്യത്തിലെത്തി. കൂടാരത്തിൽ വളരെ ആളുകൾ കൂടി. അതുപോലെ തന്നെ പുറത്ത് വന്യമായ ക്രൗര്യം അതിന്റെ ദംഷ്ട്രകൾ കാട്ടിത്തന്നെ ആടി. മദ്യലോബി തങ്ങളുടെ വികാരങ്ങൾ ഇനി മറച്ചുവച്ചിട്ടുകാര്യമില്ല എന്നനിലയിലായിരുന്നു.**

കളിൽ കടന്നുവന്നു. അദ്ദേഹം ഭീരുവായിരുന്നില്ല. എന്നാൽ പതിവായി ചെയ്യുന്ന ജോലികൾ വിട്ട് അപരിചിതമായ വഴികളിൽ ഒരിക്കലും ചെയ്തിട്ടില്ലാത്ത കാര്യങ്ങൾ ചെയ്യുമ്പോൾ അജ്ഞതമൂലം കൃത്യനിർവ്വഹണത്തിലെ അപര്യാപ്തത കൊണ്ടുണ്ടാകാവുന്ന അപമാനഭീതി അദ്ദേഹത്തെ ഭയപ്പെടുത്തിയിരുന്നു.

ശനിയാഴ്ച തെരഞ്ഞെടുപ്പായിരുന്നു. ആവേശം അതിന്റെ പരകോടിയിൽ എത്തിയിരുന്നു. എല്ലാ മദ്യശാലകളും അന്ന് അടച്ചിടാൻ ഒരു ശ്രമം നടത്തിയെങ്കിലും ഭാഗികമായി മാത്രമേ വിജയിച്ചുള്ളൂ. മദ്യപാനം സാധാരണ നിലയിൽത്തന്നെ നടന്നു. ചത്വരം അതിന്റെ ഭീകരാവസ്ഥയിൽത്തന്നെ ആയിരുന്നു. മി.ഗ്രേ ആ ആഴ്ച മുഴുവനും മീറ്റിംഗുകൾ നടത്തുകയും അദ്ദേഹം പ്രതീക്ഷിച്ചതിലും വലിയ ഫലങ്ങൾ ഉണ്ടാവുകയും ചെയ്തു. ശനിയാഴ്ചയെത്തിയപ്പോൾ പരിശുദ്ധാത്മാവും മദ്യപ്പിശാചും തമ്മിലുള്ള സംഘർഷം അതിന്റെ മൂർദ്ധന്യത്തിലെത്തി. കൂടാരത്തിൽ വളരെ ആളുകൾ കൂടി. അതുപോലെ തന്നെ പുറത്ത് വന്യമായ ക്രൗര്യം അതിന്റെ ദംഷ്ട്രകൾ കാട്ടിത്തന്നെ ആടി. മദ്യലോബി തങ്ങളുടെ വികാരങ്ങൾ ഇനി





മറച്ചുവച്ചിട്ടുകാര്യമില്ല എന്നനിലയിലായിരുന്നു. തുറന്ന ഭീഷണികളുമായി അവർ രംഗത്തെത്തി. ഇടയ്ക്ക് ഒരു ദിവസം മി. ഗ്രേയും കൂട്ടാളികളും മീറ്റിംഗ് കഴിഞ്ഞു പോകുമ്പോൾ ആക്രമിക്കപ്പെട്ടിരുന്നു. പോലീസ് ഒരു പ്രത്യേക സംഘത്തെ അയച്ചതുകൊണ്ടാണ് രക്ഷപ്പെട്ടത്. റേച്ചലിനെയും വെർജീനിയയെയും സംരക്ഷിക്കാൻ റോളിനും ഡോ.വെസ്റ്റും പ്രത്യേകം ശ്രദ്ധിച്ചിരുന്നു. റേച്ചലിന്റെ ഗാനാലാപനത്തിന് ദിവസങ്ങൾ കഴിയുന്തോറും ആത്മാഭിഷേകത്തിന്റെ ശക്തി വർദ്ധിക്കയായിരുന്നു.

ആദ്യം ശനിയാഴ്ച വൈകിട്ടു മീറ്റിംഗ് നടത്തുന്നതിന് ഗ്രേ ഒന്നു മടിച്ചു. എന്നാൽ പിന്നീട് പരിശുദ്ധാത്മാവ് നൽകിയ പ്രേരണയനുസരിച്ച് പതിവുപോലെ യോഗം നടത്താൻ തീരുമാനിക്കുകയായിരുന്നു.

ആറുമണിക്ക് തെരഞ്ഞെടുപ്പു നടപടികൾ അവസാനിപ്പിക്കുമ്പോൾ നഗരത്തിന്റെ ആവേശം അതിന്റെ മൂർദ്ധന്യത്തിലെത്തിയിരുന്നു. അത്തരം ഒരു തെരഞ്ഞെടുപ്പ് റെയ്മണ്ട് ഒരിക്കലും കണ്ടിരുന്നില്ല. മദ്യലൈസൻസ് കൊടുക്കണമോ വേണ്ടയോ എന്നതു തന്നെയായിരുന്നു തെരഞ്ഞെടുപ്പിലെ നിർണ്ണായകപ്രശ്നം. നഗരത്തിലെ ശക്തികൾ ഇതിനുമുമ്പൊരിക്കലും ഇപ്രകാരം നേർക്കുനേർ വന്നിട്ടില്ല. ലിങ്കൺ കോളജിന്റെ പ്രസിഡന്റും പ്രഥമസഭയുടെ പാസ്റ്ററും ഭദ്രാസനപ്പള്ളിയുടെ അധികാരിയും പ്രധാനനിരത്തിന്റെ ഇരുപുറവും താമസിക്കുന്ന പ്രമുഖന്മാരും ഒക്കെ ക്രിസ്ത്യൻ മനസ്സാക്ഷിയെ പ്രതിനിധീകരിച്ചു കൊണ്ട് വാർഡുകളിലേക്ക് ഇറങ്ങിച്ചെല്ലുന്ന സംഭവം ഇദംപ്രഥമമാണ്. ഇതുകണ്ട് രാഷ്ട്രീയക്കാർ ഞെട്ടി. എങ്കിലും ഞെട്ടിയതല്ലാതെ അവരുടെ പ്രവർത്തനങ്ങളെ അതു ക്ഷീണിപ്പിച്ചില്ല. ആറുമണിവരെയും പോരാട്ടം വീറോടെ തുടർന്നു. ഇരുപക്ഷത്തിനും ഊഹങ്ങളും കണക്കുകൂട്ടലും അസാ

**പെട്ടെന്നു യോഗം നിർത്തി. റേച്ചലും വെർജീനിയയും ലോറീനും റോളിനും ഡോക്ടറും തങ്ങൾ സാധാരണ വണ്ടി കയറുന്ന ഇടത്തേയ്ക്കു പോകാനൊരുങ്ങുകയായി. അവർ പുറത്തേയ്ക്കു വന്നപ്പോൾ മദ്യപിച്ചുമദോന്മത്തരായ ജനക്കൂട്ടത്തിന്റെ പ്രതിഷേധശബ്ദവും ബഹളവുമാണവരെ എതിരേറ്റത്. അതിനിടയിലൂടെ ഒളിച്ചു കടക്കാൻ തുടങ്ങിയപ്പോൾ അവർക്ക് ഒരു കാര്യം ബോദ്ധ്യമായി-തങ്ങൾത്തന്നെയാണ് ജനക്കൂട്ടത്തിന്റെ ശ്രദ്ധാകേന്ദ്രമെന്ന്.**

ദ്ധ്യമായിത്തീർന്നു. എല്ലാവരും ഫലമറിയാനുള്ള ആകാംക്ഷയോടെ കാത്തിരുന്നു.

കൂടാരത്തിലെ മീറ്റിംഗ് തീർന്നപ്പോൾ പത്തുമണി കഴിഞ്ഞു. അതുതികച്ചും വ്യത്യസ്തവും അസാധാരണവുമായ ഒരു യോഗമായിരുന്നു. ഗ്രേയുടെ അഭ്യർത്ഥനപ്രകാരം മാക്സ്വെൽ സന്നിഹിതനായിരുന്നു. പകലത്തെ അദ്ധ്വാനം മൂലം അദ്ദേഹം ക്ഷീണിതനായിരുന്നെങ്കിലും ഗ്രേയുടെ അഭ്യർത്ഥനയെ ഒഴിവാക്കാൻ കഴിഞ്ഞില്ല. പ്രസിഡന്റ് മാർഷും ആ യോഗത്തിൽ സന്നിഹിതനായിരുന്നു. അദ്ദേഹം മുമ്പൊരിക്കലും ചത്വരത്തിൽ വന്നിട്ടില്ല. അദ്ദേഹത്തെ അത്ഭുതപ്പെടുത്തിയ കാര്യം സുവിശേഷകനായ ഗ്രേയുടെ ചത്വരത്തിലെ സ്വാധീനമാണ്. വെർജീനിയയോടൊപ്പം ലോറീനും വന്നിരുന്നു. അവൾ സമചിത്തതയും സുബോധവും ഉള്ളനിലയിലായിരുന്നു. എങ്കിലും എന്തോ ഒരു ഭയം അവളെ വെർജീനിയയോടു ചേർത്തു നിർത്തിയിരുന്നു. അവരോടൊപ്പം റേച്ചലും റോളിനും ഡോക്ടർ വെസ്റ്റും എത്തിയിട്ടുണ്ടായിരുന്നു. അധികം സമയവും ലോറീൻ തലകുമ്പിട്ടിരുന്നു. റേച്ചൽ പാടുന്ന സമയമൊക്കെയും അവൾ തേങ്ങിക്കരയു

കതന്നെയായിരുന്നു. അവിടെ നടന്ന പ്രാർത്ഥനകളും അപേക്ഷകളും പാപം ഏറ്റുപറച്ചിലും ഒക്കെ അവളെ ഒരു പുതിയ സൃഷ്ടിയാക്കിമാറ്റിക്കൊണ്ടിരുന്നു. താനിതിനൊക്കെ അർഹയാണോ എന്ന ഒരു ഭയം അവളെ അലട്ടുന്നുണ്ടായിരുന്നു.

പതിവില്ലാത്തവിധം ആളുകൾ യോഗത്തിനെത്തിയിരുന്നു. പുറത്ത് അന്തരീക്ഷം പ്രക്ഷുബ്ധമായിരുന്നു. രാത്രി വൈകുന്തോറും ആരവം വർദ്ധിച്ചുവന്നു. ഒടുവിൽ യോഗം അവസാനിപ്പിക്കുന്നതാണു നല്ലതെന്നു ഗ്രേ തീരുമാനിച്ചു. റേച്ചലിന്റെ പാട്ട് പുറത്തെ സ്വാധീനത്തിൽ നിന്നും ആളുകളെ അകറ്റിനിർത്തിയതിനാൽ പിരിഞ്ഞുപോകാൻ ജനത്തിനു മടിയായിരുന്നു. വളരെപ്പേർ മാനസാന്തരപ്പെട്ടു.

പുറത്തെ ആരവം കൂടാരത്തിനകത്തേക്കു പ്രവേശിക്കുമ്പോലെ ചത്വരത്തിലെ പാർപ്പിടങ്ങളും താവളങ്ങളുമെല്ലാം വിട്ട് ജനം പുറത്തേയ്ക്കൊഴുകി. അപ്പോഴേക്കും തെരഞ്ഞെടുപ്പിന്റെ ഫലങ്ങൾ അറിഞ്ഞു തുടങ്ങുകയായിരുന്നു. പെട്ടെന്നു യോഗം നിർത്തി. റേച്ചലും വെർജീനിയയും ലോറീനും റോളിനും ഡോക്ടറും തങ്ങൾ സാധാരണ വണ്ടികയറുന്ന ഇടത്തേയ്ക്കു പോകാനൊരുങ്ങുകയായി. അവർ പുറത്തേയ്ക്കു വന്നപ്പോൾ മദ്യപിച്ചുമദോന്മത്തരായ ജനക്കൂട്ടത്തിന്റെ പ്രതിഷേധശബ്ദവും ബഹളവുമാണവരെ എതിരേറ്റത്. അതിനിടയിലൂടെ അങ്ങ് ഒളിച്ചു കടക്കാൻ തുടങ്ങിയപ്പോൾ അവർക്ക് ഒരു കാര്യം ബോദ്ധ്യമായി-തങ്ങൾത്തന്നെയാണ് ജനക്കൂട്ടത്തിന്റെ ശ്രദ്ധാകേന്ദ്രമെന്ന്.

"അതാ, അയാളാണ് നേതാവ്" ഒരു ശബ്ദം വിളിച്ചു പറഞ്ഞു. ഏത് ആൾക്കൂട്ടത്തിലും എടുത്തുകാട്ടുന്ന ഉയരവും വ്യക്തിപ്രഭാവവുമുള്ള പ്രസിഡന്റ് മാർഷിനെ ചൂണ്ടിയായിരുന്നു ആ

**പ്രസിഡന്റ് മാർഷ് ഇരുകരങ്ങളുമുയർത്തി ക്ഷുഭിതരായ ജനക്കൂട്ടത്തോടു വിളിച്ചു പറഞ്ഞു: ''നില്ക്കൂ! നിങ്ങൾ ഒരു പെൺകുട്ടിയെ കൊന്നിരിക്കുന്നു. അവൾ മരിച്ചു കൊണ്ടിരിക്കയാണ്.'' ലോറീൻ കണ്ണുകളുയർത്തി വെർജീനിയയെ നോക്കി മന്ദഹസിച്ചു. വെർജീനിയ അവളുടെ മുഖത്തെ ചോരതുടയ്ക്കുകയും മുഖത്തു ചുംബിക്കയും ചെയ്തു. അവൾ യാത്ര പറഞ്ഞു - പറുദീസയിലേക്ക്.**

പറഞ്ഞത്.

"എങ്ങനെയാ തെരഞ്ഞെടുപ്പ് കൈവിട്ടുപോയത്?" ഫലം എങ്ങനെയാണിത്ര നേരത്തെ വന്നത്? " ഒരു ശബ്ദം വിളിച്ചു ചോദിച്ചു. "രണ്ടും മൂന്നും വാർഡുകൾ മദ്യശാല ലൈസൻസിനെതിരെ വോട്ടു ചെയ്തു." മറ്റൊരു ശബ്ദം ഉച്ചത്തിൽ പ്രതിവചിച്ചു. "ദൈവത്തിനു സ്തോത്രം. അതു സത്യമായിരുന്നെങ്കിൽ" മാക്സ്വെൽ മെല്ലെപ്പറഞ്ഞു. "മാർഷ്, നാം അപകടത്തിലാണ്. സ്ത്രീകളെ വേഗം രക്ഷിക്കൂ." "അതുശരിയാണ്" മാർഷ് ഗൗരവത്തോടെ പറഞ്ഞു. പെട്ടെന്നു കല്ലുകളും മറ്റു പല വസ്തുക്കളും അവരുടെ മേൽ വർഷിക്കാനാരംഭിച്ചു.

വഴികളെല്ലാം തന്നെ ജനസമുദ്രമായിരുന്നു. പുറത്തു കടക്കുക ദുഷ്കരമായിരുന്നു. ചത്വരം കലികൊണ്ട് ഉറഞ്ഞു തുള്ളുകയായിരുന്നു. മാർഷിനെയും മാക്സ്വെല്ലിനെയും അവർ ഉന്നം വച്ചു.

"കുലീനന്മാർ നശിക്കട്ടെ." ഒരു ശബ്ദം അലറി. പിന്നാലെ കല്ലുകളും. റോളിൻ റേച്ചലിന്റെ മുമ്പിലേക്കു ചാടിവീണതുകൊണ്ട് അത് അവളുടെ മേൽ പതിച്ചില്ല. കല്ലുകൾ അവന്റെ തലയിലും ശരീരത്തിലും പതിച്ചു. പെട്ടെന്നു ലോറീൻ





പാഞ്ഞുവന്ന് വെർജീനിയായെ തള്ളിമാറ്റിയതും വലിയ ഒരു കുപ്പി ലോറീന്റെ തലയിൽ പതിച്ചതും ഒപ്പം കഴിഞ്ഞു. അവൾ നിലം പതിച്ചു. ഈ സമയം പോലീസ് പാഞ്ഞെത്തി. വെർജീനിയ അവളുടെ സമീപം മുട്ടുകുത്തി.

പ്രസിഡന്റ് മാർഷ് ഇരുകരങ്ങളുമുയർത്തി ക്ഷുഭിതരായ ജനക്കൂട്ടത്തോടു വിളിച്ചു പറഞ്ഞു:

"നില്ക്കൂ! നിങ്ങൾ ഒരു പെൺകുട്ടിയെ കൊന്നിരിക്കുന്നു" ഈ വാർത്ത ജനക്കൂട്ടത്തിന്റെ ക്ഷോഭം തെല്ലു ശമിപ്പിച്ചു.

"സത്യമാണോ?" മാക്സ്വെൽ ഒരു വശത്തു മുട്ടുകുത്തി നിന്നു. "അതേ, അവൾ മരിച്ചു കൊണ്ടിരിക്കയാണ്."

ലോറീൻ കണ്ണുകളുയർത്തി വെർജീനിയയെ നോക്കി മന്ദഹസിച്ചു. വെർജീനിയ അവളുടെ മുഖത്തെ ചോരതുടയ്ക്കുകയും മുഖത്തു ചുംബിക്കയും ചെയ്തു. അവൾ യാത്ര പറഞ്ഞു - പറുദീസയിലേക്ക്.

മദ്യപ്പിശാചിന് ഒരു രക്തസാക്ഷികൂടി. എത്രയോ പേർ ഇപ്രകാരം അകാലമൃത്യുവിന് ഇരയായിരിക്കുന്നു! മദ്യത്തിനു ലൈസൻസ് കൊടുക്കുന്ന അമേരിക്കൻ ക്രൈസ്തവസമൂഹത്തിന്റെ മനസ്സാക്ഷിക്കു നേരെ ഉയരുന്ന ചോദ്യചിഹ്നം പോലെ ലോറീന്റെ ചേതനയറ്റ ശരീരം അടുത്തദിവസം പേജ് മാൻഷൻ എന്ന വീടിന്റെ പൂമുഖത്തു കിടത്തിയിരുന്നു.

ഞായറാഴ്ച പ്രഭാതമായിരുന്നു. ആളുകൾ പള്ളികളിലേയ്ക്കു പോയിത്തുടങ്ങി. റെയ്മണ്ടിന്റെ ചരിത്രത്തിന്റെ ഭാഗമായിക്കൊണ്ടിരുന്ന സംഭവങ്ങൾ പേജ് മന്ദിരത്തിൽ സംഭവിക്കുന്നതോർത്ത് ആളുകൾ ആ വസതിക്കു മുമ്പിലെത്തുമ്പോൾ അവിടേയ്ക്കു നോക്കുകയും കടന്നുപോവുകയും ചെയ്തുകൊണ്ടിരുന്നു.

മദ്യലോബിയുടെ ജയത്തിന്റെ വാർത്തകളുമായാണ് റെയ്മണ്ട് അന്നുണർന്നത്. തലേന്ന് ചത്വരത്തിൽ കേട്ടതൊക്കെ അസത്യമായിരുന്നു! മദ്യശക്തികളോട് അനുകൂലിച്ചു തന്നെയാണ് റെയ്മണ്ട് എന്നതു അസന്ദിഗ്ധമായി തെളിയിക്കപ്പെട്ടു. സഭാംഗങ്ങൾ ഒറ്റക്കെട്ടായി നിന്ന് വോട്ടു ചെയ്തിരുന്നെങ്കിൽ മദ്യലോബി അധികാരത്തിൽ നിന്നു പുറത്താക്കപ്പെടുമായിരുന്നു.

പ്രഥമസഭയിൽ മാക്സ്വെൽ ക്രിസ്ത്യാനികളുടെ ഈ ഇരട്ടത്താപ്പിനെതിരേ ആഞ്ഞടിച്ചു. പുരുഷന്മാരും സ്ത്രീകളും കണ്ണീരൊഴുക്കി കേട്ടിരുന്നു. പ്രസിഡന്റ് മാർഷും തലകുമ്പിട്ടിരുന്ന് കേട്ടുകൊണ്ടിരുന്നു. കണ്ണീർ ധാരധാരയായി അദ്ദേഹത്തിന്റെ കവിളുകളിലൂടെ ഒഴുകി. അദ്ദേഹം പരസ്യമായി ഒരു വികാരപ്രകടനം നടത്തുന്നതാദ്യമായിരുന്നു. എഡ്വാർഡ് നോർമനും പുറമേ അക്ഷോഭ്യനായി കാണപ്പെട്ടെങ്കിലും ബെഞ്ചിന്റെ അറ്റത്തുപിടിച്ചിരുന്ന വിരലുകളുടെ ചലനം അന്തഃക്ഷോഭത്തെ സൂചിപ്പിക്കുന്നതായിരുന്നു. ക്രിസ്ത്യൻ മനസ്സാക്ഷിയെ തൊട്ടുണർത്തുന്നതിൽ താൻ പരാജയപ്പെട്ടോ എന്ന ചിന്ത അദ്ദേഹത്തെ ഭാരപ്പെടുത്തി. താൻ വേണ്ടവണ്ണം അതു കൈകാര്യം ചെയ്തില്ല എന്ന ചിന്ത അദ്ദേഹത്തെ മഥിച്ചു. ഒരു പക്ഷേ കുറേക്കൂടി മുന്നമേ തന്നെ താൻ ഇതു ചെയ്തു തുടങ്ങിയിരുന്നെങ്കിൽ ഫലം മറിച്ചാകുമായിരുന്നു. റെയ്ച്ചൽ വിൻസ്ലോയും തന്റെ ഇരിപ്പിടത്തിൽ തലകുമ്പിട്ട് കണ്ണീരൊഴുക്കുകയായിരുന്നു. തന്റെ പാട്ടിനെ ബാധിക്കത്തക്കവണ്ണം ഒരിക്കലും വികാരങ്ങൾ തന്നെ കീഴ്പ്പെടുത്താൻ അവൾ അനുവദിച്ചിട്ടില്ല. എന്നാൽ അന്ന് മാക്സ്വെല്ലിന്റെ പ്രസംഗശേഷം പാടാൻ അവൾക്കു കഴിയാതവണ്ണം ദുഃഖം അവളുടെ ശബ്ദത്തെയും ശരീരത്തെയും തരളിതമാക്കി. അവൾ എണീറ്റില്ല.

പ്രഥമസഭ ദുഃഖത്തിന്റെയും കണ്ണീരിന്റെയും സ്നാനം ഏൽക്കുകയായിരുന്നു. എങ്ങും തേങ്ങലുകൾ, വിങ്ങിപ്പൊട്ടലുകൾ. ഇത്രനാളും ബാഹ്യസ്പർശി

യായ വികാരങ്ങളുടെ ലോകത്തായിരുന്നു സഭ ജീവിച്ചത്. ഇപ്പോഴാണവർ യാഥാർത്ഥ്യങ്ങളെ സ്പർശിക്കാൻ തുടങ്ങിയത്. ശിഷ്യത്വത്തിനു വിലനൽകാൻ തുടങ്ങിയത്. തങ്ങളുടെ ആന്തരികഉറവുകളെ കണ്ടെത്താൻ അവർ തുടങ്ങിയത് ഇപ്പോഴാണ്.

ഇന്ന് പൊതുയോഗത്തിനുശേഷം തീരുമാനമെടുത്തവർ പഠനമുറിയിൽ പ്രത്യേകമായി കൂടുവാനുള്ള ആഹ്വാനം മാക്സ്വെൽ നൽകിയില്ല. എങ്കിലും അന്ന് കൂടുതൽ ആളുകൾ കൂടിവന്നിരുന്നു. പരിശുദ്ധാത്മാവിന്റെ ശക്തമായ സാന്നിദ്ധ്യമുണ്ടായിരുന്നു. മദ്യശക്തികൾക്കെതിരെ പടപൊരുതാനുള്ള നിർണ്ണയം ശക്തമായിരുന്നു. പഠനമുറിയിലെ ആദ്യയോഗം മുതൽ ഓരോ ആഴ്ച കഴിയുമ്പോഴും വ്യത്യസ്തങ്ങളായ പ്രതികരണങ്ങളും ലക്ഷ്യങ്ങളുമായിരുന്നു കൂടിവന്നിരുന്നവർക്കുണ്ടായിരുന്നത്. എന്നാൽ ഇന്ന് അതിൽ നിന്നു വ്യത്യസ്തമായി എല്ലാവരുടേയും ലക്ഷ്യം ഒന്നുതന്നെ ആയിരുന്നു. യോഗം മുഴുവനും ശാപകരമായ ഈ ഇരുട്ടിന്റെ ശക്തികളിൽനിന്നും നഗരത്തെ വിടുവിക്കാൻ വേണ്ടിയുള്ള നിലവിളിയും പ്രാർത്ഥനയുമായിരുന്നു.

ആ ആഴ്ചയിൽ നടന്ന സംഭവങ്ങൾ പ്രഥമസഭയെ ഉലച്ചു. ചത്വരത്തെ അതിന്റേതായ പ്രത്യേകരീതിയിൽ ആ സംഭവങ്ങൾ ബാധിച്ചിരുന്നു. ലോറീന്റെ മരണം വലിയ കോളിളക്കമൊന്നും ഉണ്ടാക്കുന്ന സംഭവമായിരുന്നില്ല. പ്രഥമസഭയിലെ ആളുകളുമായി അവൾക്കടുത്തസമയത്തുണ്ടായ അടുപ്പം മാത്രമാണ് ആ മരണത്തിനിത്ര പ്രാധാന്യം നൽകിയത്. ചത്വരത്തിന് ആ ശവസംസ്ക്കാരത്തിന്റെ വിശദാംശങ്ങളെക്കുറിച്ചറിയാൻ താത്പര്യമുണ്ടായിരുന്നു. പ്രധാനവീഥിയിലെ കുലീനവർഗ്ഗത്തോടടുത്തു പെരുമാറുവാൻ ലഭിക്കുന്ന ഒരു സന്ദർഭമായി അവർ അതിനെ കണ്ടു. ലോറീന്റെ സ്നേഹിതർക്കും പരിചയക്കാർക്കുമൊക്കെ അന്തിമോപചാരം അർപ്പിക്കുവാനുള്ള സൗകര്യം ലഭിക്കുമോ എന്നറിയാൻ അവർ ഗ്രേയേയും ഭാര്യയേയും സമീപിച്ചു. അടുത്ത സമയത്ത് മാനസാന്തരത്തിലേക്കു വന്നവരൊക്കെ ലോറീന്റെ പരിചയക്കാരുടെ നിരയിലുണ്ടായിരുന്നതിനാൽ വിപുലമായ ഒരു സുഹൃദ്വലയം ലോറീനുണ്ടായിരുന്നു.

തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് ഒരു വൻ ജനാവലിയുടെ സാന്നിദ്ധ്യത്തിൽ ശവസംസ്ക്കാരശുശ്രൂഷ നടത്തപ്പെട്ടു. "വലിയ ആൾക്കൂട്ടത്തിനു ഞാൻ എതിരാണ്." ഗ്രേ പറഞ്ഞു. "എന്നാൽ ഈ സാധുക്കളുടെ അഭിലാഷം തള്ളിക്കളയാനെനിക്കു മനസ്സുവന്നില്ല. താങ്കൾ എന്തുപറയുന്നു മി. മാക്സ് വെൽ?" "ഈ കാര്യത്തിൽ താങ്കളും വെർജീനിയയും എടുക്കുന്ന ഏതു തീരുമാനവും ഞാൻ സ്വീകരിക്കും." മാക്സ്വെൽ പറഞ്ഞു. അങ്ങനെ ഒരുക്കങ്ങൾ നടത്തി. അങ്ങനെ വെർജീനിയയും അവളുടെ ചിറ്റപ്പനും റോളിനും മാക്സ്വെല്ലും റേച്ചലും പ്രസിഡന്റ് മാർഷും പ്രഥമസഭയിലെ ഗായകസംഘവും സന്നിഹിതരായിരുന്നു. മി.ഗ്രേയാണ്, സംസ്ക്കാരശുശ്രൂഷ നടത്തിയത്. അദ്ദേഹത്തിന്റെ ചത്വരത്തിലെ കൂടാരത്തിൽവച്ച്.

അതെക്കുറിച്ച് അതുവഴി വന്ന ഒരു പത്രപ്രവർത്തകൻ ഹൃദയസ്പർശിയായ ഒരു വാർത്ത എഴുതി പ്രസിദ്ധീകരിച്ചിരുന്നു; ഏതു കുലീനനായ മഹദ്വ്യക്തിയ്ക്കും ലഭിക്കുന്നതുപോലെയുള്ള ഒരു ശവസംസ്ക്കാരശുശ്രൂഷയായിരുന്നു അത്. ചത്വരത്തിന്റെ ഹൃദയത്തെയും അതു സ്പർശിച്ചു.

തിങ്കളും ചൊവ്വായും മദ്യഷാപ്പ് അടഞ്ഞുകിടന്നു. എന്നാൽ ശനിയാഴ്ചയായപ്പോഴേക്കും അത് അതിന്റെ പഴയപ്രതാപം വീണ്ടെടുത്തു. ലോറീന്റെ മരണത്തിനുത്തരവാദികളാരെന്ന കാര്യത്തിൽ നിയമത്തിനു താത്പര്യമൊന്നും ഉണ്ടായിരുന്നില്ല. (തുടരും) ■



### ക്രിസ്തീയലോകത്തെ വാർത്തകൾ, വീക്ഷണങ്ങൾ, വിശദീകരണങ്ങൾ

# ഗാസയ്ക്കെതിരെ യിസ്രായേൽ ഉപരോധം

ജറുസലേം: ഹമാസിന്റെ നിയന്ത്രണത്തിലുള്ള ഗാസപ്രദേശത്ത് വെള്ളം, വൈദ്യുതി, ഇന്ധനം എന്നിവയ്ക്ക് യിസ്രായേൽ വിലക്ക് ഏർപ്പെടുത്തി. ഗാസയെ ശത്രുമേഖലയായും യിസ്രയേൽ ഗവൺമെന്റു പ്രഖ്യാപിച്ചു.

ഗാസയിൽനിന്നു ഹമാസ് തീവ്രവാദികൾ തുടർച്ചയായി റോക്കറ്റ് ആക്രമണം നടത്തുന്ന പശ്ചാത്തലത്തിലാണ് യിസ്രായേൽ സുരക്ഷാക്യാബിനറ്റ് യോഗം ചേർന്ന് ഗാസയ്ക്കെതിരെ ഉപരോധം പ്രഖ്യാപിച്ചത്.

എങ്കിലും ഉടനെ സൈനിക നടപടികൾ ഒന്നും സ്വീകരിക്കുകയില്ലെന്ന് പ്രതിരോധ മന്ത്രി ഏഹുദ് ബറാക് അറിയിച്ചു.

അതേസമയം യിസ്രായേലിന്റെ ഉപരോധനടപടി ഗാസയ്ക്കെതിരെയുള്ള യുദ്ധപ്രഖ്യാപനം തന്നെയാണെന്ന് ഹമാസ് വൃത്തങ്ങൾ പറഞ്ഞു. പലസ്തീൻകാർക്കു വെള്ളവും വെളിച്ചവും പാചകവാതകവും നൽകാതെ പട്ടിണിക്കിട്ടു പീഡിപ്പിച്ച് യിസ്രായേലിന്റെ വ്യവസ്ഥകൾക്കു വഴങ്ങാൻ നിർബന്ധിതരാക്കുന്ന നീക്കമാണിതെന്നു ഹമാസ് ആരോപിച്ചു.

## ദലിത് ക്രൈസ്തവരോട് വിവേചനം പാടില്ല

ന്യൂഡൽഹി: മതവിവേചനം കൂടാതെ എല്ലാ ദലിതർക്കും പട്ടികജാതി സംവരണം ബാധകമാക്കണമെന്ന് ദലിത് ക്രിസ്ത്യൻസ് നാഷനൽ കൗൺസിൽ ആവശ്യപ്പെട്ടു. 1950 ലെ പ്രസിഡന്റിന്റെ ഉത്തരവിന്റെ, ക്രിസ്തീയദളിതർക്ക് എതിരെ ഉപയോഗിക്കുന്ന, മൂന്നാം ഖണ്ഡിക റദ്ദുചെയ്യണമെന്നും അവർ ആവശ്യപ്പെട്ടു. ഈ ആവശ്യം ഉന്നയിച്ച് പ്രക്ഷോഭനടപടികൾ സ്വീകരിക്കുമെന്നു കൗൺസിൽ അറിയിച്ചു. ദലിത് ക്രിസ്ത്യാനികളുടെ ന്യായമായ ആവശ്യത്തിനുനേരെ കോൺഗ്രസ് ഇരട്ടത്താപ്പുനയം സ്വീകരിക്കുകയാണെന്നും കൗൺസിൽ കുറ്റപ്പെടുത്തി. 1996 ലും 2004 ലും പൊതുതിരഞ്ഞെടുപ്പു സമയത്ത് ദലിത്ക്രിസ്ത്യാനികൾക്കു കോൺഗ്രസ് നൽകിയ വാഗ്ദാനം നിറവേറ്റാൻ നടപടി എടുക്കണമെന്നും ഒരു ഭീമഹർജിയിൽ കൗൺസിൽ ആവശ്യപ്പെട്ടു.

ദലിത് ക്രൈസ്തവരുടെ അവകാശങ്ങളെ പിന്തുണച്ചുകൊണ്ട് ഉത്തർപ്രദേശ് മുഖ്യമന്ത്രി മായാവതി, പ്രധാനമന്ത്രി മൻമോഹൻസിങിന് എഴുതിയ ഒരു കത്തിന്റെ കോപ്പിയും കൗൺസിൽ ഹർജിയോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്. ●

## Just a minute



*'All flesh is like grass and all its glory like the flowers of grass. The grass withers and the flower falls off '*

1 Peter 1:24.

**Pheba P.Cleetus, Kochi**

# ഒരു പുസ്തകം വരുത്തിയ രൂപാന്തരം

ഒരു പുസ്തകം ഒരു ദ്വീപിനെ രൂപാന്തരപ്പെടുത്തിയ സംഭവം കേട്ടിട്ടുണ്ടോ? പസഫിക് സമുദ്രത്തിൽ ന്യൂസിലൻഡിനും ദക്ഷിണാഫ്രിക്കയ്ക്കും ഇടയ്ക്ക് 'പീറ്റ്കെയിൻ' എന്നാണ് ആ ദ്വീപിന്റെ പേര്. 1980 ലെ സെൻസസ് പ്രകാരം അവിടെയുള്ള മുഴുവൻ പേരും ക്രിസ്ത്യാനികളാണ്. ഈ നിലയിൽ ആ ദ്വീപ് ആയിത്തീർന്നതിനു പിന്നിലുള്ള ഒരേ ഒരു പുസ്തകം ബൈബിളാണ്. ബൈബിൾ വരുത്തിയ ആ പരിവർത്തനത്തിന്റെ കഥ ഇങ്ങനെ:

ചരിത്രത്തിലെ കുപ്രസിദ്ധമായ ഒരു സംഭവമാണു 'ബൗൺടിയിലെ നാവികലഹള'. ആ ലഹളയെത്തുടർന്ന് പതിനഞ്ചു കലാപകാരികൾ കുറച്ചു സ്ത്രീപുരുഷന്മാരെ കൂടെ തങ്ങളുടെ കപ്പലായ 'ബൗൺടി'യിൽ കയറ്റി പസഫിക്സമുദ്രത്തിലേക്ക് ഓടിച്ചുപോയി. അവരുടെ കപ്പൽ എത്തിച്ചേർന്ന ദ്വീപാണു പീറ്റ്കെയിൻ. ബൗൺടി കപ്പൽ അവിടെ സൂക്ഷിച്ചാൽ തങ്ങൾ എന്നെങ്കിലും പിടിക്കപ്പെടുമെന്നു പേടിച്ച് ദ്വീപിലെത്തിയതോടെ അവർ കപ്പൽ തീവച്ചു നശിപ്പിച്ചു. തുടർന്ന് അവർ ആ ചെറിയ ദ്വീപിൽ താമസം ആരംഭിച്ചു.

ദ്വീപിൽ ദുർബലരെങ്കിലും പ്രാകൃതരായ ഒരു ചെറിയ ജനത ജീവിച്ചിരുന്നു. കപ്പലിൽ ചെന്നുചേർന്ന ദുഷ്ടരായ ആളുകൾ അവരെ ചൊൽപ്പടിയിൽ നിർത്തി ദ്വീപിൽ രാജാക്കന്മാരെപ്പോലെ വാഴുവാൻ തുടങ്ങി. മദ്യപാനം, വെറിക്കൂത്ത്, കൊലപാതകം തുടങ്ങിയ ദുഷ്കൃത്യങ്ങളിൽ മുഴുകി യാതൊരു മനഃസാക്ഷിയുമില്ലാതെയാണ് ആ കലാപകാരികൾ അവിടെ ജീവിച്ചത്.

ഏകദേശം പത്തുവർഷം കഴിഞ്ഞപ്പോൾ ആ കലാപകാരികളിൽ ഒരാൾ ഒഴികെ മറ്റെല്ലാവരും കൊല്ലപ്പെട്ടു. അവശേഷിച്ച മനുഷ്യന്റെ പേര് ജോൺ ആഡംസ് എന്നായിരുന്നു. മരിച്ച മറ്റ് ആളുകളെക്കാൾ ആഡംസ് ഒട്ടും ഭേദമായിരുന്നില്ല. എങ്കിലും ആ ദ്വീപിലുണ്ടായിരുന്ന ജനങ്ങളുടെ ചുമതല അയാൾക്ക് ഏറ്റെടുക്കേണ്ടതായി വന്നു.

ഒരു ദിവസം ആഡംസ്, ബൗൺടികപ്പലിൽ കൊണ്ടുവന്ന ഒരു പഴയപെട്ടിയിൽ എന്തോ തപ്പുകയായിരുന്നു. അപ്പോൾ പെട്ടിയിൽ നിന്ന് അയാൾക്ക് ഒരു പഴയ ബൈബിൾ കിട്ടി. അതിൽ ആഡംസിനു താത്പര്യം ഒന്നും ഉണ്ടായിരുന്നില്ല. എങ്കിലും ആ ദ്വീപിലുള്ള ഒരേ ഒരു പുസ്തകം അതായിരുന്നതുകൊണ്ട് സമയം പോകാൻ വേണ്ടി അയാൾ അതു സാവധാനം വായിക്കുവാൻ ആരംഭിച്ചു.

ദൈവവചനം ആഡംസിന്റെ ജീവിതത്തിൽ ക്രിയചെയ്യുവാൻ തുടങ്ങി. ഒടുവിൽ അയാൾ ഒരു യഥാർത്ഥക്രിസ്ത്യാനിയായിത്തീർന്നു. തുടർന്ന് അദ്ദേഹം ദ്വീപിലുള്ള കുട്ടികളേയും മുതിർന്നവരേയും യഥാർത്ഥക്രിസ്തീയ അനുഭവത്തിലേക്കു നയിച്ചു. ദ്വീപിൽ ഒരു ചെറിയ പള്ളി പണിതു. അതിനോടു ചേർന്ന് ഒരു ചെറിയ സ്കൂളും ആരംഭിച്ച് ദ്വീപുവാസികൾക്കു വിദ്യാഭ്യാസം നൽകുവാൻ തുടങ്ങി. ദ്വീപിലുള്ള ഏക പുസ്തകം ബൈബിൾ ആയിരുന്നതിനാൽ അതു വായിച്ചും പകർത്തി എഴുതിയുമായിരുന്നു വിദ്യാഭ്യാസം. ക്രമേണ യഥാർത്ഥക്രിസ്തീയമൂല്യങ്ങൾ മുറുകെ പിടിക്കുന്ന ഒരു ക്രിസ്തീയ സമൂഹം ദ്വീപിൽ ഉണ്ടായി. വളരെ സ്നേഹമസൃണവും പ്രസന്നവുമായ അവരുടെ രീതികൾ ഇന്നും പസഫിക് സമുദ്രത്തിൽ യാത്ര ചെയ്യുന്നവരെ ആകർഷിക്കുന്നു.

നൂറുശതമാനവും യഥാർത്ഥക്രിസ്ത്യാനികളുടേതായ ഒരു ദ്വീപ്! നോക്കുക: പുസ്തകങ്ങളുടെ പുസ്തകമായ ബൈബിൾ വരുത്തിയ രൂപാന്തരം!

*"എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാകയാൽ ദൈവത്തിന്റെ മനുഷ്യൻ സകലസൽപ്രവൃത്തിക്കും വകപ്രാപിച്ചു തികഞ്ഞവൻ ആകേണ്ടതിന് ഉപദേശത്തിനും ശാസനത്തിനും ഗുണീകരണത്തിനും നീതിയിലെ അഭ്യസനത്തിനും പ്രയോജനമുള്ളതാകുന്നു"* (2 തിമൊഥെയൊസ് 3:16,17)